RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 16-18
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളറ്റിൻ



Vol. 12 2021 September No. 9

# ബഹു. മാത്യു കാട്ടറത്ത് അച്ചന് ആദരാഞ്ജലികൾ



വിശ്വാസ തീഷ്ണമായ പൗരോഹിത്യ ജീവിതത്തിന്റെയും ആദർശനിഷ്ഠമായ അജപാലനത്തിന്റെയും ലാളിത്യവും എളിമയും നിറഞ്ഞ ജീവിതശൈലിയുടെയും ശ്രേഷ്ഠമായ മാതൃക നൽകിക്കൊണ്ട് മാത്യു കാട്ടറത്തച്ചൻ 2021 ആഗസ്റ്റ് 9-ാം തിയ്യതി കർത്താവിൽ നിദ്രപ്രാപിച്ചു.

മാത്യു കാട്ടറത്തച്ചൻ  കോതമംഗലം രൂപതയിലെ തെന്നത്തൂരിൽ പരേതരായ വർക്കി - കത്രീന ദമ്പതികളുടെ മകനായി 1943 ജനുവരി 20 ന് ജനിച്ചു. ജോസഫ്, ബ്രിജീറ്റ്, ഫ്രാൻസീസ്, മേരി, ബെർണാർഡ്, ക്ലമന്റ് എന്നിവർ മാത്യു അച്ചന്റെ സഹോദരങ്ങളാണ്. മാനന്തവാടി രൂപതയിലെ കൊമ്മയാട് ഇടവകയി

ലാണ് അച്ചന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ താമസിക്കുന്നത്. ആറാട്ടുതറ ഗവ.സ്ക്കൂളിലും മാനന്തവാടി ഗവ. ഹൈസ്ക്കൂളിലുമായി അച്ചൻ തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് തന്നിലെ ദൈവവിളി തിരിച്ചറിഞ്ഞ് വൈദിക പരിശീലനത്തിനായി 1962 -ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. കാർമ്മൽഗിരി സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര പഠനവും ആലുവ മംഗലപ്പുഴ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി 1969 ഡിസംബർ 22 -ന് തലശ്ശേരി അതിരൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

നെല്ലിക്കാംപൊയിൽ, തേർമല എന്നീ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി തന്റെ പൗരോഹിത്യ ജീവിതമാരംഭിച്ച മാത്യു കാട്ടറത്തച്ചൻ 1973 -ൽ മാനന്തവാടി രൂപത സ്ഥാപിതമായപ്പോൾ മാനന്തവാടി രൂപതയെ തന്റെ കർമ്മമണ്ഠലമായി തിരഞ്ഞെടുത്തു. പടിയൂർ, വെള്ളമുണ്ട, ബോയ്സ് ടൗൺ, പാറത്തോട്ടം, മംഗളം, ഒണ്ടയങ്ങാടി, പുതുശ്ശേരിക്കടവ്, കൽപ്പറ്റ, ചെറുകാട്ടൂർ, മരകാവ്, അടയ്ക്കാത്തോട്, അമ്പലവയൽ, ചുള്ളിയോട്, പുതുശ്ശേരി, അരിഞ്ചേർമല, കമ്മന, വഞ്ഞോട്, കണിയാമ്പറ്റ, മക്കിയാട് എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ച് മാത്യു അച്ചൻ തന്റെ ശുശ്രൂഷാജീവിതം പൂർത്തിയാക്കി. 2006-2008 കാലഘട്ടത്തിൽ രാജ്ക്കോട്ടുള്ള പ്രജ്യോതി ആശ്രമത്തിന്റെ ചാപ്ലയിൻ ആയും 1985-1995 കാലയളവിൽ കേരള മദ്യവർജ്ജന സമിതിയുടെ ഡയറക്ടറായും മാത്യു അച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2018 മുതൽ ദ്വാരക വിയാനിഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. അവസാനനാളുകളിൽ ആരോഗ്യനില മോശമായതിനെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിലായിരിക്കെയാണ് മാത്യു അച്ചൻ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടത്.

അഞ്ചുപതിറ്റാണ്ടിലേറെ നീണ്ട മാത്യു അച്ചന്റെ അജപാലന ജീവിതം ആദർശനിഷ്ഠവും, സ്നേഹവും, ലാളിത്യവും, കഠിനാധ്വാനവും, കരുതലും നിറഞ്ഞതായിരുന്നു. ലളിതമായി ജിവിക്കുന്നതെങ്ങനെയെന്ന് തുച്ഛമായ സമ്പാദ്യം കൊണ്ടും പ്രകൃതിയോ

ടിണങ്ങി ജിവിക്കുന്നതെങ്ങനെയെന്ന് ആഹാരരീതികൊണ്ടും അച്ചൻ സ്വന്തം ജീവിതം കൊണ്ട് കാണിച്ചു തന്നു. ഗാന്ധിയൻ ആദർശങ്ങളോട് പ്രതിപത്തിയുണ്ടായിരുന്ന മാത്യു അച്ചൻ തികഞ്ഞ ലളിതജീവിതത്തിന്റെ ഉടമയും സാമൂഹികപ്രശ്ന ങ്ങളിൽ ഇടപെടാൻ താത്പര്യം കാണിച്ചിരുന്ന വ്യക്തിയുമായി രുന്നു. ജീവിതകാലം മുഴുവൻ ഒരു ഇരുചക്രവാഹനം മാത്രമാണ് അച്ചൻ സഞ്ചാരത്തിനായി ഉപയോഗിച്ചിരുന്നത്. പൊതുമണ്ഡ ലത്തിൽ പ്രവർത്തിക്കുന്ന ഗാന്ധിയൻ ആക്ടിവിസ്റ്റുകളോടൊപ്പം സമാധാനപൂർണ്ണമായ സമരങ്ങൾക്കും മദ്യനിരോധനത്തിനും വേണ്ടി അച്ചൻ അധ്വാനിച്ചിരുന്നു.

ബഹു. മാത്യു അച്ചന്റെ ഭൗതിക ശരീരം 2021 ആഗസ്റ്റ് 9 –ന് 11 മണി മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിലെ ചാപ്പലിൽ പൊതുദർശ നത്തിനായി വെച്ചിരുന്നു. അച്ചന്റെ കുടുംബാഗങ്ങളും മാനന്തവാടി രൂപതയിലെ വൈദികരും, സന്യസ്തരും അച്ചൻ സേവനം ചെയ്ത ഇടവകകളിലെ വിശ്വാസികളും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് കാർമ്മികത്വം വഹിച്ചു. തുടർന്ന് തലശ്ശേരി അതിരൂപതാ മെത്രാപ്പോലിത്താ അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ട് പിതാവ് ശുശ്രൂഷയുടെ രണ്ടാം ഭാഗം നിർവ്വഹിച്ചു. തലശ്ശേരി അതിരൂപതാ മുൻ മെത്രാപ്പോലിത്താ അഭിവന്ദ്യ ജോർജ്ജ് വലിയമറ്റം പിതാവും മാത്യു അച്ചനുവേണ്ടി പ്രാർത്ഥിക്കുന്നതിനും അന്തിമോപചാരം അർപ്പിക്കുന്നതിനുമായി എത്തിയിരുന്നു.

ഉച്ചകഴിഞ്ഞ് 4 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാ വിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗം പാസ്റ്ററൽ സെന്ററിലെ ചാപ്പലിൽ ആരംഭിച്ചു. മോൺ. പോൾ മുണ്ടോളിക്കൽ, വിയാനിഭവൻ ഡയറക്ടർ ഫാ. ജെയ്മോൻ കള മ്പുക്കാട്ട് എന്നിവർ അഭിവന്ദ്യ പിതാവിനോടൊപ്പം സഹകാർമ്മി കരായി. വി. കുർബാനയ്ക്ക് ശേഷം മൃതസംസ്കാരശുശ്രൂഷയുടെ അവസാനഭാഗം അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ പരി മിതമായ ആളുകൾക്കെ ബഹു. മാത്യു അച്ചന്റെ മൃതസംസ്കാര

ശുശ്രൂഷയിൽ നേരിട്ട് പങ്കെടുക്കാൻ സാധിച്ചുള്ളൂവെങ്കിലും നിരവധിയാളുകൾ വിവിധ സാമൂഹിക മാധ്യമങ്ങളിലൂടെ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ തത്സമയം പങ്കുചേർന്നു.

അജപാലനജീവിതത്തിൽ പകരം വയ്ക്കാനില്ലാത്ത മാതൃകകൾ നൽകിക്കൊണ്ട് ക്രിസ്തു വഴികളിലെ തീക്ഷ്ണമതിയായ ശിഷ്യനും തികഞ്ഞ ഗാന്ധിയനുമായ ഈ വന്ദ്യപുരോഹിതൻ ദൈവസന്നിധിയിലേയ്ക്ക് യാത്രയാകുമ്പോൾ അച്ചന്റെ പാവനസ്മരണയ്ക്ക് മുൻപിൽ നിറമിഴികളോടെ മാനന്തവാടി രൂപതാ കുടുംബം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop’s House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph’s Offset Press, Mananthavady 670645**

**വാല്യം 12** **സെപ്റ്റംബർ- 2021** **ലക്കം 09**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

## ഉള്ളടക്കം


ജോസഫ് എന്ന നാമം മൂലാർത്ഥവും വ്യാഖ്യാനവും 09
ദൈവപുത്രത്വവും പരിശുദ്ധിയും 18
രൂപതാകച്ചേരി വാർത്തകൾ ............................. 27
വൈദികരുടെ മാസധ്യാനം.................................. 29
മതബോധനരംഗം ................................................ 30
ചെറുപുഷ്പ മിഷൻലീഗ്........................................ 33
*Department of Youth Ministry* ................................ 45
കെ.സി.വൈ.എം.................................................... 51
കുടുംബപ്രേഷിതത്വം............................................... 60
സീയോൻ വാർത്തകൾ ........................................ 67
വിൻസെന്റ് ഡി പോൾ സൊസൈറ്റി.................... 68
സാമൂഹ്യ സേവനരംഗം *(WSSS)*........................... 70
ബയോവിൻ അഗ്രോ റിസർച്ച്................................ 76
റേഡിയോ മാറ്റൊലി ............................................. 78
കത്തോലിക്കാ കോൺഗ്രസ്സ്................................... 80
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി 84
ഫെഡാർ ഫൗണ്ടേഷൻ 88
*Mary Matha Arts & Science College*......................... 91
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................... 94

# ജോസഫ് എന്ന നാമം
# മൂലാർത്ഥവും വ്യാഖ്യാനവും

**ഡോ. സാജൻ പോൾ**
**പേരേപറമ്പിൽ ഒസിഡി**
**ജ്യോതിർഭവൻ, കളമശേരി**

ജോസഫ് (യോസേഫ്) എന്ന പേരിന്റെ മൂലാർത്ഥം പരിശോധിക്കുമ്പോൾ രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത് - ദൈവം ദുർഭാഗ്യത്തെ ''നീക്കം ചെയ്യുന്നു'' (ആസഫ്); ''വർദ്ധിപ്പിക്കുന്നു''(യാസഫ്). പഴയനിയമത്തിലെ യാക്കോബിന്റെ പുത്രനായ ജോസഫിലും പുതിയനിയമത്തിലെ യേശുവിന്റെ വളർത്തുപിതാവായ ജോസഫിലും ഈ രണ്ടു വസ്തുതകൾ ദർശിക്കാവുന്നതാണ്. ദുർഭാഗ്യങ്ങളും സൗഭാഗ്യങ്ങളും നിറഞ്ഞ ഒരു ജീവിതമായിരുന്നു ഇരുവരുടെയും. ഇവരുടെ ജീവിതത്തിൽ ഈ രണ്ടുധ്രുവങ്ങളും നമുക്ക് വീക്ഷിക്കാനാവും. ഒരു വശത്ത് ദൈവം അവരുടെ ദുർഭാഗ്യത്തെ നീക്കം ചെയ്യുന്നു. മറുവശത്ത് ദൈവം അവരുടെ സൗഭാഗ്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ജീവിതത്തിലുണ്ടാകുന്ന ദുർവിധികളിലും ദൗർഭാഗ്യങ്ങളിലും നഷ്ടധൈര്യരാകാതെ, അവയെ സൃഷ്ടിക്കുന്ന ശത്രുക്കൾക്കെതിരായും സാഹചര്യങ്ങൾക്കെതിരായും യുദ്ധം ചെയ്യാതെ, ദൈവത്തിൽ അചഞ്ചലമായി പ്രത്യാശ അർപ്പിക്കുവാനുള്ള ഒരു ആഹ്വാനമാണ് ജോസഫ് എന്ന പേരിന്റെ പൊരുൾ നമ്മെ പഠിപ്പിക്കുന്നത്.

ബൈബിളിൽ ജോസഫ് എന്ന പേരുള്ള 16 വ്യക്തികളെ കണ്ടെത്താവുന്നതാണ്. ഇവരിൽ എട്ടുപേർ പഴയനിയമത്തിലും എട്ടുപേർ പുതിയനിയമത്തിലും പരാമർശിക്കപ്പെടുന്നു. ഇവരിൽ 2 വ്യക്തികളാണ് പ്രമുഖരായിട്ടുള്ളവർ. പഴയനിയത്തിലെ യാക്കോവിന്റെ പുത്രനായ ജോസഫും പുതിയനിയമത്തിലെ യേശുവിന്റെ വളർത്തുപിതാവായ ജോസഫും. യാക്കോബിന്റെ പുത്രനായ ജോസഫിന്റെ പേര് ഏകദേശം 214 തവണ ബൈബിളിൽ കാണപ്പെടുന്നുണ്ട്. യേശുവിന്റെ വളർത്തുപിതാവായ ജോസഫിന്റെ പേര് പുതിയ നിയമത്തിൽ 15 തവണയാണ് പ്രത്യക്ഷപ്പെടുന്നത്.

ജോസഫ് എന്ന പേര് ആദ്യമായി ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത് ഉത്പത്തി 30: 24ൽ ആണ്. യാക്കോബിന്റെ പതിനൊന്നാമത്തെ പുത്രനായ ജോസഫാണ് ഇവിടെ പരാമർശിക്കപ്പെടുന്ന വ്യക്തി.

ജോസഫ് എന്ന പേരിന്റെ മൂലാർത്ഥം ഉത്പത്തി 30:23-24ൽ തന്നെ കണ്ടെത്താവുന്നതാണ്. ഹെബ്രായ ഭാഷയിൽ ജോസഫിനെ യോസേഫ് എന്നാണ് വിളിക്കുന്നത്. മൂലഭാഷയിൽ ഉത്പത്തി 30:23-24 വായിക്കുമ്പോൾ ഇരട്ടമൂലാർത്ഥങ്ങൾ (double etymology) യോസേഫ് എന്ന പേരുമായി ബന്ധപ്പെടുത്തുന്നതായി കാണാം. ഉത്പത്തി 30:23-24നെ ഹെബ്രായ ഭാഷയിലും മലയാള ലിപ്യന്തരണത്തിലും (transliteration) മലയാള തർജ്ജമയിലും (translation) താഴെ കാണും വിധം അവതരിപ്പിക്കാവുന്നതാണ്.

**മലയാള ലിപ്യന്തരണം (Transliteration)**

30:23 വത്തഹർ വത്തേലെദ് ബേൽ വത്തോമെർ ആസഫ് എലോഹീം എത് ഹെർപാതി.

30:24 വത്തിഖ്റാ എത് ഷെമോ യോസേഫ് ലേമോർ യോസേഫ് അദോണായ് ലീ ബേൻ അഹേർ.

**മലയാള തർജ്ജമ (Translation)**

30:23 ''അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചു. അവൾ പറഞ്ഞു: ദൈവം എന്റെ അപമാനം നീക്കിക്കളഞ്ഞിരിക്കുന്നു''.

30:24 ''അവൾ അവന്റെ പേര് ജോസഫ് എന്നു വിളിച്ചു. അവൾ പറഞ്ഞു: കർത്താവ് എനിക്കുവേണ്ടി മറ്റൊരു പുത്രനെ കൂടി വർദ്ധിപ്പിക്കട്ടെ''.

മുകളിൽ ഉദ്ധരിച്ച വചനഭാഗങ്ങളിൽ 23-ാം വാക്യത്തിൽ കാണുന്ന 'ആസഫ്' 24-ാം വാക്യത്തിൽ കാണുന്ന 'യോസേഫ്' എന്നീ ഹീബ്രുപദങ്ങളാണ് ജോസഫ് എന്ന പേരിന് ഇരട്ട അർത്ഥങ്ങൾ പ്രദാനം ചെയ്യുന്നത്. ഈ ഇരട്ട അർത്ഥങ്ങളെ 'യോസേഫ്' എന്ന പേരിനുള്ള രണ്ട് വിശദീകരണങ്ങളായിട്ട് കാണാവുന്നതാണ്. ഈ രണ്ട് വിശദീകരണങ്ങൾക്ക് പിൻബലം നൽകുന്ന ഒരു പ്രശസ്ത സാങ്കല്പിക സിദ്ധാന്തം (hypothesis) പഞ്ചഗ്രന്ഥി പഠനത്തിൽ (Pentateauchal Studies) രൂപപ്പെട്ടിട്ടുണ്ട്. ഇത് 'രേഖാ സിദ്ധാന്തം' (Documentary Hypothesis) എന്നാണ് പൊതുവേ അറിയപ്പെടുന്നത്. ഈ സിദ്ധാന്തമനുസരിച്ച് പഞ്ചഗ്രന്ഥിയുടെ രൂപവത്ക്കരണത്തിൽ നാലു രേഖകൾ പങ്കുവഹിച്ചിട്ടുണ്ട്. അവ യാഹ്വിസ്റ്റ് (Yahwist J), എലോഹിസ്റ്റ് (Elohist E), ഡ്യുട്ടെറൊണോമിസ്റ്റ് (Deuteronomist D), പ്രീസ്റ്റ്ലി (Priestely P) എന്നീ പേരുകളിൽ അറിയപ്പെടുന്നു.

പഞ്ചഗ്രന്ഥിയിൽ കണ്ടുവരുന്ന രണ്ട് സുപ്രധാന ദൈവനാമങ്ങളാണ് യാഹ്‌വേ, എലോഹീം എന്നിവ. പൊതുവേ യാഹ്‌വേ എന്ന പേര് കാണുന്ന വചനഭാഗം യാഹ്‌വിസ്റ്റ് രേഖയായും, എലോഹീം എന്ന പേര് കണ്ടുവരുന്ന ചില വചനഭാഗങ്ങൾ എലോഹിസ്റ്റ് രേഖയായും കണക്കാക്കപ്പെടുന്നു. രേഖാസിദ്ധാന്തം അനുസരിച്ച് ഉത്പത്തി 30:23 ൽ എലോഹീം എന്ന ദൈവനാമം ഉപയോഗിച്ചതിനാൽ ഈ വചനഭാഗത്തെ എലോഹിസ്റ്റ് രേഖയിലും, ഉത്പത്തി 30:24 ൽ യാഹ്‌വേ എന്ന ദൈവനാമം ഉപയോഗിച്ചതിനാൽ പ്രസ്തുത വചനഭാഗത്തെ യാഹ്‌വിസ്റ്റ് രേഖയിലും ഉൾപ്പെടുത്തുന്നു. എന്നാൽ ഹെബ്രായ ഭാഷയിൽ ഈ വചനഭാഗങ്ങളെ സൂക്ഷ്മമായി വീക്ഷിച്ചാൽ ''വാക്കുകൾ കൊണ്ടൊരു കളി'' (pun) ഇവിടെ ദർശിക്കാവുന്നതാണ്. യോസേഫ് എന്ന പേരിനെ വിശദീകരിക്കാൻ ഗ്രന്ഥകർത്താവ് ആസഫ്, യോസേഫ് എന്നീ രണ്ടു ക്രിയാപദങ്ങൾ ഉപയോഗിച്ചതായി മനസ്സിലാക്കാൻ കഴിയും. യുക്തിപരമായി ചിന്തിച്ചാൽ ഈ വാക്കുകൾ കൊണ്ടുള്ള കളി നടത്തിയത് ഒരേ രചയിതാവ് തന്നെയാണെന്നും അനുമാനിക്കാവുന്നതാണ്. അങ്ങനെ നോക്കുമ്പോൾ രേഖാസിദ്ധാന്തത്തിന്റെ ന്യൂനതയാണ് ഇവിടെ വെളിപ്പെടുന്നത്. മാത്രവുമല്ല, മൊത്തത്തിൽ രേഖാസിദ്ധാന്തത്തിന് മുൻകാലങ്ങളിൽ ലഭിച്ചിരുന്ന പ്രചാരം ഇന്ന് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

യോസേഫ് എന്ന പേരിന്റെ അർത്ഥം മനസ്സിലാക്കാൻ വേണ്ടി നമുക്ക് ഗ്രന്ഥകാരൻ ആസഫ്, യോസേഫ് എന്നീ വാക്കുകൾ കൊണ്ടുള്ള കളി എങ്ങനെയാണ് നടത്തിയിരിക്കുന്നത് എന്ന് നോക്കാം. വാസ്തവത്തിൽ ആസഫ്, യോസേഫ് എന്നീ വാക്കുകൾ ക്രിയാപദങ്ങളാണ്. യോസേഫ് എന്ന വാക്കിന്റെ പിന്നിലുള്ള മൂലക്രിയയാണ് (root verb) യാസഫ്. യോസേഫ് (ജോസഫ്) എന്ന പേരിന്റെ അർത്ഥം വിശദീകരിക്കാൻ ഗ്രന്ഥകർത്താവ് ഏറെക്കുറെ ഒരുപോലെ ശബ്ദിക്കുന്ന ആസഫ്, യാസഫ് എന്നീ രണ്ട് ക്രിയാപദങ്ങൾ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്തതാണെന്ന് നമുക്ക് ചിന്തിക്കാവുന്നതാണ്. ആസഫ് എന്ന ക്രിയാപദത്തിന് '' ഒരുമിച്ചുകൂട്ടുക'' (gather), ''നീക്കം ചെയ്യുക'' (remove) എന്നീ അർത്ഥങ്ങളാണുള്ളത്. '' ആസഫ് എലോഹിം ഏത് ഹെർപാതീ'' എന്നതിനെ '' ദൈവം എന്റെ അപമാനത്തെ നീക്കം ചെയ്തിരിക്കുന്നു'' എന്ന് പരിഭാഷപ്പെടുത്താം. ഉത്പത്തി 30:24 ൽ യോസേഫ് എന്നു ശബ്ദിക്കുന്ന രണ്ടു വാക്കുകൾ ഗ്രന്ഥകർത്താവ് ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ ആദ്യം കാണുന്ന യോസേഫ് നാമവും രണ്ടാമത്

കാണുന്ന യോസേഫ് നേരത്തെ സൂചിപ്പിച്ചതുപോലെ യാസഫ് എന്ന ക്രിയാപദത്തിന്റെ വകഭേദവുമാണ്. യാസഫ് എന്ന ക്രിയാ പദത്തിന് ''കൂട്ടുക'' (add) '' വർദ്ധിപ്പിക്കുക'' (increase) എന്നീ അർത്ഥങ്ങളാണ് ഉള്ളത്. യോസേഫ് എന്നത് യാസഫ് എന്ന ക്രിയ യുടെ Hiphil Pattern ന്റെ കീഴിൽ ജൂസ്സീവ് (Jussive) രൂപത്തിൽ കണ്ടുവരുന്ന പദമാണ്. ആയതിനാൽ ''യോസേഫ് അദോണായ് ലീ ബേൻ അഹേർ'' എന്നതിനെ ''കർത്താവ് എനിക്കുവേണ്ടി മറ്റൊരു പുത്രനെക്കൂടി വർദ്ധിപ്പിക്കട്ടെ'' എന്ന് പരിഭാഷപ്പെടു ത്താവുന്നതാണ്. ഇവിടെ രണ്ടു പ്രവൃത്തികളുടെയും (ആസഫ്, യാസഫ്), കർത്താവ് (Subject) ദൈവമാണ്. ദൈവമാണ് റാഹേലി ന്റെ അപമാനം ''നീക്കം ചെയ്യുന്നതും'' (ആസഫ്) അവൾക്ക് മറ്റൊരു പുത്രനെക്കൂടി നൽകി അവളുടെ സന്തതികളെ ''വർദ്ധിപ്പിക്കു ന്നതും'' (യാസഫ്). വാസ്തവത്തിൽ യോസേഫ് എന്ന വാക്കിന്റെ അർത്ഥം ''അവൻ വർദ്ധിപ്പിക്കട്ടെ'' അല്ലെങ്കിൽ ''അവൻ കൂട്ടി ച്ചേർക്കട്ടെ'' എന്നാണ്. ഇവിടെ 'അവൻ' എന്നതുകൊണ്ട് ഉദ്ദേശി ക്കുന്നത് ദൈവമാണ്. ഒരുപക്ഷെ, യോസേഫ് എന്ന പേര് 'യഹോ സേഫ്' അല്ലെങ്കിൽ 'യോസേഫേൽ' എന്ന പേരുകളുടെ സംക്ഷി പ്ത രൂപമായിരിക്കാം.

യോസേഫ് എന്ന പേരിന്റെ അർത്ഥം വ്യാഖ്യാനിക്കുമ്പോൾ, ദൈവത്തിന്റെ രണ്ടു പ്രവൃത്തികളിലേക്കാണ് നമ്മുടെ ശ്രദ്ധ തിരി യേണ്ടത്. ഒരുവശത്ത് ദൈവം ദൗർഭാഗ്യങ്ങളെ നീക്കം ചെയ്യുന്നു (ആസഫ്), മറുവശത്ത് ദൈവം സൗഭാഗ്യങ്ങളെ വർധിപ്പിക്കുന്നു (യാസഫ്). ദൈവത്തിന്റെ ഈ രണ്ടു പ്രവൃത്തികളാണ് റാഹേലിന്റെ വാക്കുകളിലൂടെ ഗ്രന്ഥകർത്താവ് യോസേഫ് എന്ന നാമവുമായി ബന്ധപ്പെടുത്തുന്നത്. ''ദൈവം എന്റെ അപമാനത്തെ നീക്കം ചെ യ്തിരിക്കുന്നു'' (ഉൽപത്തി 30:23), ''കർത്താവ് എനിക്കുവേണ്ടി മറ്റൊരു പുത്രനെക്കൂടി വർധിപ്പിക്കട്ടെ'' (ഉൽപത്തി 30:24). റാഹേൽ ഈ വാക്കുകൾ പറയുവാൻ ഇടയാക്കിയ സന്ദർഭം എന്തായിരുന്നു വെന്ന് നമുക്ക് പരിശോധിക്കാം.

യാക്കോബിന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. ലെയയും റാഹേലും. ലെയയ്ക്ക് ആറു പുത്രന്മാരും ഒരു പുത്രിയും ജനി ച്ചപ്പോൾ റാഹേലിന് മക്കളെ ലഭിച്ചില്ല. അവൾ വന്ധ്യയായി രുന്നു. അവൾ തന്റെ ദുർഭാഗ്യത്തിൽ തീവ്രമായി ദുഃഖിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ദൈവം അവളുടെ പ്രാർത്ഥ നകൾ കേൾക്കുകയും വന്ധ്യാത്വം അവസാനിപ്പിക്കുകയും ചെയ്തു

(ഉൽപത്തി 30:22). അവൾ ഗർഭം ധരിച്ച് ജോസഫിനെ പ്രസവിച്ചു. ഈ അവസരത്തിലാണ് റാഹേൽ പറഞ്ഞത്: ''ദൈവം എന്റെ അപമാനത്തെ നീക്കം ചെയ്തിരിക്കുന്നു; കർത്താവ് എനിക്കുവേണ്ടി മറ്റൊരു പുത്രനെക്കൂടി വർദ്ധിപ്പിക്കട്ടെ.'' അങ്ങനെ ദൈവം റാഹേലിന്റെ അപമാനത്തെ ''നീക്കം ചെയ്യുകയും'' (ആസഫ്), പിന്നീട് അവൾക്ക് മറ്റൊരു പുത്രനെക്കൂടി (ബഞ്ചമിൻ) ''വർദ്ധിപ്പിക്കുകയും'' ചെയ്തു (യാസഫ്). ജോസഫ് എന്ന പേരിന്റെ മൂലാർത്ഥം പരിശോധിക്കുമ്പോൾ രണ്ടു കാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത് – ദൈവം ദുർഭാഗ്യത്തെ ''നീക്കം ചെയ്യുന്നു;'' സൗഭാഗ്യത്തെ ''വർദ്ധിപ്പിക്കുന്നു.'' യാക്കോബിന്റെ പുത്രനായ ജോസഫിലും യേശുവിന്റെ വളർത്തുപിതാവായ ജോസഫിലും ഈ രണ്ടു വസ്തുതകൾ ദർശിക്കാവുന്നതാണ്. ദുർഭാഗ്യങ്ങളും സൗഭാഗ്യങ്ങളും നിറഞ്ഞ ഒരു ജീവിതമായിരുന്നു ഇരുവരുടേയും. ഇവരുടെ ജീവിതത്തിൽ ഈ രണ്ടു ധ്രുവങ്ങളും (polarities) നമുക്ക് വീക്ഷിക്കാനാവും. ഒരു വശത്ത് ദൈവം അവരുടെ ദുർഭാഗ്യത്തെ നീക്കം ചെയ്യുന്നു (ആസഫ്), മറുവശത്ത് ദൈവം അവരുടെ സൗഭാഗ്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു (യാസഫ്).

യാക്കോബ് തന്റെ 12 മക്കളിൽ ഏറ്റവുമധികം സ്നേഹിച്ചിരുന്നത് ജോസഫിനെയാണ്. കാരണം, അവൻ തന്റെ വാർദ്ധക്യത്തിലെ മകനായിരുന്നു. യാക്കോബ് പ്രത്യേകമായി ഒരു കുപ്പായമുണ്ടാക്കി ജോസഫിനു നല്കി. ജോസഫാകട്ടെ ദർശനക്കാരനും ദീർഘദർശിയുമായിരുന്നു. പിതാവിന്റെ പ്രത്യേക വാത്സല്യവും ജോസഫിന്റെ ദർശനങ്ങളും അവന്റെ സഹോദരങ്ങളിൽ അവനോട് അസൂയയും വെറുപ്പും ഉളവാക്കാൻ ഇടയാക്കി (ഉത്പത്തി 37:3–11). ജോസഫിന്റെ ജീവിതത്തിലെ ദുർഭാഗ്യങ്ങളുടെ ആരംഭവും അവിടെ നിന്നായിരുന്നു. പക്ഷെ, മറുവശത്ത് ദൈവം ഈ ജോസഫിന്റെ ദുർഭാഗ്യങ്ങളെ ''നീക്കം ചെയ്യുകയും'' (ആസഫ്) അവന്റെ സൗഭാഗ്യങ്ങൾ ''വർദ്ധിപ്പിക്കുകയും'' (യാസഫ്) ചെയ്തു. വസ്തുതകൾ താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

**1. ദൗർഭാഗ്യങ്ങൾ**

| ദൗർഭാഗ്യങ്ങൾ | ദൗർഭാഗ്യം നീക്കം ചെയ്യൽ (ആസഫ്) | സൗഭാഗ്യം വർദ്ധിപ്പിക്കൽ (യാസഫ്) |
|---|---|---|
| സഹോദരന്മാരുടെ വധശ്രമം (37:18-20) | റൂബൻ വധശ്രമം വിഫലമാക്കുന്നു (37:21) | ദൈവം ജോസഫിന്റെ ജീവൻ സംരക്ഷിക്കുന്നു |
| ജോസഫ് പൊട്ടക്കിണ റ്റിൽ (37:24) | യൂദാ പൊട്ടക്കിണറ്റിൽ നിന്ന് ജോസഫിനെ രക്ഷപ്പെടുത്തുന്നു (37:26-28) | കച്ചവടക്കാർ വഴി ജോസഫ് ഈജിപ്തിൽ പൊത്തിഫറിന്റെ വീട്ടിൽ എത്തുന്നു. മേൽ നോട്ട ക്കാരനാകുന്നു. (39:1-6) |
| പൊത്തിഫറിന്റെ ഭാര്യ മൂലം ജോസഫിന് തട വറയിൽ കഴിയേണ്ടിവ രുന്നു (39:7-20) | പാനപാത്രവാഹകൻ വഴി ഫറവോ ജോസഫിനെ അറി യുന്നു. ഫറവോ യുടെ സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നു. (40:1-41-36) | ജോസഫ് ഈജിപ്തിന്റെ അധിപനാകുന്നു. (41:37-52) |
| ഈജിപ്തിലും ചുറ്റു പാടുള്ള നാടുകളിലും ക്ഷാമം (41:53-54) | ഈജിപ്തുകാരുടെ ക്ഷാമം ജോസഫ് നീക്കം ചെയ്യുന്നു. (41:55-57) | ജോസഫ് പിതൃഭവനത്തി ന്റെയും ഇസ്രായേൽ ജന തയുടേയും രക്ഷകനാ കുന്നു. (42:1-47:28) |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണുന്നതു പോലെ ജോസഫിന് തന്റെ ജീവിതത്തിൽ ഒട്ടനവധി ദുർവിധികളും ദുർഭാഗ്യങ്ങളും നേരിടേണ്ടിവന്നു. എന്നാൽ ദൈവം എന്നും ജോസഫിന്റെ കൂടെ ഉണ്ടായിരുന്നു. അവിടുന്ന് അവന്റെ എല്ലാ ദുർഭാഗ്യങ്ങളെയും ''നീക്കം ചെയ്യുന്നതായും'' (ആസഫ്) അവന്റെ സൗഭാഗ്യങ്ങൾ ''വർദ്ധിപ്പിച്ച്'' (യാസഫ്) അവനെ ഈജിപ്തിന്റെയും ഇസ്രായേൽ ജനങ്ങളുടേയും രക്ഷകനാക്കി മാറ്റുകയും ചെയ്യുന്ന കഥയാണ് നാം ഉത്പത്തി പുസ്തകത്തിൽ കാണുന്നത്.

പ്രധാനമായും നാലു തരത്തിലുള്ള ദുർഭാഗ്യങ്ങളാണ് ജോസഫ് നേരിടേണ്ടിവരുന്നത്. തന്റെ സഹോദരരുടെ അസൂയയും വെറുപ്പുമാണ് ജോസഫിന്റെ ജീവിതത്തിൽ ദുർഭാഗ്യ

ത്തിന് ആരംഭം കുറിക്കുവാനിടയാക്കുന്നത്. സഹോദരർ അവനെ വധിക്കാൻ ശ്രമിക്കുന്നു. എന്നാൽ റൂബൻ വഴി ദൈവം അവരുടെ വധശ്രമത്തെ ''നീക്കം ചെയ്യുന്നു'' (ആസഫ്). അവന്റെ ജീവന് സംരക്ഷണം നൽകി ദൈവം അവനെ അനുഗ്രഹിക്കുന്നു (യാസഫ്). രണ്ടാമത്തെ ദുർഭാഗ്യം തന്റെ സഹോദരരിലൂടെ വീണ്ടും ജോസഫിന് നേരിടേണ്ടിവരുന്നു. അവർ അവനെ പൊട്ടക്കിണറ്റിലേയ്ക്ക് എറിയുന്നു. എന്നാൽ യൂദായുടെ ഇടപെടൽ വഴി ദൈവം അവനെ പൊട്ടകിണറ്റിൽ നിന്ന് രക്ഷിച്ച് കച്ചവടക്കാരുടെ കൈയ്യിൽ ഏൽപ്പിക്കാൻ ഇടയാക്കുകയും ചെയ്യുന്നു. കച്ചവടക്കാർ ജോസഫിനെ ഈജിപ്തിലെ പൊത്തിഫറിന്റെ ഭവനത്തിലെത്തിക്കുകയും അവൻ ആ ഭവനത്തിന്റെ മേൽനോട്ടക്കാരനാവുകയും ചെയ്യുന്നു. ദുർഭാഗ്യം ജോസഫിനെ പിൻതുടരുന്നു. പൊത്തിഫറിന്റെ ഭാര്യയുടെ ദുഷ്ടതമൂലം തടവറയിൽ കഴിയാനിടയാക്കിയ ദൗർഭാഗ്യമാണ് മൂന്നാമതായി ജോസഫ് അഭിമുഖീകരിക്കേണ്ടിവന്നത്. പക്ഷെ, ദൈവം അവിടെയും ജോസഫിനെ ഉപേക്ഷിച്ചില്ല. അവനോടൊപ്പം തടവറയിലുണ്ടായിരുന്ന ഫറവോന്റെ പാനപാത്രവാഹകൻ വഴി ഫറവോ ജോസഫിന്റെ സിദ്ധികളെപ്പറ്റി അറിയുകയും ജോസഫ് ഫറവോന്റെ സ്വപ്നങ്ങളെ കൃത്യമായി വ്യാഖ്യാനിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതുവഴി ദൈവം അവന്റെ ദുർഭാഗ്യത്തെ നീക്കം ചെയ്യുക (ആസഫ്) മാത്രമല്ല, അവന്റെ സൗഭാഗ്യങ്ങളെ വർദ്ധിപ്പിക്കുക കൂടി ചെയ്തു (യാസഫ്). ഫറവോ ജോസഫിനെ ഈജിപ്തിന്റെ മുഴുവൻ അധിപനാക്കുന്നു.

അവസാനമായി ജോസഫ് നേരിടേണ്ടിവരുന്ന ദൗർഭാഗ്യം അവനെമാത്രം ബാധിക്കുന്ന ഒരു കാര്യമായിരുന്നില്ല, മറിച്ച് ഈജിപ്തിനെയും ചുറ്റുപാടുമുള്ള നിരവധി നാടുകളെയും ദേശങ്ങളെയും പ്രത്യേകിച്ച് ജോസഫിന്റെ തന്നെ പിതൃഭവനത്തെ മുഴുവൻ ബാധിച്ച ഭക്ഷണക്ഷാമം എന്ന ദുർഭാഗ്യമായിരുന്നു. ഈ പ്രതിസന്ധിയെ ''ഇല്ലാതാക്കാൻ'' (ആസഫ്) ജോസഫിനു കഴിയുന്നു എന്നു മാത്രമല്ല, അതുവഴി അവന് തന്റെ സ്വന്തം സഹോദരങ്ങളുമായി കണ്ടുമുട്ടുവാനും അവരുടെ ആദരവും ബഹുമാനവും സ്നേഹവും പതിൻമടങ്ങ് അനുഭവിക്കുവാനും അവന്റെ വൃദ്ധനായ പിതാവിനെ മരിക്കുന്നതിനു മുൻപ് കാണാനും അവനോടൊപ്പം സൗഭാഗ്യത്തിൽ കഴിയുവാനും ഇടയാക്കുന്നു. ദൈവം ജോസഫ് വഴി യാക്കോബിനെയും കുടുംബത്തെയും ക്ഷാമത്തിൽ നിന്ന് സംരക്ഷിച്ച് അവരുടെ സന്തതിപരമ്പര നിലനിർത്തുക മാത്രമല്ല,

മറിച്ച് അവരെ ഈജിപ്തിൽ വലിയൊരു ജനതയാക്കി വർദ്ധിപ്പിക്കുകയും (യാസഫ്) ചെയ്യുന്നു. അങ്ങനെ ''കർത്താവ് എനിക്കു വേണ്ടി ഒരു പുത്രനെക്കൂടി വർദ്ധിപ്പിക്കട്ടെ'' എന്ന റാഹേലിന്റെ പ്രാർത്ഥന ബഞ്ചമനിൽ അവസാനിപ്പിക്കുകയല്ല, മറിച്ച് ജോസഫ് വഴി അനേകം സന്തതികളെ ഇസ്രായേൽ ജനതയ്ക്കായി വർദ്ധിപ്പിക്കുകയത്രേ ദൈവം ചെയ്തത്. ഇങ്ങനെ നോക്കുമ്പോൾ ജോസഫ് എന്ന പേരിന്റെ മൂലാർത്ഥവുമായി ബന്ധപ്പെട്ടുനിൽക്കുന്ന രണ്ട് വസ്തുതകളും (ആസഫ്, യാസഫ്) പൂർവ്വ 'യോസേഫി'ൽ അന്വർത്ഥമാക്കുന്നതിനായി നമുക്ക് കാണാനാവും.

പുതിയനിയമത്തിലേയ്ക്ക് വരുമ്പോൾ മുകളിൽ വിവരിച്ചതുപോലെ യോസേഫ് എന്ന പേരുമായി ബന്ധപ്പെട്ടു നിൽക്കുന്ന രണ്ട് വസ്തുതകളും യേശുവിന്റെ വളർത്തുപിതാവായ ജോസഫിലും ദർശിക്കാവുന്നതാണ്. ഒരുവശത്ത് ദൈവം ജോസഫിന്റെ ജീവിതത്തിലെ ദൗർഭാഗ്യങ്ങളെ നീക്കം ചെയ്യുന്നു. മറുവശത്ത് ദൈവം അവന് സൗഭാഗ്യങ്ങൾ നൽകിയനുഗ്രഹിക്കുന്നു. മത്തായി, ലൂക്കാ സുവിശേഷങ്ങളുടെ അടിസ്ഥാനത്തിൽ മറിയം ജോസഫുമായി വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ, അവർ സഹവസിക്കുന്നതിനുമുമ്പ് മറിയം ഗർഭിണിയായി കാണപ്പെടുന്നു (മത്തായി 1:18; ലൂക്ക 1:34). ഇത് ജോസഫിന്റെ ജീവിതത്തിലെ വലിയൊരു അപമാനവും ദൗർഭാഗ്യവുമായിരുന്നു. അന്നത്തെ യഹൂദ ആചാരമനുസരിച്ച് വിവാഹനിശ്ചയം കഴിഞ്ഞ ദമ്പതികൾ നിയമപരമായി ഭാര്യാഭർത്താക്കന്മാരായിരുന്നു. ഈ സാഹചര്യത്തിൽ ജോസഫ് തന്റെ ഭാര്യയായ മറിയത്തെ പരസ്യമായി അപമാനിതയാക്കാതെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിക്കയത്രേ ചെയ്തത് (മത്തായി 1:19). ഈ പ്രതിസന്ധിയിൽ ദൈവം നീതിമാനായ ജോസഫിന്റെ ജീവിതത്തിൽ ഇടപെടുന്നു (മത്തായി 1:20). ദൈവം ജോസഫിന്റെ ആശങ്കയെ ''ഇല്ലാതാക്കുന്നു''(ആസഫ്). അതോടൊപ്പം ദൈവം ജോസഫിനെ രക്ഷകന്റെ അമ്മയായ മറിയത്തിന്റെ ഭർതൃപദത്തിലേക്കും ദൈവപുത്രന്റെ വളർത്തുപിതാവിന്റെ സ്ഥാനത്തിലേക്കും ''കൂട്ടി ചേർക്കുക'' (യാസഫ്) കൂടി ചെയ്തു.

അടുത്ത ദൗർഭാഗ്യം ജോസഫിന്റെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവന്നത് ഹേറോദോസിന്റെ ദുഷ്ടതമൂലമാണ്. ഹേറോദോസ് ശിശുവായ യേശുവിനെ വധിക്കുവാൻ തീരുമാനിച്ചു (മത്തായി 2:13-16). ഈ അവസരത്തിൽ ദൈവം ഇടപെട്ട് ഈ ദൗർഭാഗ്യത്തെ നീക്കം ചെയ്ത് (ആസഫ്) ജോസഫിനെയും കുടുംബത്തെയും

രക്ഷിക്കുന്നു (മത്തായി 2:13-14). ദൈവഹിതമനുസരിച്ച് ജോസഫ് ശിശുവിനോടും മറിയത്തോടും കൂടെ ഈജിപ്തിൽ നിന്ന് മടങ്ങിവന്ന് നസ്രത്ത് പട്ടണത്തിൽ താമസിക്കുന്നു. അവസാനമായി മറ്റൊരു ദൗർഭാഗ്യം കൂടി ജോസഫ് നേരിടേണ്ടിവരുന്നു. ബാലനായ യേശുവിനെ യാത്രാമധ്യേ കാണാതാവുന്നു (ലൂക്ക 2:42 -45). എങ്കിലും സുരക്ഷിതനായി തന്റെ മകനെ തിരിച്ചുകിട്ടുന്നു (ലൂക്ക 2:46). അങ്ങനെ ദൈവം ജോസഫിന്റെ ജീവിതത്തിലേയ്ക്ക് കടന്നുവരുന്ന എല്ലാ ദുർഭാഗ്യങ്ങളെയും നീക്കം ചെയ്യുകയും (ആസഫ്) ജോസഫിനെ ദൈവപുത്രനും രക്ഷകനുമായ ക്രിസ്തുവിന്റെ തിരുകുടുംബത്തിലേക്ക് ''കൂട്ടിച്ചേർത്ത്'' (യാസഫ്) അനുഗ്രഹിക്കുന്ന കാഴ്ചയാണ് പുതിയനിയമത്തിലും നാം കാണുന്നത്.

**ഉപസംഹാരം**

ഉത്പത്തി 30:23-24 ന്റെ അടിസ്ഥാനത്തിൽ യോസേഫ് എന്ന പേരിന്റെ അർത്ഥത്തിനുള്ള രണ്ട് വിശദീകരണങ്ങളെ റാഹേലിന്റെയും രണ്ട് ജോസഫുമാരുടേയും ജീവിതത്തെ ആസ്പദമാക്കി വ്യാഖ്യാനിക്കുകയാണ് ഇവിടെ ചെയ്തത്. ഈ രണ്ടു വിശദീകരണങ്ങൾ വിരൽ ചൂണ്ടുന്നത് അവരുടെ ജീവിതത്തിൽ അവർ അനുഭവിക്കുന്ന ദൈവത്തിന്റെ രണ്ടു തരത്തിലുള്ള ഇടപെടലുകളിലേക്കാണ്. ഒരുവശത്ത് ദൈവം അവരുടെ ദൗർഭാഗ്യങ്ങളെ നീക്കം ചെയ്യുന്നു (ആസഫ്). മറുവശത്ത് ദൈവം അവരുടെ സൗഭാഗ്യങ്ങളെ വർദ്ധിപ്പിക്കുന്നു (യാസഫ്). ജോസഫ് എന്ന പേരിന്റെ അർത്ഥങ്ങൾ നൽകുന്ന പാഠം ഇതാണ്. ജീവിതത്തിലുണ്ടാകുന്ന ദുർവിധികളിലും ദൗർഭാഗ്യങ്ങളിലും നഷ്ടധൈര്യരാകാതെ, അവയെ സൃഷ്ടിക്കുന്ന ശത്രുക്കൾക്കെതിരായും സാഹചര്യങ്ങൾക്കെതിരായും യുദ്ധം ചെയ്യാതെ, ദൈവത്തിൽ അചഞ്ചലമായി പ്രത്യാശ അർപ്പിക്കുവാനുള്ള ഒരു ആഹ്വാനമാണ് ''ജോസഫ്'' എന്ന പേരിന്റെ പൊരുൾ നമ്മെ പഠിപ്പിക്കുന്നത്.

***കടപ്പാട് : ജീവനാദം 2021 ഏപ്രിൽ 29, പുസ്തകം 17, ലക്കം 17***

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ
## *ദൈവപുത്രത്വവും പരിശുദ്ധിയും*

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

***(തിരുവചനഭാഗം: 1 യോഹ 3,1-24)***

ക്രിസ്തീയജീവിതം ദൈവമക്കൾക്കടുത്ത ജീവിതമാണ്. ദൈവമക്കളുടെ ജീവിതം അവശ്യം പരിശുദ്ധിയുടെയും സഹോദരസ്നേഹത്തിന്റെയും ജീവിതമാണ്. ഇതാണ് ഈ വചനഭാഗം വ്യക്തമാക്കുന്നത്. ഈ വചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. ദൈവപുത്രത്വവും ദൈവദർശനവും (3,1-2)
2. ദൈവപുത്രത്വവും പരിശുദ്ധിയും (3,3-10)
3. ദൈവപുത്രത്വവും പരസ്പരസ്നേഹവും (3,11-15)
4. മിശിഹായുടെ സ്നേഹം: സ്നേഹത്തിനു മാതൃക (3,16-18)
5. സ്നേഹവും ആത്മധൈര്യവും (3,19-24)

ഈ വചനഭാഗം നല്കുന്ന ആദ്ധ്യാത്മിക സന്ദേശങ്ങൾ എപ്രകാരം പുരോഹിതരുടെ അജപാലനശുശ്രൂഷയ്ക്കു പ്രസക്തമാണെന്നുള്ളത് ഇപ്രാവശ്യം നമുക്കു വിചിന്തനത്തിനു വിധേയമാക്കാം.

**1. ദൈവപുത്രത്വവും ദൈവദർശനവും**

''കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും. ലോകം നമ്മെ അറിയുന്നില്ല; കാരണം, അത് അവിടുത്തെ അറിഞ്ഞിട്ടില്ല. പ്രിയപ്പെട്ടവരെ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു: അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും.അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയുംചെയ്യും'' (3,1-2).

തന്നിൽ വിശ്വസിക്കുന്നവർക്കു ഈശോ നല്കുന്ന ഏറ്റം വലിയ ദാനമാണ് ദൈവപുത്രത്വം (യോഹ 1,12-13). അതു ദൈവസ്നേഹത്തിന്റെ ദാനമായി യോഹന്നാൻശ്ലീഹാ ഇവിടെ ചിത്രീകരിക്കുന്നു: ''കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണി

ച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും. ലോകം നമ്മെ അറിയുന്നില്ല; കാരണം, അത് അവിടുത്തെ അറിഞ്ഞിട്ടില്ല'' (3,1). ഇവിടെ ദൈവം 'സ്നേഹം കാണിച്ചത്' എന്നു വിവർത്തനം ചെയ്തിരിക്കുന്നതു ഗ്രീക്കുമൂലഭാഷയിൽ 'സ്നേഹം തന്നത്' എന്നർത്ഥം വരുന്ന 'ദേദൊക്കെൻ' എന്ന പദമാണ്. നമ്മോടുള്ള സ്നേഹപൂർവ്വകമായ ഒരു മനോഭാവത്തിൽ ഒതുങ്ങി നിൽക്കുന്നതല്ല ദൈവത്തിന്റെ സ്നേഹം. സ്നേഹംതന്നെയായ ദൈവത്തിന്റെ ജീവനിലുള്ള പങ്കാളിത്തമാണ് ദൈവം നമുക്കു നല്കുന്ന സ്നേഹം. ഈ ദൈവപുത്രത്വം ഈ ലോകത്തിലാണ് നാം ജീവിക്കേണ്ടത്. എന്നാൽ അത് എളുപ്പമല്ല. കാരണം, ദൈവത്തെ അറിയാത്ത ലോകത്തിനു ദൈവമക്കളെയും അറിയുവാൻ കഴിയുകയില്ല. ദൈവത്തെ അറിയുക എന്നതുകൊണ്ടുദ്ദേശിക്കുന്നതു ദൈവവുമായുള്ള ഐക്യത്തിൽ ജീവിക്കുക എന്നാണ്. മനുഷ്യർ ദൈവത്തിൽ വിശ്വസിക്കാത്തതുകൊണ്ടും ദൈവൈക്യത്തിൽ ജീവിക്കാത്തതുകൊണ്ടും, ദൈവമക്കളെ അവരായിരിക്കുന്നതു പോലെ തിരിച്ചറിയുവാൻ അവർക്കു സാധിക്കുകയില്ല. എങ്കിലും മാമ്മോദീസായിലൂടെ നമുക്കു ലഭിച്ച ദൈവമക്കൾക്കടുത്ത നമ്മുടെ വ്യക്തിത്വത്തെപ്പറ്റിയുള്ള അവബോധത്തോടെ ജീവിക്കുവാൻ നാം നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കണം.

ഈ ലോകത്തിന്റെ എതിർപ്പുകളെ അതിജീവിച്ച് ദൈവപുത്രത്വം ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്, അതിന്റെ അന്ത്യാത്മകസ്വഭാവമാണ്. അതെപ്പറ്റിയാണ് യോഹന്നാൻശ്ലീഹാ രണ്ടാം വാക്യത്തിൽ പറയുന്നത്: ''പ്രിയപ്പെട്ടവരെ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു: അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും'' (3,2). മിശിഹാസാദൃശ്യവും മിശിഹാദർശനവുമാണ് ദൈവപുത്രത്വത്തിന്റെ അന്ത്യാത്മക സ്ഥിതിവിശേഷമായി യോഹന്നാൻശ്ലീഹാ എടുത്തുകാണിക്കുന്നത്. മിശിഹായുടെ സാദൃശ്യത്തിലേക്കുള്ള നമ്മുടെ രൂപാന്തരപ്പെടലിനെപ്പറ്റി പുതിയനിയമത്തിൽ പലയിടത്തും പരാമർശമുണ്ട് (റോമാ 8,29; 2 കൊറി 3,18; കൊളോ 3,4).

മിശിഹാ ദൈവത്തിന്റെ സ്വയാവിഷ്കാരമായതുകൊണ്ട് മിശിഹായോടുള്ള സാദൃശ്യം ദൈവത്തോടുള്ള സാദൃശ്യമാണ്. അതുപോലെതന്നെ 'മിശിഹാദർശനം' ദൈവവുമായുള്ള മുഖാഭിമുഖദർശനമാണ്. ഇതു ദൈവൈക്യത്തിന്റെ സ്വർഗ്ഗീയാനുഭവമാണ്. അതുകൊണ്ട് ക്രൈസ്തവജീവിതത്തിൽ 'ദൈവപുത്രത്വം' ജീവിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുവാനും അതു ജീവിക്കുവാൻ അവരെ പരിശീലിപ്പിക്കുവാനും അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**2. ദൈവപുത്രത്വവും പരിശുദ്ധിയും**

''ഈ പ്രത്യാശയുള്ളവൻ അവിടുന്നു പരിശുദ്ധനായിരിക്കുന്നതുപോലെ തന്നെത്തന്നെ വിശുദ്ധനാക്കുന്നു. ദൈവത്തിൽനിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. കാരണം, ദൈവചൈതന്യം അവനിൽ വസിക്കുന്നു'' (3: 3.9).

ദൈവമക്കളുടെ കുടുംബമാണ് സഭ. സഭയെ പലപ്പോഴും പലരും ഒരു മതമായിട്ടാണ് കാണുന്നത്. പലമതങ്ങളുടെ മദ്ധ്യേ ജീവിക്കുന്നതുകൊണ്ട് അപ്രകാരം സഭയെ കാണുന്നതും വിശേഷിപ്പിക്കുന്നതും സ്വാഭാവികമാണ്. എന്നാൽ സഭയുടെ തനിമ, അതു ഒരു കുടുംബമാണ് എന്നുള്ളതാണ്. പിതാവായ ദൈവത്തിന്റെ മക്കളുടെ കുടുംബം. ദൈവവുമായുള്ള പിതൃപുത്രബന്ധത്തിലും ദൈവമക്കളായ സഭാംഗങ്ങൾ തമ്മിലുള്ള സാഹോദര്യബന്ധത്തിലും, അതായത്, ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കുന്ന ഒരു സമൂഹം. മിശിഹാശിഷ്യരുടെ സമൂഹമായി സഭയെ ലോകം അഥവാ മനുഷ്യർ തിരിച്ചറിയുവാനുള്ള മാനദണ്ഡമായി ഈശോ അവതരിപ്പിച്ചതും കുടുംബാരൂപിയിലുള്ള ഈ സ്നേഹമാണ്.

''നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും'' (യോഹ 13,35). മതപരമായ താത്പര്യങ്ങൾക്കു മുൻതൂക്കം കൊടുക്കുമ്പോൾ, അത് ഈ കുടുംബാരൂപി ജീവിക്കുന്നതിന് തടസ്സമായിത്തീരും. അജപാലനശുശ്രൂഷയിൽ പുരോഹിതർ ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട വസ്തുതയാണിത്.

ദൈവമക്കളുടെ കുടുംബമായ സഭയുടെ മുഖമുദ്രയായി യോഹന്നാൻശ്ലീഹാ അവതരിപ്പിക്കുന്നത് പരിശുദ്ധിയാണ്.

''ഈ പ്രത്യാശയുള്ളവൻ അവിടുന്നു പരിശുദ്ധനായിരിക്കുന്നതു പോലെ തന്നെതന്നെ വിശുദ്ധനാക്കുന്നു'' (3,3). പാപം ചെയ്യുന്നവൻ യഥാർത്ഥക്രിസ്ത്യാനിയല്ല എന്നാണ് ശ്ലീഹാ പറയുന്നത്. ''അവനിൽ വസിക്കുന്ന ഒരുവനും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്ന ഒരുവനും അവനെ കണ്ടിട്ടുമില്ല; അറിഞ്ഞിട്ടുമില്ല'' (1യോഹ 3,6). 'പാപം' എന്ന വാക്ക് യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിലും ലേഖനത്തിലും കൂടുതലും ഉപയോഗിക്കുന്നത് ഏകവചനത്തിലാണ്. അതും "the sin' എന്നാണ്. പാപത്തിനു യോഹന്നാൻശ്ലീഹാ ഉപയോഗിക്കുന്ന ഗ്രീക്കു വാക്ക് 'ഹമാർത്തിയ' എന്നതാണ്. അമ്പെയ്യുമ്പോൾ ലക്ഷ്യം തെറ്റുന്നതിനാണ് ഈ വാക്കു ഗ്രീക്കിൽ ഉപയോഗിക്കുക. ദൈവമാകുന്ന ജീവിതലക്ഷ്യത്തിൽനിന്നും മനുഷ്യൻ വ്യതിചലിക്കുന്ന അവസ്ഥാവിശേഷമാണ് പാപം. പാപത്തിനു പല രൂപഭാവങ്ങളുമാകാം. പക്ഷേ പാപത്തിന്റെ അടിസ്ഥാനരൂപം 'വിശ്വാസമില്ലായ്മ'യാണ്: ''ഞാൻ ഞാൻ തന്നെ എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപത്തിൽ മരിക്കും'' (യോഹ 8,24). എല്ലാ പാപങ്ങളുടെയും അടിസ്ഥാന കാരണം വിശ്വാസമില്ലായ്മ അഥവാ സ്നേഹമില്ലായ്മയാണ്. ദൈവമക്കളുടെ പാപമില്ലായ്മയുടെ കാരണവും ഇതോടൊപ്പം സൂചിപ്പിക്കുന്നു: ''കാരണം ദൈവചൈതന്യം അവനിൽ വസിക്കുന്നു'' (3,9). ദൈവാരൂപിയാൽ സജീവമാക്കപ്പെട്ട ദൈവവചനം നമ്മിലുണ്ടെങ്കിൽ നമുക്കു പാപം ചെയ്യാതെ പരിശുദ്ധരായ ദൈവമക്കളായി ജീവിക്കുവാൻ കഴിയും. ഇപ്രകാരം ജീവിക്കുവാനാണ് അജഗണങ്ങളെ അജപാലകർ പരിശീലിപ്പിക്കേണ്ടത്.

**3. ദൈവപുത്രത്വവും പരസ്നേഹവും**

''ആദിമുതലേ നിങ്ങൾകേട്ടിരിക്കുന്ന സന്ദേശം ഇതാണ്: നാം പരസ്പരം സ്നേഹിക്കണം... സഹോദരരെ സ്നേഹിക്കുന്നതുകൊണ്ടു നമ്മൾ മരണത്തിൽനിന്നും ജീവനിലേക്കു കടന്നിരിക്കുന്നു എന്നു നാമറിയുന്നു; സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽത്തന്നെ നിലകൊള്ളുന്നു. സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. കൊലപാതകിയിൽ നിത്യജീവൻ വസിക്കുന്നില്ല എന്നു നിങ്ങൾക്കറിയാമല്ലോ'' (3,11.14-15).

പരസ്പരം സ്നേഹിക്കണമെന്നുള്ള കല്പന സുവിശേഷം

തന്നെയായിട്ടാണ് യോഹന്നാൻശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നത്: ''ആദിമുതലേ നിങ്ങൾ കേട്ടിരിക്കുന്ന സന്ദേശം ഇതാണ്: നാം പരസ്പരം സ്നേഹിക്കണം'' (3,11). സഭാംഗങ്ങൾ സ്വീകരിച്ച സുവിശേഷം പരസ്നേഹത്തിന്റെ കല്പന ഉൾക്കൊള്ളുന്നതായിരുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു. 'ആദിമുതലേ' എന്ന പദപ്രയോഗം സഭയുടെ ആരംഭത്തെ കുറിക്കുന്നതാണ്. ഈ പദം ഇതിനു മുമ്പ് 1,5 ൽ ലേഖനകർത്താവ് ഉപയോഗിച്ചിട്ടുണ്ട്. അവിടെ 'ദൈവം പ്രകാശമാണ്' എന്നതാണ് സന്ദേശമായി അവതരിപ്പിക്കുക. സ്നേഹത്തിന്റെ ഭാഷയിലുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് 'ദൈവം പ്രകാശമാണ്' എന്നതിന്റെ അർത്ഥം. അതുകൊണ്ട് പരസ്പരസ്നേഹം ദൈവത്തിന്റെ സുവിശേഷത്തിന്റെ അവശ്യഘടകമാണ്. സ്നേഹത്തിന്റെ ഈ സുവിശേഷസന്ദേശം അവതരിപ്പിക്കുന്നതോടൊപ്പം ഇതിനു കടകവിരുദ്ധമായ വിദ്വേഷവും ഇവിടെ അവതരിപ്പിക്കുന്നു് (3,12). പൈശാചികസ്വഭാവമുള്ള സഹോദരവിദ്വേഷം കായേന്റെ ഉദാഹരണത്തിലൂടെ ഇവിടെ അവതരിപ്പിക്കുന്നു. സ്നേഹിക്കുന്ന ദൈവമക്കളും ദ്വേഷിക്കുന്ന പൈശാചികമക്കളും തമ്മിലുള്ള വൈരുദ്ധ്യം ആദ്യപാപത്തിൽത്തന്നെ പ്രകടമായി. സ്നേഹം പരിശുദ്ധിയുടെയും വിദ്വേഷം തിന്മയുടെയും പ്രകാശനമാണ്. വിദ്വേഷം ലോകസഹജമാണ്. 'ലോകം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിശ്വസിക്കാത്ത ലോകത്തെയാണ്. വിശ്വസിക്കാത്ത ലോകത്തിന്റെ പ്രത്യേകത വിദ്വേഷമാണെങ്കിൽ, വിശ്വസിക്കുന്ന സമൂഹത്തിന്റെ പ്രത്യേകത സ്നേഹമാണ്. സഹോദരസ്നേഹം ജീവന്റെ അടയാളവും സ്നേഹമില്ലായ്മ മരണത്തിന്റെ അടയാളവുമാണ്. ക്രൈസ്തവവിശ്വാസത്തിലേക്കു പ്രവേശിച്ചതിലൂടെയാണ്, അതിന്റെ മുഖമുദ്രയായ സഹോദരസ്നേഹത്തിലേക്കും അതിലൂടെ നിത്യജീവനിലേക്കും അവർ കടന്നുവന്നത് എന്ന് വിശ്വാസികളെ യോഹന്നാൻശ്ലീഹാ അനുസ്മരിപ്പിക്കുന്നു. ''മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു'' എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദപ്രയോഗത്തിനു 'ഒരനുഭവത്തിലേക്കു പ്രവേശിച്ച് അതിൽ നിലനിൽക്കുന്നു'എന്ന അർത്ഥമാണുള്ളത്, അതായത് മരണത്തിന്റെ അടിമത്തത്തിൽനിന്നും മാമ്മോദീസായിലൂടെ ഒരുവൻ ജീവനിലേക്കു പ്രവേശിക്കുകയും അതിൽ

നിലനിൽക്കുകയും ചെയ്യുന്നു എന്നാണ് ഇതർത്ഥമാക്കുന്നത്. അതുകൊണ്ട് നിത്യജീവൻ സ്വന്തമാക്കാമെന്ന പ്രത്യാശയോടെ പരസ്പരം സ്നേഹിക്കുവാൻ അജപാലകർ ഇടവകാംഗങ്ങൾക്കു പ്രചോദനവും പ്രേരണയും നല്കണം.

**4. മിശിഹായുടെ സ്നേഹം: സ്നേഹത്തിനു മാതൃക**

''മിശിഹാ സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽനിന്നു സ്നേഹം എന്തെന്നു നാമറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു. ലൗകികസമ്പത്ത് ഉണ്ടായിരിക്കെ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? കുഞ്ഞുമക്കളെ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്'' (3,16-18). സ്നേഹവും വിദ്വേഷവും തമ്മിലുള്ള വ്യത്യാസവും അവയുടെ അനന്തരഫലങ്ങളും വ്യക്തമാക്കിയതിനുശേഷം ക്രിസ്തീയസ്നേഹത്തിന്റെ തനിമ ശ്ലീഹാ എടുത്തുകാണിക്കുന്നു. മിശിഹായുടെ രക്ഷാകരമരണമാണ് ക്രിസ്തീയസ്നേഹത്തിന്റെ തനിമ വെളിപ്പെടുത്തുന്നത്. സഹോദരങ്ങൾക്കുവേണ്ടി സ്വന്തം ജീവൻ പോലും ത്യജിക്കുവാൻ കടപ്പെട്ടിരിക്കുന്ന സ്നേഹമാണ് ക്രിസ്തീയ സ്നേഹം. ഇതു വെറും നൈയ്യാമികമായ ഒരു കടപ്പാടല്ല. ദൈവത്തിന്റെ സ്നേഹം മിശിഹായിലൂടെ നാം അനുഭവിക്കുമ്പോൾ ആ സ്നേഹം സഹോദരരുമായി പങ്കുവയ്ക്കുവാൻ നമുക്ക് അനുഭവപ്പെടുന്ന ആന്തരികനിർബന്ധമാണ്. മിശിഹായിലൂടെ ദൈവത്തിന്റെ അരൂപിയെ സ്വീകരിച്ചുകൊണ്ടാണ് മിശിഹാ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുവാൻ നാം ശക്തിയാർജ്ജിക്കുന്നത്. അതുകൊണ്ട് മിശിഹായുടെ അരൂപിയെ നമുക്കു നല്കുന്ന കുർബ്ബാനാനുഭവത്തിലൂടെയും പ്രാർത്ഥനാനുഭവത്തിലൂടെയും അരൂപിയിൽ നവീകരിക്കപ്പെട്ടാൽ മാത്രമേ മിശിഹാ സ്നേഹിച്ചതുപോലെ സ്നേഹിക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ. വാക്കിലും സംസാരത്തിലുമല്ല പ്രവൃത്തിയിലും സത്യത്തിലുമാണ് സ്നേഹിക്കേണ്ടതെന്നു യോഹന്നാൻ ശ്ലീഹാ ഓർമ്മിപ്പിക്കുന്നു: ''കുഞ്ഞുമക്കളെ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്;

പ്രവൃത്തിയിലും സത്യത്തിലുമാണ്'' (3,18). ഇവിടെ 'സംസാരം' എന്നതിന് ഉപയോഗിച്ചിരിക്കുന്നത്, 'നാവ്' എന്നർത്ഥം വരുന്ന 'ഗ്ളോസ്സാ' എന്ന ഗ്രീക്കുപദമാണ്. ഇതിനു സമാന്തരമായിട്ടാണ് പ്രവൃത്തിയിലും സത്യത്തിലുമാണ് നാം സ്നേഹിക്കേണ്ടതെന്നു പറയുന്നത്. ഇവിടെ സത്യം എന്നുപറയുന്നത്, ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട സത്യമാണ്. ഈ സത്യമാണല്ലോ നാം വിശ്വാസത്തിലൂടെ ഹൃദയത്തിൽ ഏറ്റുവാങ്ങുന്നത്. നാവിൽനിന്നും വാക്കുകൾ പുറപ്പെടുന്നതുപോലെ, ഹൃദയത്തിൽ കുടികൊള്ളുന്ന വിശ്വാസത്തിൽനിന്നുമാണ് സ്നേഹത്തിന്റെ പ്രവൃത്തികൾ പുറപ്പെടേണ്ടത്.

**5. സ്നേഹവും ആത്മധൈര്യവും**

''ഇതുമൂലം നമ്മൾ സത്യത്തിൽനിന്നുള്ളവരാണെന്നു നാം അറിയുന്നു. നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നെങ്കിൽത്തന്നെ, ദൈവം നമ്മുടെ ഹൃദയത്തേക്കാൾ വലിയവനും എല്ലാം അറിയുന്നവനുമാകയാൽ, അവിടുത്തെ സന്നിധിയിൽ നാം സമാധാനം കണ്ടെത്തും. പ്രിയപ്പെട്ടവരെ, ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, ദൈവത്തിന്റെ മുമ്പിൽ നമുക്ക് ആത്മധൈര്യമുണ്ട്'' (3,19-21). 'സ്നേഹം' നമ്മൾ സത്യത്തിൽ നിന്നുള്ളവരാണെന്നതിന്റെ മാനദണ്ഡമാണ്. 'സത്യത്തിൽ നിന്നുള്ളവർ' എന്നതിന്റെ അർത്ഥം, വിശ്വാസത്തിലൂടെ ദൈവവചനത്താൽ നയിക്കപ്പെടുന്നവർ എന്നാണ്. അങ്ങനെയുള്ളവർ യഥാർത്ഥ സ്നേഹത്തിന്റെ ഉടമകളായിരിക്കും. അപ്രകാരമുള്ള സ്നേഹം നാം ദൈവൈക്യത്തിലാണെന്ന് നമുക്ക് ഉറപ്പുതരുന്നു. ഈ ഉറപ്പ് ദൈവത്തിന്റെ മുൻപിൽ നമുക്ക് ആത്മധൈര്യവും അവിടുത്തെ സന്നിധിയിൽ സമാധാനവും നൽകും (3,20-21). അന്ത്യാത്മകമായ ആത്മധൈര്യമാണ് ഇവിടെ പരാമർശിക്കുന്നത്. മരണാനന്തരമുള്ള വിധിയുടെ പശ്ചാത്തലത്തിലുള്ള ആത്മധൈര്യമാണ് ഇവിടെ വിവക്ഷ: ''വിധിദിനത്തിൽ നമുക്ക് ആത്മധൈര്യം ഉണ്ടാകുന്നതിന് സ്നേഹം നമ്മിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നു. എന്നാൽ, ഈ ലോകത്തിൽത്തന്നെ നാം അവനെപ്പോലെ ആയിരിക്കുന്നു'' (1 യോഹ 4,17). വിശ്വാസത്തിൽ നിന്നുമുളവാകുന്ന സ്നേഹത്തിന്റെ ജീവിതമാണ് ഹൃദയം നമ്മെ കുറ്റപ്പെടുത്താത്ത അവസ്ഥ നമ്മിൽ സൃഷ്ടിക്കുന്നതും, അതിന്റെ ഫലമായി ദൈവത്തിന്റെ മുമ്പിൽ നമുക്ക് ആത്മധൈര്യം

നൽകുന്നതും.

വിശ്വസിക്കാനും സ്നേഹിക്കാനുമുള്ള കല്പന വീണ്ടും ഇവിടെ ആവർത്തിക്കുന്നുണ്ട്: ''അവിടുത്തെ പുത്രനായ ഈശോയുടെ നാമത്തിൽ നാം വിശ്വസിക്കുകയും അവൻ നമ്മോടു കല്പിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കുകയും ചെയ്യണം; ഇതാണ് അവന്റെ കല്പന. അവന്റെ കല്പനകൾ അനുസരിക്കുന്ന ഏവനും അവനിൽ വസിക്കുന്നു; അവൻ കല്പനകൾ പാലിക്കുന്നവനിലും. അവൻ നമുക്കു നൽകിയിരിക്കുന്ന ആത്മാവുമൂലം അവൻ നമ്മിൽ വസിക്കുന്നെന്നു നാമറിയുകയും ചെയ്യുന്നു'' (3,23-24). സ്നേഹിക്കുവാനുള്ള കല്പനയോടുകൂടി വിശ്വസിക്കുവാനുള്ള കല്പന കൂടി ചേർക്കുന്നത് പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കാരണം ക്രിസ്തീയസ്നേഹം വിശ്വാസവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ്. ഈശോ ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നവൻ, മനുഷ്യനോടുള്ള ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിലാണു വിശ്വസിക്കുന്നത്. കാരണം, തന്റെ പുത്രനെ മനുഷ്യരക്ഷക്കായി നൽകിയത് ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു: ''അവിടുന്നു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരമായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം'' (1യോഹ 4,10). അതുകൊണ്ടു ദൈവത്തിന്റെ പുത്രനായ ഈശോയുടെ നാമത്തിൽ വിശ്വസിക്കുന്നയാൾ ദൈവത്തിന്റെ രക്ഷാകരസ്നേഹം സ്വീകരിച്ച് ആ സ്നേഹത്തിന് പ്രതിസ്നേഹം കൊടുക്കുവാൻ നിർബന്ധിതനാകും. ഈ പ്രതിസ്നേഹത്തിന്റെ അവശ്യഘടകമാണ് സഹോദരസ്നേഹം. അതുകൊണ്ട് സ്നേഹത്തിന്റെ കല്പന വിശ്വാസത്തിന്റെയും കല്പനയാണ്. വിശ്വാസത്തിന്റെ കല്പന സ്നേഹത്തിന്റെയും, ഇപ്രകാരം വിശ്വസിക്കുന്നവരും സ്നേഹിക്കുന്നവരുമായിത്തീരുന്ന ഒരു സമൂഹത്തെയാണ് അജപാലകർ തങ്ങളുടെ സഭാശുശ്രൂഷയിലൂടെ രൂപപ്പെടുത്തേണ്ടത്.

ജീവിതസൂചിക

1. മാമ്മോദീസായിലൂടെ നമുക്കു നല്കപ്പെട്ട ദൈവപുത്രത്വം അതിന്റെ തനിമയിൽ ജീവിക്കുവാനും അപ്രകാരം ജീവിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?

2. പരിശുദ്ധരായ ദൈവമക്കളായി കുടുംബാരൂപിയിൽ ജീവിക്കുവാൻ ഞാൻ ജനങ്ങളെ എങ്ങനെ പരിശീലിപ്പിക്കുന്നു?

3. പരസ്പരസ്നേഹത്തിന്റെ സാക്ഷ്യം നല്കുന്ന ഒരു സമൂഹമായി ഇടവകയെ രൂപപ്പെടുത്തുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

4. പരിശുദ്ധ കുർബ്ബാനയിലും സഭയുടെ പ്രാർത്ഥനകളിലും സജീവമായി പങ്കുചേർന്ന് അരൂപിയിൽ ശക്തിപ്രാപിച്ച് പരസ്പരം സ്നേഹിക്കുവാൻ കഴിയുംവിധം ആരാധനാകർമ്മങ്ങൾക്കു നേതൃത്വം നൽകുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

5. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ജീവിതം നയിച്ച് അന്ത്യവിധിയെ ആത്മധൈര്യത്തോടെ നേരിടുവാൻ കഴിയുന്ന ജീവിതമാണോ ഞാൻ നയിക്കുന്നത്?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ്ജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിക്കൽ എന്നീ വൈദികരുടെ ചരമദിനവും സെപ്റ്റംബർ 28-ാം തീയതി ബഹു. സെബാസ്റ്റ്യൻ പാറയിലച്ചന്റെ 1-ാം ചരമവാർഷികവുമാണ്. ഈ ദിവസങ്ങളിൽ അവരെ നമ്മുടെ പ്രാർത്ഥനകളിലും വി. കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

**മതബോധനദിനം**

സെപ്റ്റംബർ 19-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചനോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധനദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട തോമസ് കാട്ടുതുരുത്തിയിൽ അച്ചനേയും ബഹു. ഷിജോ വേനക്കുഴിയിൽ അച്ചനേയും ഇവരോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

**വൈദീകരുടെ വാർഷികധ്യാനം**

പ്രിയ ബഹു. അച്ചന്മമാരെ

നമ്മുടെ വാർഷികധ്യാനം ഈ വർഷവും ഓൺലൈനായി നടത്തേണ്ട സാഹചര്യമാണല്ലോ നിലവിലുള്ളത്. 2021 നവംബർ രണ്ടാം തീയതി രാവിലെ 9.30ന് ആരംബിച്ച് 5-ാം തിയതി വൈകുന്നേരം 4.30ന് സമാപിക്കുന്ന വിധമാണ് വാർഷികധ്യാന തീയതി തീരുമാനിച്ചിരിക്കുന്നത്. വിൻസെൻഷ്യൻ സന്യാസസഭയുടെ കോട്ടയം പ്രൊവിൻഷ്യൽ ആയിരിക്കുന്ന ബഹു. മാത്യു കക്കാട്ടുപ്പിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. അച്ചന്മാരെല്ലാവവരും ധ്യാനത്തിൽ സംബന്ധിക്കുവാൻ സാധിക്കത്തക്കവിധം മറ്റു പ്രോഗ്രാമുകൾ ക്രമീകരിക്കുമല്ലോ. വാർഷികധ്യാനത്തിനായി നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം.

**New Address:**

**Fr. Jilson kokkandathil**
1 The Presbytery
Dunbar Street
Cork
Ireland

**Fr. John Pulinthanathu**
Saint Mary’s Presbytery
Oxford street, Eccles,
Manchester
M30 0LU, England
Ph: +447880321694

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

**കൽപ്പറ്റ ഫൊറോന**

കൽപ്പറ്റ ഫൊറോനായിലെ ബഹുമാനപ്പെട്ട വൈദീകരുടെ മാസധ്യാനം വി. വിൻസെന്റ് ഡി പോൾ ഫൊറോനാ ദൈവാലയത്തിൽ 17/08/2021 ചൊവ്വാഴ്ച ചേർന്നു. ബഹു. രജീഷ് കറുത്തേടം അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ധ്യാനചിന്തകൾ ബഹു. കച്ചിറയിൽ തോമസച്ചൻ പങ്കുവയ്ക്കുകയും ആരാധനയ്ക്കും പ്രാർത്ഥനകൾക്കും നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് നടന്ന യോഗത്തിൽ ബഹു. സോമി വടയാപറമ്പിൽ അച്ചൻ എല്ലാവരേയും യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു. കഴിഞ്ഞ മാസങ്ങളിൽ കോശി കമ്മീഷന് നൽകേണ്ട അപേക്ഷകളുമായി ബന്ധപ്പെട്ട് അച്ചന്മാരുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളെ പ്രത്യേകമായി പ്രശംസിച്ചു. അച്ചന്മാർ ഓരോരുത്തരും തങ്ങളെത്തന്നെ പരിചയപ്പെടുത്തി. വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെകുറിച്ച് ബഹു. ഡയറക്ടർ അച്ചന്മാർ വിശദീകരിച്ചു. FEDAR ഇടവകതലത്തിലുള്ള കോർഡിനേറ്റേഴ്സിനെ കണ്ടെത്തണമെന്ന് അറിയിച്ചു. രൂപതാ സർവ്വേയുടെ പഠനറിപ്പോർട്ടിന്റെ വിലയിരുത്തലിനെ കുറിച്ച് ബഹുമാനപ്പെട്ട ജോഷി പെരിയപ്പുറം അച്ചൻ സംസാരിച്ചു. WIN FARM ന്റെ പ്രവർത്തനങ്ങൾ ബഹു. തോമസ് ജോസഫ് തേരകം അച്ചൻ പരിചയപ്പെടുത്തി. AKCC യുടെ പുതിയ കൽപ്പറ്റ മേഖലാ ഡയറക്ടറായി ബഹു. സണ്ണി കൊല്ലാർത്തോട്ടം അച്ചനെ തെരഞ്ഞെടുത്തു. രൂപതയുടെ ജൂബിലിയോടനുബന്ധിച്ചു കൽപ്പറ്റ മേഖലയിൽ ചെയ്യാവുന്ന കാര്യങ്ങളും, കോവിഡിന്റെ പശ്ചാത്തലത്തിൽ ഇടവകയിൽ നടത്താവുന്ന കാര്യങ്ങളും ആലോചിച്ചു. അടുത്ത മാസധ്യാനം കുന്നമ്പറ്റ ആശ്രമത്തിൽ നടത്താൻ തീരുമാനിച്ചു. ഫാദർ സെബാസ്റ്റ്യൻ കണ്ടത്തിൽ CSSR എല്ലാവർക്കും നന്ദി അർപ്പിച്ചു.

**ഫാ. സിബി മാടപ്പള്ളിക്കുന്നേൽ**
സെക്രട്ടറി

# മതബോധനരംഗം

''ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴി പഠിപ്പിക്കുക, വാർധക്യത്തിൽ അതിൽനിന്നു വ്യതിചലിക്കുകയില്ല'' (സുഭാ. 22/6). വിശ്വാസപരിശീലനത്തിന്റെ ആവശ്യകത ഓരോ ദിവസവും വർദ്ധിച്ചു വരുന്ന ഒരു സാമൂഹിക സാഹചര്യത്തിലാണ് നമ്മൾ ജീവിക്കുന്നത്. കാരണം, സാമൂഹിക മാധ്യമങ്ങളിലൂടെയും ടെലിവിഷൻ ചാനലുകളിലൂടെയും വിശ്വാസ വിരുദ്ധമായ, തെറ്റായ അറിവുകളും ചിന്തകളും പ്രചരിപ്പിക്കപ്പെടുമ്പോൾ മാനവികതയെ ഉയർത്തിപ്പിടിക്കുകയും ദൈവികതയെ പ്രഘോഷിക്കുകയും ചെയ്യുന്ന ക്രൈസ്തവ സംസ്കാരത്തിന്റെ പ്രഘോഷകരാകുവാൻ വിശ്വാസസമൂഹം കൂടുതലായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പൗലോസ്ശ്ലീഹ പറയുന്നതുപോലെ ''ഈ ഭക്തിരഹിതരുടെ സംസാരം ശരീരത്തെ കാർന്നുതിന്നുന്ന വ്രണംപോലെ പടർന്നുപിടിക്കും'' (2 തിമോ. 2/17). സഭാഗാത്രത്തെ കാർന്നുതിന്നുന്ന വ്രണംപോലെ വിശ്വാസ വിരുദ്ധപ്രവണതകൾ ശക്തിയാർജിക്കുമ്പോൾ ജാഗ്രതയോടെ ഈ മുറിവുകളെയും വ്രണങ്ങളെയും സത്യവിശ്വാസത്തിന്റെ ലേപനത്തിലൂടെ സുഖപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടവരാണ് ഓരോ വിശ്വാസിയും എന്ന് മതബോധനഞായർ നമ്മളെ അനുസ്മരിപ്പിക്കുകയാണ്. ഏകസത്യദൈവമായ യേശുക്രിസ്തുവിന്റെ ധാർമികജീവിതം പ്രഭവിതറുന്ന വിശ്വാസവഴികളിലൂടെ സമൂഹത്തെ നയിക്കുവാനുള്ള കരുത്തും ഊർജ്ജവും ഈ മതബോധനഞായർ ആഘോഷത്തിലൂടെ ഏവർക്കും സംലഭ്യമാകട്ടെയെന്ന് ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. എല്ലാവർക്കും മതബോധനഞായർ ആശംസകൾ.

**മതബോധന ഞായർ : സെപ്തംബർ 19**

ഓരോ ക്രൈസ്തവന്റെയും ജീവിതം സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നതാകണം എന്ന് അനുസ്മരിപ്പിക്കുകയാണ് മതബോധന ഞായർ. ദൈവത്തെ അറിയുവാനും സത്യ

വിശ്വാസത്തിൽ വളരുവാനും അത് പകർന്നു കൊടുക്കുവാനുമുള്ള ഈ ദൗത്യത്തെ അനുസ്മരിപ്പിക്കുന്ന മതബോധന ഞായർ ഈ വർഷം സെപ്തംബർ 19 നാണ്. മതബോധന ഞായറിന്റെ സന്ദേശം പകരുന്ന പരിപാടികൾ ഇടവകതലത്തിൽ ക്രമീകരിക്കാൻ പരിശ്രമിക്കുമല്ലോ.

**അർദ്ധവാർഷിക പരീക്ഷ, ഒക്ടോബർ 3**

പരീക്ഷാ സമയം ഒന്നര മണിക്കൂർ ആയിരിക്കും.

4 മുതൽ 9 ക്ലാസ്സ് വരെ 60 മാർക്കിന്റെയും 10, 11, 12 ക്ലാസ്സുകൾക്ക് 80 മാർക്കിന്റെയും ചോദ്യങ്ങൾ ഉണ്ടായിരിക്കും. (പാഠപുസ്തകം 60+ നമസ്കാരം 10+ GK 5+ ബൈബിൾ 5 = 80) 1,2,3 ക്ലാസുകളിലെ കുട്ടികൾക്ക് രൂപതകേന്ദ്രത്തിൽനിന്ന് ചോദ്യപേപ്പർ ഉണ്ടാവുകയില്ല. ഈ ക്ലാസ്സുകൾക്ക്, ക്ലാസ് ടീച്ചേഴ്സ് ചോദ്യങ്ങൾ തയ്യാറാക്കി, വാചികപരീക്ഷയാണ് നടത്തേണ്ടത്. കുട്ടികളുടെ എണ്ണം കൂടുതലുള്ള ഇടവകകളിൽ ഒക്ടോബർ 1 മുതൽ 4 വരെ ദിവസങ്ങളിൽ പരീക്ഷ നടത്താവുന്നതാണ് (1, 2, 3 ക്ലാസുകളിലെ കുട്ടികൾക്ക് മാത്രം). 4 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്ക് മൂന്ന് ഗ്രൂപ്പുകളായി മൂന്നു സമയങ്ങളിൽ പരീക്ഷ നടത്തുന്നു.

**പരീക്ഷസമയം**

| | |
|---|---|
| IV – VI | 10 മണിമുതൽ 11. 30 മണിവരെ |
| VII – IX | 12 മണിമുതൽ 1.30 മണിവരെ |
| X – XII | 2.30 മുതൽ 4 വരെ |

പരീക്ഷ കഴിഞ്ഞ് 5 മിനിറ്റിനുള്ളിൽ ആൻസർ ഷീറ്റ് ഫോട്ടോ എടുത്ത് ക്ലാസ് ടീച്ചേഴ്സിന് വാട്സ് ആപ് ചെയ്യുകയും, ആൻസർ ഷീറ്റ് അന്ന് തന്നെ പള്ളിയിൽ എത്തിക്കുകയും ചെയ്യണം. 4 മുതൽ 9 ക്ലാസ്സ് വരെ 2 മാർക്ക്, 3 മാർക്ക്, 4 മാർക്ക് ചോദ്യങ്ങളും 10,12 വരെയുള്ള ക്ലാസുകളിൽ 2,3,4 മാർക്കിന്റെ ചോദ്യത്തോടൊപ്പം 10 മാർക്കിന്റെ ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളും ഉണ്ടായിരിക്കും.

പരീക്ഷക്ക് 10 മിനിറ്റ്മുമ്പ് പ്രധാന അധ്യാപകർക്ക് ചോദ്യങ്ങൾ രൂപതകേന്ദ്രത്തിൽനിന്ന് വാട്സ് ആപ് ചെയ്യുന്നതാണ്.

**സർവ്വേ ഫോം**

ഓരോ സൺഡേ സ്കൂളിന്റെയും സർവ്വേ ഫോം പൂരിപ്പിച്ച് സെപ്റ്റം.10 നുമുമ്പ് https://catechismmdy.in/ എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

മതബോധന ഞായർ ആശംസകളോടെ,

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

**ഫാ. ഷിജോ വേനക്കുഴിയിൽ**
അസി. ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

ആരാണ് പ്രേഷിതന്റെ ഏറ്റവും വലിയ കൂട്ട്? ഈ ചോദ്യം ഇതിനു മുൻപും ഒരുപക്ഷെ നിങ്ങൾ കേട്ടിട്ടുണ്ടാവും. ഒത്തിരി ഉത്തരങ്ങൾ പറഞ്ഞിട്ടുമുണ്ടാകും. എന്നാൽ ഉള്ളിൽ തൊട്ട് പറഞ്ഞിട്ടുണ്ടോ? ഉള്ളിലേക്ക് നോക്കി ഉള്ളിൽ തൊട്ട് പറയാൻ ആകേണ്ടേ നമുക്ക്, ഞാനാകുന്ന പ്രേഷിതന്റെ ഏറ്റവും വലിയ കൂട്ട് ക്രിസ്തുവല്ലാതെ മറ്റാരുമല്ലെന്ന്. ഉള്ളിൽ തട്ടി, ക്രിസ്തുവിന്റെ ഉള്ളിൽ തൊട്ട പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ആഘോഷിക്കുന്ന മാസമാണിത്. ക്രിസ്തുമസ്സ് ആനന്ദത്തിന്റെ തിരുനാളാണെങ്കിൽ മേരിമസ് സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും തിരുനാളായി നമ്മുക്ക് ആഘോഷിക്കാം . മിഷൻലീഗിന്റെ ഈ മാസത്തെ പ്രവർത്തനങ്ങൾ എല്ലാം പരിശുദ്ധ അമ്മ വഴി ഈശോയ്ക്ക് സമർപ്പിക്കാം. പരിശുദ്ധ അമ്മയുടെ ജനന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു.

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന തലത്തിൽ 2019-20 പ്രവർത്തന വർഷത്തെ മികച്ച രൂപതയ്ക്കുള്ള ഗോൾഡൻ സ്റ്റാർ പുരസ്കാരം മാനന്തവാടി രൂപതയ്ക്ക് ലഭിച്ചു. കൂടാതെ മികച്ച മേഖലകൾക്കുള്ള ഗോൾഡൻ സ്റ്റാർ പുരസ്കാരം നടവയൽ മേഖലയും മികച്ച ശാഖകൾക്കുള്ള ഗോൾഡൻ സ്റ്റാർ പുരസ്കാരം അമ്പലവയൽ ശാഖയും കരസ്ഥമാക്കി. ബത്തേരി മേഖലയും ശിശുമല, നടവയൽ ശാഖകൾ സിൽവർ സ്റ്റാർ ആയി തിരഞ്ഞെടുക്കപ്പെട്ടു. ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ ഡയറക്ടർ അച്ചൻമാർക്കും, ജോ. ഡിറക്ടർസിനും ശാഖ മേഖല രൂപത ഭാരവാഹികൾക്കും നന്ദി. ഈ ജൂബിലി വർഷത്തിൽ ഓരോ ശാഖയിലെയും മിഷൻ മാസാചരണം വളരെ ഭംഗിയായി ക്രമീകരിക്കുമല്ലോ. എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകൾ നേരുന്നു. ആവശ്യത്തിൽ ഇരിക്കുന്നവരെ കരുതുവാനുള്ള ഒരു സഹകരണ മനോഭാവം ദൈവം നമ്മുക്കെല്ലാം തരട്ടെ.

സ്നേഹപൂർവ്വം

**ഷിജുഅച്ചൻ**

| | | |
|---|---|---|
| 2021 – സെപ്റ്റംബർ | : | ക്രിസ്തു വഴിയും സത്യവും |
| പ്രാർത്ഥന മലരുകൾ | : | 75 നൻമനിറഞ്ഞ മറിയമേ |
| മിഷൻ പ്രയർബാങ്ക് | : | ഗോരഖ്പൂർ രൂപത (നടവയൽ മേഖലയിലെ ശാഖകൾ) |
| | : | ഷംഷാബാദ്രൂപത (മുള്ളൻകൊല്ലി മേഖലയിലെ ശാഖകൾ) |
| സുകൃത ജപം | : | എളിമയുള്ള യേശുവേ എളിമയാലെന്നെ നിറയ്ക്കണമേ |

**ജൂബിലി കുടുക്ക**

ചെറുപുഷ്പമിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിനൊരുക്കമായി ജൂബിലികുടുക്ക ഒരുക്കി മാനന്തവാടി രൂപത മിഷൻലീഗ് അംഗങ്ങൾ. ജൂബിലി വർഷത്തിൽ ഓരോ ശാഖയ്ക്കും ഒരു ജീവകാരുണ്യപ്രവർത്തനമെങ്കിലും നടത്താനുള്ള മാർഗ്ഗമെന്ന നിലയിലാണ് ഈ ജൂബിലിക്കുടുക്ക ഒരുക്കിയിരിക്കുന്നത്. 2021 ജൂലൈ 20 മുതൽ ഒക്ടോബർ 3 വരെയുള്ള 75 ദിവസങ്ങളിൽ ചെറുപുഷ്പമിഷൻ ലീഗ് അംഗങ്ങൾ തങ്ങൾക്കുകിട്ടുന്ന പോക്കറ്റ് മണി സൂക്ഷിച്ചുവച്ചാണ് ഈ സംരംഭത്തിൽ പങ്കാളികളാകുന്നത്.

**പ്രാർത്ഥന മാല**

ചെറുപുഷ്പമിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിനായി പ്രാർത്ഥനാപൂർവ്വം മാനന്തവാടി രൂപത മിഷൻലീഗ് അംഗങ്ങൾ. ശാഖാ, മേഖല, രൂപതാതലത്തിൽ 75 പേരടങ്ങുന്ന പ്രാർത്ഥനാശൃംഖലകൾ രൂപികരിച്ചുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. 2021 ജൂലൈ 20 മുതൽ ഒക്ടോബർ 3 വരെയുള്ള 75 ദിവസങ്ങളിൽ ഓരോ പ്രാർത്ഥനാശൃംഖലയിലെയും ഒരാൾ വീതം ജൂബിലി നിയോഗാർത്ഥം ഒരു ജപമാല അർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ടാണ് ജൂബിലി ആഘോഷത്തിനായി ഒരുങ്ങുന്നത്.

**പുണ്യപാതയിലെ പൊൻ താരകങ്ങൾ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെയും തിരുബാലസഖ്യത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് ഒരുക്കമായി പുണ്യവതിയുടെ മൊഴിമുത്തുകളിലൂടെയുള്ള ഒരു ധ്യാനസഞ്ചാരം ജൂലൈ 18 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ വീഡിയോ സന്ദേശങ്ങളായി അവതരിപ്പിച്ചു. രൂപതയുടെ വിവിധ ശാഖകളിൽ നിന്നുള്ള തിരു

ബാലസഖ്യം അംഗങ്ങൾ പുണ്യവതിയുടെ ജീവിത സന്ദേശങ്ങൾ ആണ് അവതരിപ്പിച്ചത്.

**പ്രിയം 2021**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ വിശുദ്ധ അന്ന ജോവാക്കിം ദമ്പതികളുടെ തിരുനാൾ ദിനത്തിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആയി സംഘടിപ്പിച്ച സെമിനാറിൽ മാനന്തവാടി രൂപത ഫാമിലി അപ്പൊസ്റ്റലേറ്റ് ഡയറക്ടർ ഫാ. ജോജോ കുടക്കച്ചിറ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഗ്രാൻഡ് പാരൻസ് ഡേ ആഘോഷത്തിൽ മാനന്തവാടി രൂപതയിലെ 275 ലധികം കുടുംബങ്ങളും ആയിരത്തിലധികം അംഗങ്ങളും പങ്കെടുത്തു.

**ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട്**

ക്രിസ്ത്യൻ അവകാശങ്ങളെ പറ്റി പഠിച്ച് റിപ്പോർട്ട് നൽകാൻ നിശ്ചയിച്ചിട്ടുള്ള ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ മുൻപാകെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത സമഗ്രമായ നിവേദനം നൽകുകയും കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്തു. കമ്മീഷൻ ചെയർമാൻ ശ്രീ. ജെ.ബി. കോശിക്ക് രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപതാ പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി ശ്രീ.സജീഷ് എടത്തട്ടേൽ, ജനറൽ ഓർഗ്ഗനൈസർ ശ്രീ. തങ്കച്ചൻ മാപ്പിളകുന്നേൽ, സംസ്ഥാന മാനേജിംഗ് കമ്മറ്റി അംഗം ശ്രീ. ബിനീഷ് തുമ്പിയാംകുഴി എന്നിവർ ചേർന്നാണ് നിവേദനം നൽകിയത്.

**അൽഫോൻസ ക്വിസ്**

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ അൽഫോൻസാ ക്വിസ് നടത്തി. വിജയികൾ യഥാക്രമം A വിഭാഗത്തിൽ അലസ്റ്റിൻ വലിയവീട്ടിൽ (അമ്പായത്തോട്), ജോസ് കൊല്ലംമാട്ടേൽ (കണിയാരം), അനാലിസ ജോസഫ് (ചുങ്കക്കുന്ന്) എന്നിവരും B വിഭാഗത്തിൽ ഐറിൻ സേവ്യർ (താളിപ്പാടം), ആന്റോ സേവ്യർ (താളിപ്പാടം), മഹിയ മണ്ണൂർ (ചുങ്കക്കുന്ന്) എന്നിവരും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. ബിനീഷ് തുമ്പിയാംകുഴി, ശ്രീ. സിനീഷ് ആപ്പുഴ എന്നിവർ നേതൃത്വം നൽകി.

**ജോ. ഡയറക്ടേഴ്സ് ഡേ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ജൂലൈ 28 വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾദിനം ജോ. ഡയറക്ടേർസ് ഡേ ആയി ആചരിച്ചു. രൂപതയിലെ മിഷൻ ലീഗ് സംഘടനയ്ക്ക് ഊർജ്ജം പകർന്നു കൊണ്ട് കൂടെ ആയിരിക്കുന്ന, അനേകം ഹൃദയങ്ങളിൽ പ്രേക്ഷിത ആഭിമുഖ്യം നിറയ്ക്കാൻ കർമ്മനിരതരാകുന്ന രൂപത, മേഖല, ശാഖ ജോ. ഡയറക്ടേഴ്സിനെ ഭാരവാഹികൾ ആദരിച്ചു.

**സന്യസ്തസൂനം**

ജോ. ഡയറക്ടേഴ്സ് ഡേയോടനുബന്ധിച്ച് ശാഖ, മേഖല ജോ. ഡയറക്ടേഴ്സിനായി സന്യസ്തസൂനം എന്ന പേരിൽ 'വി. അൽ ഫോൻസാമ്മയുടെ ജീവിത ദർശനങ്ങൾ സമകാലിക സന്യസ്ത ജീവിതങ്ങളിൽ' എന്ന വിഷയത്തെ ആസ്പദമാക്കി രൂപത തല ത്തിൽ കവിത മത്സരം നടത്തി. വിവിധ ശാഖകളിൽ നിന്നും മേഖലകളിൽ നിന്നുമായി അനേകർ പങ്കെടുത്ത മത്സരത്തിൽ സി. ജിൻസി ജോസ് എസ്.എച്ച് (തരിയോട്), സി. ഫിൽസി എസ്.എച്ച് (ബത്തേരി), സി. നവ്യ റോസ് എഫ്.സി.സി (മാനന്തവാടി ടൗൺ) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. പങ്കെടുത്തവർക്കും വിജയികളായ വർക്കും അഭിനന്ദനങ്ങൾ.

**ഹൃദയപൂർവ്വം ബലിയർപ്പകർക്ക്**

വിയാനി ദിനത്തിൽ ആത്മീയതയുടെ ദിവ്യാനുഭവങ്ങളിലേക്ക് അജഗണങ്ങളെ നയിക്കുന്ന എല്ലാ ബലിയർപ്പകർക്കും പ്രത്യേ കിച്ച് മാനന്തവാടി രൂപതയുടെ ഇടയനായ മാർ ജോസ് പിതാ വിനും വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കലച്ചനും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചനും, രൂപതയിലെ 13 മേഖലകളിലെ പ്രവർത്തനങ്ങൾക്ക് കരുത്തു പകരുന്ന എല്ലാ മേഖല, ശാഖ ഡയ റക്ടർ അച്ചൻമാർക്കും വൈദീക ദിനത്തിന്റെ മംഗളങ്ങൾ ആശം സിച്ചു.

**എന്നെ രൂപപ്പെടുത്തിയ വൈദികൻ**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ''എന്നെ രൂപപ്പെടുത്തിയ വൈദികൻ'' എന്ന പേരിൽ അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി വീഡിയോ

പ്രസംഗ അവതരണം സംഘടിപ്പിച്ചു. രണ്ട് വിഭാഗങ്ങളിലായി നടത്തിയ മത്സരത്തിൽ തങ്ങളുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയ ഒരു വൈദികനെ കുറിച്ച് 3 മിനിറ്റിൽ കവിയാതെ സംസാരിച്ചു. A വിഭാഗത്തിൽ യഥാക്രമം ആഞ്ജലീന റോസ് (ആറാട്ടുതറ), അലസ്റ്റിൻ സജി (അമ്പായത്തോട്), നുജ കട്ടിക നാൽ (പാടിച്ചിറ) എന്നിവരും B വിഭാഗത്തിൽ ജാനിയ തടങ്ങഴിയിൽ (ചുങ്കക്കുന്ന്), സിയാ വെള്ളിയാംകത്തിൽ (കല്ലോടി), എമിൽ കാച്ചാംകോടത്ത് (മണിമൂളി) എന്നിവരും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

**''ജീവ വൃക്ഷത്തിലെ കുരുവികൾ'' യുവ ദമ്പതി സംഗമവും പ്രോലൈഫ് വെബിനാറും.**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെയും ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2021 ആഗസ്റ്റ് 8 ന് ''ജീവവൃക്ഷത്തിലെ കുരുവികൾ'' എന്ന പേരിൽ യുവദമ്പതികളുടെ സംഗമവും പ്രോലൈഫ് സെമി നാറും സംഘടിപ്പിച്ചു. ജീവന്റെ കാവൽക്കാരാകാൻ വിവാ ഹജീവിതാന്തസ്സിൽ പ്രവേശിച്ച് 15 വർഷം പൂർത്തിയാക്കിയ എല്ലാ ദമ്പതികൾക്കും വേണ്ടിയുള്ള വെബിനാറായിരുന്നു ''ജീവവൃക്ഷത്തിലെ കുരുവികൾ''. ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ ഫാ. ജോജോ കുടക്കച്ചിറ ഏവർക്കും സ്വാഗതം ആശംസിച്ചു. ജീവന്റെ മൂല്യത്തെപറ്റിയും, എന്തുവിലകൊടുത്തും ജീവൻ സംരക്ഷിക്കേ ണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും വിശുദ്ധ ഗ്രന്ഥത്തിന്റെ പിൻബലത്തോടെ ആധികാരികമായി പറഞ്ഞുകൊണ്ട് മാനന്ത വാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഈ പരിപാടി ഉദ്ഘാടനം ചെയ്തു. കുടുംബം ജീവന്റെ പിള്ളത്തൊട്ടിൽ, സ്നേഹം ജീവന്റെ ആദ്യകാരണം, ജീവന്റെ ഉത്സവാനന്ദം കുടുംബങ്ങളിൽ ഉണരട്ടെ എന്നീ ആശയങ്ങൾക്ക് ഊന്നൽ നൽകി ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത് പ്രോലൈഫ് പ്രസ്ഥാനത്തിന്റെ കരുത്തുറ്റ നേതാവും മാനന്തവാടി ജില്ലാ ആശുപ ത്രിയിലെ ഡോക്ടറുമായ ഡോ. അബ്രഹാം ചെത്തിപ്പുഴയാണ്. യുവ ദമ്പതികളായ അരുൺ പേഴേകാട്ടിലിന്റെയും ഭാര്യ ജിന്റുവിന്റെയും പ്രാർത്ഥനയോടുകൂടി ആരംഭിച്ച വെബിനാറിന്റെ അവസാനത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ നന്ദി അർപ്പിച്ചു.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതയുടെ ഏകദേശം 22 ഓളം ശാഖകളുടെ ഡയറക്ടറായായി ശുശ്രൂഷചെയ്തിട്ടുള്ള ബഹു. മാത്യു കാട്ടറാത്ത് അച്ചന്റെ നിര്യാണത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ആദരാഞ്ജലികൾ അർപ്പിച്ച് ആത്മശാന്തിക്കായി പ്രാർത്ഥിച്ചു.

**കുഞ്ഞേട്ടൻ വേല Leader**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഓഗസ്റ്റ് 11 സ്ഥാപക നേതാവായ കുഞ്ഞേട്ടൻ അനുസ്മരണ ദിനം അത്മായ നേതൃദിനമായി ആചരിക്കുകയും ശാഖ, മേഖല, രൂപത തലങ്ങളിലുള്ള എല്ലാ ആത്മായ നേതൃത്വങ്ങളെയും ആദരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. അന്നേ ദിനം ശാഖ-മേഖല ഭാരവാഹികളുടെ ഓൺലൈൻ സംഗമം ''കുഞ്ഞേട്ടൻ വേല Leader'' എന്നപേരിൽ സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ഓൺലൈൻ സംഗമം ഉദ്ഘാടനം ചെയ്യുകയും ചെറുപുഷ്പ മിഷൻലീഗ് മുൻ അന്തർദേശീയ ഭാരവാഹിയായ തോമസ് ഏറനാട്ട് സാർ ക്ലാസുകൾ നയിക്കുകയും ചെയ്തു.

**കുഞ്ഞേട്ടൻ ക്വിസ്**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ഓഗസ്റ്റ് 11 ന് കുഞ്ഞേട്ടൻ അനുസ്മരണത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗും കുഞ്ഞേട്ടനും എന്ന വിഷയത്തിൽ കുഞ്ഞേട്ടൻ ക്വിസ് സംഘടിപ്പിച്ചു. ഗൂഗിൾ ഫോം വഴിയായിരുന്നു മത്സരം സംഘടിപ്പിച്ചത്. വിവിധ ശാഖകളിൽ നിന്നായി 500 ലധികം മിഷൻലീഗ് അംഗങ്ങൾ മത്സരത്തിൽ പങ്കെടുത്തു. A വിഭാഗത്തിൽ ആഗ്നസ് മൂഴിക്കുഴിയിൽ (നിലമ്പൂർ), ആഷിൻ തേക്കുംകാട്ടിൽ (നടവയൽ), അൽഫോൻസ ചെറുതറപ്പേൽ (കയ്യൂന്നി) എന്നിവരും B വിഭാഗത്തിൽ ജോയൽ മരങ്ങാട്ടിൽ (പുതുശ്ശേരി), അക്ഷയ കൊച്ചുകുടിയിൽ (കാരക്കാമല), മരിയ ചെറുതറപ്പേൽ (കയ്യൂന്നി) എന്നിവരും യഥാക്രമം ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

**'അമ്മയോടൊപ്പം'**

ഓഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളി

നോടാനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 'അമ്മയോടൊപ്പം' എന്ന പേരിൽ പരിശുദ്ധ അമ്മയെ കുറിച്ചുള്ള ചിന്തകൾ പോസ്റ്റർ രൂപത്തിൽ പുറത്തിറക്കി. സി.എം.എൽ മീഡിയ സെൽ അംഗങ്ങൾ നേതൃത്വം നൽകി.

**തിളക്കമാർന്ന വിജയം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന തെരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ മലബാർ റീജിയണൽ ഓർഗ്ഗനൈസർ ആയും, ദേശീയമാനേജിങ് കമ്മിറ്റി അംഗങ്ങളായി ബിനു മാങ്കൂട്ടത്തിലും, ആര്യ കൊച്ചുപുരക്കലും തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന എക്സിക്യൂട്ടീവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട രൂപതാഗംങ്ങൾക്ക് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ശാഖ വാർത്തകൾ**

**പനമരം :** ദുക്റാന തിരുനാളിനോടനുബന്ധിച്ച് സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി പ്രസംഗ മത്സരം, പെൻസിൽ ഡ്രോയിങ്, ക്വിസ് മത്സരം എന്നിവ നടത്തി. വി. അൽഫോൻസാദിനത്തിൽ നടത്തപ്പെട്ട പ്രസംഗം, കവിത, കഥപറച്ചിൽ, പ്രച്ഛന്നവേഷം, എന്നീ മത്സരങ്ങളിൽ പങ്കെടുത്തു. ഫാ.സ്റ്റാൻ സ്വാമി മരണദിനത്തിൽ പ്രതിഷേധം അറിയിച്ചു.

**തോണിച്ചാൽ:** ദുക്റാന തിരുനാളിനോടാനുബന്ധിച്ചു കുട്ടികളുടെ പരിപാടികൾ നടത്തി.തോമസ് നാമധാരികൾക്ക് ആശംസകൾ നേർന്നു. ഇടവകയിൽ നടത്തിയ കോവിഡ് വാക്സിനേഷൻ ക്യാമ്പിൽ അംഗങ്ങൾ സഹായിച്ചു. ജെ. ബി. കോശി കമ്മീഷന് നിവേദനം തയ്യാറാക്കി സമർപ്പിച്ചു. അൽഫോൻസാമ്മയുടെ തിരുനാളിൽ അൽഫോൻസ ക്വിസ് നടത്തി. വി. ജോൺ മരിയവിയാനിയുടെ തിരുന്നാൾ ദിനത്തിൽ വികാരി അച്ചനും ഇടവകയിൽ സേവനം ചെയ്തവരും ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ചവരുമായ വൈദികർക്കും രൂപത, മേഖല ഡയറക്ടർമാർക്കും ആശംസകൾ അറിയിച്ചു.

**റൂബിനഗർ :** പിതൃ ദിനത്തോടനുബന്ധിച്ച് അപ്പനെക്കുറിച്ചുള്ള അനുഭവക്കുറിപ്പ് തയ്യാറാക്കൽ മത്സരവും അനുഭവം Slide show video ഉം അപ്പനോടൊപ്പം സെൽഫി മത്സരവും നടത്തി. SSLC, +2 പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികളെ അഭിനന്ദിച്ചു. ഇടവകയിലെ അർഹരായ കുട്ടികൾക്ക് നോട്ട് ബുക്ക് നൽകി.

**വിളമ്പുകണ്ടം :** ദുക്റാന തിരുനാൾ ദിനത്തിൽ പുതിയ പ്രവർത്തനവർഷ ഉദ്ഘാടനവും പ്രവർത്തനമാർഗരേഖ 'നാളം' പ്രകാശനവും നടത്തി.വി.തോമാശ്ലീഹാ എന്ന പേരിൽ പ്രച്ഛന്ന വേഷ മത്സരം സംഘടിപ്പിച്ചു. ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തോടനുബന്ധിച്ചു വിവിധ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. International Justice Day യോടനുബന്ധിച്ചു ഡ്രോയിംങ് മത്സരംനടത്തി. ഗ്രാന്റ് പാരൻസ്ഡേ പ്രമാണിച്ച് അവരെ ആദരിക്കുകയും ആശംസ കാർഡ് നിർമ്മാണം നടത്തുകയും ചെയ്തു. അൽഫോൻസാമ്മയുടെ തിരുന്നാൾ ദിനത്തിൽ ''പുണ്യ പാതയിൽ'' എന്ന പേരിൽ സംഗമവും സെമിനാറും സംഘടിപ്പിച്ചു. ഫാ. ബെന്നി പാറാനി ക്ലാസ്സ് നയിച്ചു.

**പാടിച്ചിറ :** ശാഖയിൽ 75 പേരടങ്ങുന്ന പ്രാർത്ഥനമാല ഗ്രൂപ്പിന് രൂപം കൊടുത്തു. എല്ലാം ദിവസവും മുടങ്ങാതെ ജപമാല ചൊല്ലുന്നു.ശാഖയിലെ കുട്ടികൾക്ക് പ്രസംഗ പരിശീലനം നൽകിവരുന്നു. വികാരിയച്ചന്റെ നാമഹേതുക തിരു നാളിൽ ആശംസകൾ നേർന്നു. ലോക ഗ്രാൻഡ്പേരെന്റ്സ്ഡേ യോടനുബന്ധിച്ച് ശാഖയിൽ പ്രിയപ്പെട്ട ഗ്രാൻഡ്പേരൻസി നായി വി. കുർബാന, കുമ്പസാരം, സ്നേഹവിരുന്ന് എന്നിവ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.120 ഓളംപേർ പങ്കെടുത്തു. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗും തിരുബാലസഖ്യവും ചേർന്ന് വിവിധ മത്സരങ്ങൾ നടത്തി. ഓഗസ്റ്റ് 4 വിയാനി ദിനം എല്ലാ വൈദികർക്കും ആശംസകളർപ്പിച്ചു.

**പൂളപ്പാടം :** തോമശ്ലീഹയുടെ ഡോക്യൂമെന്ററി വീഡിയോ തയ്യാറാക്കി. വി. അൽഫോൻസാ സൂക്തങ്ങൾ വീഡിയോ രൂപത്തിൽ 9 ദിവസങ്ങളിലായി തയ്യാറാക്കി പോസ്റ്റ് ചെയ്തു. സുകൃതമഞ്ജരി 75 ദിനങ്ങൾ ആരംഭിച്ചു. സങ്കീർത്തന പാരായണം ആരംഭിച്ചു. ലോഗോസ് ക്വിസ് പരിശീലനം നടത്തി. അൽഫോൻസാ ദിനത്തിൽ വിവിധ പരി പാടികൾ സംഘടിപ്പിച്ചു.

**ഇടിവണ്ണ :** ജൂലൈ 3-ാം തീയ്യതി പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. സെന്റ് തോമസ് ഡേയോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തി. 75 ദിന ജപമാല യജ്ഞത്തിൽ അംഗങ്ങൾ പങ്ക് ചേരുന്നു. ഗ്രാൻഡ് പേരന്റ്ഡേയോടനുബന്ധിച്ച് സെൽഫി മത്സരം നടത്തി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ടെലി ക്വിസ് മത്സരവും, വചന പഠനമത്സരവും നത്തി.

**അരിഞ്ചേർമല :** വി.തോമ ശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാളുകളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും നാമധാരികളെ ആദരിക്കുകയും ചെയ്തു. സാഹിത്യ ശില്പശാല നടത്തി. സാഹിത്യ മത്സരത്തിന് അംഗങ്ങളെ ഒരുക്കി.

**മാനന്തവാടി ടൗൺ :** വി.തോമശ്ലീഹായുടെ തിരുനാൾ വിവിധ കലാപരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. 2500 രൂപ പാവപ്പെട്ട രോഗികളുടെ ചികിത്സയ്ക്കായി ചെലവഴിച്ചു.

**അമ്പലവയൽ :** അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ചിത്രരചന 'കുഞ്ഞേച്ചിക്ക് സ്നേഹപൂർവ്വം', 'മൊഴിമുത്തുകൾ' എന്നീ മൽസരങ്ങൾ നടത്തി. സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾ തയ്യാറാക്കിയ സ്റ്റാറ്റസ് വീഡിയോ സമൂഹമാധ്യമങ്ങളിൽ ഷെയർ ചെയ്തു. ജൂബിലി ഒരുക്കമായി 75 ദിവസം ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. 300 ദിവസം കൊണ്ട് പൂർത്തിയാകുന്ന സമ്പൂർണ്ണ ബൈബിൾ പാരായണം ആരംഭിച്ചു. സെന്റ് മാർട്ടിൻ പ്രവാസി കൂട്ടായ്മയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയ ഭവനങ്ങളുടെ നിർമ്മാണത്തിൽ സി.എം.എൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**നരിവാലമുണ്ട :** എസ്.എസ്.എൽ.സി, പ്ലസ് ടു വിജയികൾക്ക് ആശംസ അറിയിച്ചു. ലഹരി വിരുദ്ധ ദിനത്തിൽ പോസ്റ്റർ നിർമ്മാണ മത്സരം നടത്തി. പ്രവർത്തന വർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും നടത്തി. അൽഫോൻസ നാമധാരികളെ ആദരിച്ചു കലാപരിപാടികൾ അവതരിപ്പിച്ചു. എല്ലാദിവസവും ബൈബിൾ വചനങ്ങൾ വാട്സാപ്പിൽ പോസ്റ്റ് ചെയ്യുന്നു.

**മഞ്ഞൂറ :** വിദ്യാർത്ഥികൾ ഫോൺ കൈകാര്യം ചെയ്യുന്ന കാര്യത്തെകുറിച്ച് മാതാപിതാക്കൾക്കു ക്ലാസ് നൽകുകയും ഫോൺ സുതാര്യത ഉറപ്പു വരുത്തുകയും ചെയ്തു.

**പാലാങ്കര :** വി.അന്ന- യൊവാക്കിം ദമ്പതികളുടെ തിരുനാളിൽ ഇടവകാ തലത്തിൽ കുടുംബസെൽഫി ഫോട്ടോ മത്സരം നടത്തി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് പ്രായപരിധി അനുസരിച്ച് വിവിധ മത്സരങ്ങൾ നടത്തി. അതോടൊപ്പം SSLC,+2 പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ അനുമോദിച്ചു.

**തൃക്കൈപ്പറ്റ :** ദുക്റാന തിരുനാൾ ആഘോഷിച്ചു.സി.എം.എൽ തിരുബാലസഖ്യം വാട്സ്ആപ് ഗ്രൂപ്പ് ആരംഭിച്ചു. അൽഫോൻസാമ്മയുടെ തിരുനാൾ വിവിധ പരിപാടികളോടെ ആഘോഷിച്ചു. മേഖലയിലെ മുഴുവൻ ജോ. ഡയറക്ടർമാർക്കും ആശംസകൾ നേർന്നു.

**വഞ്ഞോട് :** ഇടവകയിലെ നിർധന കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. ഓൺലൈൻ പഠനത്തിന് സാഹചര്യം ഇല്ലാത്ത ഇടവകയിലെ കുട്ടികൾക്ക് അതിനുള്ള സൗകര്യം ഒരുക്കി. ജൂലൈ 3 ന് എല്ലാ തോമസ് നാമാധാരികളെയും ആശംസകൾ അറിയിച്ചു.

**മീനങ്ങാടി :** ''ലാ വോസ് ദ അസ്സീസി'' എന്ന പേരിൽ 1 മിനിറ്റ് ദൈർഘ്യമുള്ള സി.എം.എൽ സ്റ്റാറ്റസ് നിർമ്മിക്കുകയും ഓഗസ്റ്റ് 1 മുതൽ ശാഖാംഗങ്ങൾ വാട്സ്ആപ്പ് സ്റ്റാറ്റസ് ആയി ഇടുകയും ചെയ്തു

**മേഖല വാർത്തകൾ**

**നടവയൽ മേഖല**

ജൂലൈ മാസത്തിൽ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഒരുപാട് മത്സരങ്ങൾ ക്രമീകരിച്ചു. ഡോക്ടേഴ്സ് ഡേ സെമിനാർ നടത്തി, ഡോക്ടേഴ്സിനെ ആദരിച്ചു. 2020-21 പ്രവർത്തനവർഷത്തിലെ മികച്ച ശാഖയായി നടവയൽ, ചെറുകാട്ടൂർ, ചുണ്ടക്കര ശാഖകൾ 1,2,3 സ്ഥാനങ്ങൾ നേടി. ഫാ. സ്റ്റാൻ സ്വാമിക്ക് ആദരാഞ്ജലികൾ നേർന്നു. വി. മരിയ ഗോരേത്തിയുടെ തിരുനാൾ ദിനത്തിൽ സെമിനാർ, മത്സരങ്ങൾ, ജീവചരിത്രം എഴുതി പ്രദർശിപ്പിക്കൽ എന്നിവ സംഘടിപ്പിച്ചു. മേഖലയുടെ കീഴിലെ എല്ലാ പ്രസിഡന്റ്, സെക്രട്ടറിമാരുടെയും സംഗമം- ലൂമിനറി ക്യാമ്പ് നടത്തി. രൂപത ടീം അംഗം ശ്രീ ജോർജ് തെക്കേത്തൊട്ടി ക്ലാസ് എടുത്തു. ഗർഭഛിദ്രത്തിനെതിര പോസ്റ്റർ പുറത്തിറക്കി. ടെലി കൗൺസിലിംഗ് ആരംഭിച്ചു. ശാഖാ സന്ദർശനം ആരംഭിച്ചു. ജൂബിലി നിറവിൽ പരിപാടികൾ നടക്കുന്നു. അൽഫോൻസാ ദിന മത്സരങ്ങൾ നടത്തി. ഭാരവാഹികൾക്കു നേതൃത്വസെമിനാർ നടത്തി. രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. ഷാജി ചന്ദനപറമ്പിൽ സർ സെമിനാർ നയിച്ചു.

**കൽപ്പറ്റ മേഖല**

മേഖലയിലെ മിഷൻലീഗ് അംഗങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് തോമാശ്ലീഹായെക്കുറിച്ചുള്ള കവിതാലാപന മത്സരം സംഘടിപ്പിച്ചു. മാർഗ്ഗരേഖ തയ്യാറാക്കി. പ്രാർത്ഥന മാല ആരംഭവും, ജൂബിലി കുടുക്ക ഉദ്ഘാടനവും നടത്തി. പ്രാർത്ഥന മാലയ്ക്കായി മേഖലയിലെ വിവിധ ശാഖകളിൽ നിന്നും 75 പേരെ ക്രമീകരിച്ചു. 'ജ്വലനം' എന്ന പേരിൽ ശാഖ പ്രസിഡന്റുമാരുടെ മീറ്റിംഗ് നടത്തി.'വഴികാട്ടി' എന്ന പേരിൽ മേഖലയിലെ

ജോയിന്റ് ഡയറക്ടേഴ്സ് സംഗമം നടത്തി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച്, ഫൊറോന വികാരി ബഹു. സോമി വടയാപറമ്പിൽ അച്ചൻ എല്ലാ ശാഖ ജോ. ഡയറക്ടേഴ്സ്നെയും ആദരിക്കുകയും അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്തു.

**നിലമ്പൂർ മേഖല**

തോമാശ്ലീഹായുടെ ജീവചരിത്രം ആസ്പദമാക്കി 3 മിനിറ്റുള്ള വീഡിയോ മത്സരം നടത്തി.മേഖല മാർഗ്ഗരേഖ പ്രകാശനവും മേഖല കൗൺസിലും ജോ. ഡയറക്ടേഴ്സ് സംഗമവും നടത്തി. നവമാധ്യമങ്ങളിലെ നവപ്രേഷിതൻ വെബിനാർ നടത്തി. അഡ്വക്കേറ്റ് ജിജിൽ കിഴക്കേരക്കാട്ട് വെബിനാർ നയിച്ചു. ജെ. ബി.കോശി കമ്മീഷന് നിവേദനം തയ്യാറാക്കി സമർപ്പിച്ചു. കാരിക്കേച്ചർ-വി.അൽഫോൻസാമ്മയുടെ രൂപം വിവിധ വസ്തുക്കൾ ഉപ യോഗിച്ചുള്ള നിർമ്മാണ മത്സരവും വി. അൽഫോൻസാമ്മയുടെ വ്യത്യസ്തമായ ചിത്രങ്ങൾ ശേഖരിക്കൽ മത്സരവും നടത്തി.

**ദ്വാരക മേഖല**

75 ദിന അഖണ്ഡ ജപമാല ഭംഗിയായി നടന്നുവരുന്നു. സം ഘടനയെ പറ്റി കൂടുതൽ മനസ്സിലാക്കുന്നതിനായി 'ജൂബിലി നിറവിൽ' എന്ന പേരിൽ 75 ദിന വീഡിയോ പ്രോഗ്രാം ചെയ്തു വരുന്നു. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ജോ. ഡയറക്ടേഴ്സ് സംഗമവും ഉപന്യാസ മത്സരവും നടത്തി. എല്ലാ ശാഖകളിലെയും ജോ.ഡയറക്ടറിന് ആശംസ വീഡിയോ അയച്ചു. കരിയർ ഗൈഡൻസ് ക്ലാസ് മനോജ് ജോൺ സാറിന്റെ നേതൃത്വത്തിൽ നടത്തി 70 ഓളം കുട്ടികൾ പങ്കടുത്തു. വിയാനി ദിനത്തിൽ എല്ലാ വൈദീകർക്കും ആശംസകൾ അർപ്പിച്ചുകൊണ്ട് വീഡിയോ തയ്യാറാക്കി..

**ബത്തേരി മേഖല**

അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് സമർപ്പിത ജീവിതത്തിൽ അൽഫോൻസാമ്മയുടെ സ്വാധീനം എന്ന വിഷയത്തിൽ ഉപന്യാസ മത്സരവും ജോ. ഡയറക്ടേഴ്സിനായി സംഗമവും നടത്തി.. രൂപത എക്സിക്യൂട്ടീവ് അംഗം ബഹു. ഷാജി ചന്ദനപറമ്പിൽ ആശംസകൾ നേർന്ന് മുഖ്യ പ്രഭാഷണം നടത്തി. വി.ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ശാഖ ഡയറക്ടർമാർ ഓരോ ദിവസവും ഓരോ വിഷയം സംപ്രേഷണം ചെയ്തു. എല്ലാ ശാഖ ഡയറക്ടർമാർക്കും ആശംസ അറിയിച്ചു. ഓഗസ്റ്റ് 15 വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

**നീലഗിരി മേഖല**

അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ''എന്റെ കുഞ്ഞേച്ചിക്ക് സ്നേഹപൂർവ്വം'' എന്ന പേരിൽ ശാഖ ജോ. ഡയറക്ട്ടേഴ്സിനായി അൽഫോൻസാമ്മക്ക് കത്തെഴുതൽ മത്സരവും 9 മുതൽ ഡിഗ്രി വരെയുള്ള പെൺകുട്ടികൾക്കായി 'ഞാനൊരു സന്ന്യാസിനി ആയാൽ' എന്ന വിഷയത്തിൽ ഉപ ന്യാസ മത്സരവും സംഘടിപ്പിച്ചു. ജൂബിലിക്കൊരുക്കമായി എക്സിക്യൂട്ടീവ് അംഗങ്ങൾ ജൂലൈ 31 പ്രാർത്ഥന ദിനമായി ആചരിച്ചു. ബോസ്പാറ കോൺവെന്റിൽ വച്ചുനടത്തിയ പ്രാർത്ഥന ശുശ്രൂഷൾക്ക് മേഖല ഡയറക്ടർ ഫാ. അനീഷ് ആലുങ്കൽ നേതൃത്വം നൽകി. വി. അൽഫോൻസാമ്മയുടെ തിരുന്നാളിനൊരുക്കമായി ശാഖകളിൽ 25 മുതൽ 27 വരെ നൊവേന നടത്തി.

**കല്ലോടി മേഖല**

വി.ജോൺമരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ മേഖല ശാഖ ഡയറക്ടർമാരെ ആദരിച്ചു ആശംസകളർപ്പിച്ചു. കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തിൽ ശാഖ മേഖല ഭാരവാഹികളെ ആദരിച്ചു. വി. ക്ലാര പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ ഈ മേഖലയിൽ സേവനം ചെയ്യുന്ന എഫ്.സി.സി.സിസ്റ്റേഴ്സിന് മംഗളങ്ങൾ ആശം സിച്ചു.നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട പെരുമാട്ടിക്കുന്നേൽ അച്ചൻ ആയിരുന്ന പുതിയിടംകുന്ന് ശാഖ സന്ദർശിച്ച് ആരാധ നയും പ്രാർത്ഥനയും നടത്തി. ജൂബിലിയോടനുബന്ധിച്ച് മേഖല യിലുള്ള ശാഖകൾ സന്ദർശിച്ചു വരുന്നു. ജൂഡ്സ്മൗണ്ട്, പുതിയി ടംകുന്ന്, കല്ലോടി എന്നീ ശാഖകളിൽ ദൈവവിളി പ്രോത്സാഹ നാർത്ഥം ആരാധനകൾ നടത്തി.

കർമ്മ വീഥികളിൽ പ്രേഷിത വീര്യത്തിന്റെ അലയടികൾ ഉയർത്തി വീണ്ടും നമുക്ക് ചെമ്മഞ്ഞക്കൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**
സി.എം.എൽ രൂപത സെക്രട്ടറി

## ഫ്രീഡം അറ്റ് മിഡ്നൈറ്റ് ക്വിസ് കോമ്പറ്റീഷൻ

ഭാരതാംബയുടെ സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികദിനാഘോഷത്തിന്റെ ഭാഗമായി യുവർ നൈബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി സംഘടിപ്പിച്ച ഫ്രീഡം അറ്റ് മിഡ്നൈറ്റ്എന്ന ക്വിസ് കോമ്പറ്റീഷൻ ശ്രദ്ധേയമാകുന്നു. ഓഗസ്റ്റ് 13, ആഗസ്റ്റ് 15 എന്നീ ദിനങ്ങളിലായി നടത്തപ്പെട്ട ക്വിസ്മത്സരം 10 റൗണ്ട്സ്കളിലൂടെ പൂർത്തിയായപ്പോൾ ലൈഫ് ട്രെയിനിങ് 2017 ബാച്ച് റിച്ചാർഡ് പോൾ പയ്യമ്പിള്ളി ഒന്നാം സ്ഥാനവും, 2018 ബാച്ച് സെറിൻ ആൻ രാജേഷ് ചുങ്കക്കുന്ന് രണ്ടാം സ്ഥാനവും, 2019 ബാച്ച് സാന്ദ്ര പ്രകാശ് വിളമ്പുകണ്ടം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. അഞ്ജലി സണ്ണി കല്ലുവയൽ, ആൻമരിയ ഷിബു ചുള്ളിയാന, അലോണ മരിയ പോൾ അടയ്ക്കാത്തോട് എന്നിവർ നാലും അഞ്ചും, ആറും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഫ്രീഡം അറ്റ് മിഡ്നൈറ്റ് എന്ന ക്വിസ് കോമ്പറ്റീഷന്റെ ചീഫ് ക്വിസ് മാസ്റ്റർ ഡാനിയേൽ മാത്യു പയ്യമ്പിള്ളിയും കൂടെ നേതൃത്വം വഹിച്ചവർ ജോസ്വിൻ ജോസ് മുള്ളൻകൊല്ലി, ടെസ്വിൻ ജോഷി വഞ്ഞോട്, എമിൽ ഷാജു കൽപ്പറ്റ, ആൻസൺ പോൾ കൽപ്പറ്റ എന്നിവരുമാണ്.

## ക്വിസ് പ്രോഗ്രാം തത്സമയം

യൂട്യൂബ് വഴി സംപ്രേഷണം ചെയ്തതുമൂലം അനേകർക്കു ഇതിൽ പങ്കുചേരാനായി. ക്വിസിനു നേതൃത്വം വഹിച്ച ലൈഫ് ട്രെയിനിങ്ങ് 2019 ബാച്ചിനും വിജയികൾക്കും അഭിനന്ദനങ്ങൾ.

## ക്വിറ്റ് ഇന്ത്യ ഡേ

യുവർ നൈബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി 2021 ഓഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യാ ദിനാചരണം നടത്തി. വിദ്യാർത്ഥികളെ ഏറെ സ്വാധീനിച്ച ഒരു സ്വാതന്ത്ര്യ സമരസേനാനിയെ പരിചയപ്പെടുത്തി കൊണ്ടുള്ള വീഡിയോ തയ്യാറാക്കുന്ന മത്സരം സംഘടിപ്പിച്ചു. ലൈഫ് ട്രെയിനിങ്ങ് 2019

ബാച്ചിന്റെ നേതൃത്വത്തിൽ നടന്ന ഈ മത്സരത്തിൽ ക്രിസ്റ്റി അബി ഡേവിഡ് ഒന്നാം സ്ഥാനവും നേഹ എലിസബത്ത് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**റെയർ ഫോട്ടോ കളക്ഷൻ**

ഇന്ത്യയുടെ 75-ാംമത് സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി 2019 ലൈഫ് ബാച്ചിന്റെ നേതൃത്വത്തിൽ റെയർ ഫോട്ടോ കളക്ഷൻ മത്സരം സംഘടിപ്പിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട റെയർ ഫോട്ടോസ് ഉൾക്കൊള്ളുന്ന വീഡിയോസ് ആണ് മത്സരത്തിന് പരിഗണിച്ചത്. ക്രിസ്റ്റി അബി ഡേവിഡ് ഒന്നാം സ്ഥാനവും, ഹെലേന ജോൺസൺ രണ്ടാം സ്ഥാനവും, എയ്ഞ്ചലീന ബിജു മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.**

**ഡിജിറ്റൽ പോസ്റ്റർ**

2021 ആഗസ്റ്റ് 15 ന്റെ ഭാഗമായി ലൈഫ് ട്രെയിനിങ് 2020 ബാച്ചിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ പോസ്റ്റർ മത്സരം സംഘടിപ്പിച്ചു. 20 പേർ പങ്കുചേർന്ന മത്സരത്തിൽ ആൻ മരിയ മാൻതോട്ടത്തിൽ ഒന്നാം സ്ഥാനവും, എൽവിസ് ജോനാസ് രണ്ടാം സ്ഥാനവും, ഹെലേന ജോൺ മൂന്നാം സ്ഥാനവും സ്വന്തമാക്കി. മത്സരങ്ങൾക്ക് നേതൃത്വം വഹിച്ച സോഷ്യൽ ഡേ ഒബ്സേർവർ റെയ്ന ഷോ റാജിനു അഭിനന്ദനങ്ങൾ.

**സ്വാതന്ത്ര്യദിന സ്പെഷ്യൽ**

എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി ലൈഫ് ട്രെയിനിങ്ങ് 2020 ബാച്ചുകാരുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ഉദ്ധരണികൾ ശേഖരിക്കുന്ന മത്സരം സംഘടിപ്പിച്ചു.18 വിദ്യാർത്ഥികൾ പങ്കുചേർന്ന ഈ മത്സരത്തിൽ അയോണ ഒന്നാം സ്ഥാനവും, ആൻ മരിയ ബിനോയി രണ്ടാം സ്ഥാനവും, സോഫിയ കുര്യൻ മൂന്നാം സ്ഥാനവും നേടി. ഈ മത്സരത്തിന് നേതൃത്വം നൽകിയത് ലൈഫ് ട്രെയിനിങ് 2020 ബാച്ചിലെ സോഷ്യൽ ഡേ ലീഡർ അഞ്ജലീന റോസ് ആണ്. നേതൃത്വം നൽകിയവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

**സ്വാതന്ത്ര്യം അമൃതം**

2021 ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനാഘോഷത്തിൽ സ്വാതന്ത്ര്യം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ചിത്രരചനാമത്സരം

സംഘടിപ്പിക്കപ്പെട്ടു. 16 വിദ്യാർത്ഥികൾ പങ്കുചേർന്ന മത്സരത്തിൽ ഏബൽ തോമസ്, ആൻ മരിയ മാത്യു, ഫിയോണ മരിയ ബൈജു എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ സ്വന്തമാക്കി. ലൈഫ് ട്രെയിനിങ്ങ് 2020 ബാച്ചിലെ എഡ്വിൻ സോണിയാണ് ഇതിനു നേതൃത്വം നൽകിയത്. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.

## Life Training

### ബാഡ്ജ് ഓഫ് ഹോണർ

ഈ വർഷത്തെ അഗ്നിരക്ഷാ വകുപ്പ് ഡയറക്ടർ ജനറൽ ബാങ്ക് ഓഫ് ഓണർ പുരസ്കാരത്തിന് അർഹനായത് മാനന്തവാടി സ്റ്റേഷനിലെ സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ പി എം അനിൽ ആണ്. ലൈഫ് ട്രെയിനിങ്ങ് ഫാമിലി മെമ്പറും, രക്ഷാകർത്താവും കൽപ്പറ്റ ഇടവകാംഗമായ പി എം അനിൽ സാറിന് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി കുടുംബത്തിന്റെ പ്രാർത്ഥന നിറഞ്ഞ അഭിനന്ദനങ്ങൾ നേരുന്നു.

### പത്രവാർത്ത വായനയുടെ രാജകുമാരി

വിരസമായ കോവിഡ് കാലത്ത് പത്രവിശേഷങ്ങൾ ടെലിവിഷൻ വാർത്താ അവതാരകയുടെ അതേ ശൈലിയിൽ അവതരിപ്പിച്ച് ശ്രദ്ധ നേടുകയാണ് ലൈഫ് ട്രെയിനിങ്ങ് 2019 ബാച്ചിലെ ജോസ്ന പി ജോസഫ് എന്ന് ഒമ്പതാം ക്ലാസ്സുകാരി. കോവിഡിന്റെ ആരംഭത്തിൽ 2020 ജൂൺ മാസത്തിൽ ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾക്കു വേണ്ടി ആരംഭിച്ച പത്രവാർത്ത അവതരണം അന്നുമുതൽ അനുദിനവും വാർത്താ അവതരണം നടത്തി മുടങ്ങാതെ സാമൂഹ്യ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്ത് ശ്രദ്ധ നേടുകയാണ് ഈ കൊച്ചു കൂട്ടുകാരി. ഒരു വർഷവും രണ്ടു മാസവും പിന്നിട്ട ഈ വാർത്താ അവതരണത്തിൽ ദേശീയ പ്രാദേശിക വിഷയങ്ങൾ നിറഞ്ഞു നിൽക്കുന്നതിനാൽ സ്ഥിരമായി വാർത്ത കേൾക്കുന്ന ശ്രോതാക്കളുടെ എണ്ണം കൂടി വരികയാണ്. മൊതക്കര ഇടവക പൈനുങ്കൽ ബെന്നി സ്മിത ദമ്പതികളുടെ പ്രഥമ സന്താനമായ ജോസ്നക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെയും ലൈഫ് ട്രെയിനിങ്ങ് കുടുംബത്തിന്റെയും അഭിനന്ദനങ്ങൾ.മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായുള്ള നവദിന നൊവേന ദിനങ്ങളിൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി പരിശുദ്ധ അമ്മയോടുള്ള ആദരവ് പ്രകടമാക്കി. സാന്ദ്ര പ്രകാശ് വിളമ്പുക

ണ്ടം ആണ് സ്വർഗ്ഗാരോപിത എന്ന ഈ സ്റ്റാറ്റസ് വീഡിയോസിനു നേതൃത്വം നൽകിയത്.

## Youth Ministry Office

### ഗ്രാൻഡ് പേരൻസ് ഡേ

2021 ജൂലൈ ഇരുപത്തിയാറാം തീയതി വിശുദ്ധ അന്നാമ്മയുടെയും വിശുദ്ധ ജൊവാക്കിമിന്റെയും തിരുനാൾ ദിനത്തിൽ ജീസസ് പ്രൊഫഷണൽ കമ്മ്യൂണിറ്റിയും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി ആഘോഷിച്ചു. യുവജനങ്ങളും വിദ്യാർത്ഥികളും തങ്ങളുടെ ഗ്രാൻഡ് പേരൻസിനു നല്ല സമ്മാനങ്ങൾ നൽകി കൊണ്ട് അവരോടുള്ള ആദരവും സ്നേഹവും പ്രകടമാക്കി. ഒപ്പം ഗ്രാൻഡ് പാരൻസിനെ കുറിച്ചുള്ള നല്ല ഓർമ്മകൾ പങ്കുവെച്ച് കൊണ്ടുള്ള വീഡിയോകളും തയ്യാറാക്കി. ആദരവിന്റെ സ്നേ ഹത്തിന്റെ ഒരു സംസ്കാരം രൂപീകരിക്കുന്നതിന് ഈ ആഘോഷം സഹായകമായി.

### പോർസ്യൂങ്കുള ദണ്ഡവിമോചനം

ആഗസ്റ്റ് രണ്ടാം തീയതി സഭയിൽ നിലനിൽക്കുന്ന പോർസ്യൂങ്കുള ദണ്ഡവിമോചനം നേടുന്നതിന് വേണ്ടി ഓഗസ്റ്റ് ഒന്നാം തീയതി രാത്രി 7 മണിക്ക് യൂട്യൂബിലൂടെ ലൈവ് ആയി അനുതാപ ശുശ്രൂഷയും ആരാധനയും നടത്തി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാദർ ലാൽ ജേക്കബ് പൈനുങ്കൽ നേതൃത്വം നൽകിയ ആരാധനയിൽ യൂത്ത് മിനിസ്ട്രി കുടുംബം മുഴുവനും ഒന്നുചേർന്ന് പ്രാർത്ഥിച്ചു.

### അഭിമാന നിമിഷം

മാനന്തവാടി രൂപത യൂത്ത് മിനിസ്ട്രിക്ക് ഇത് അഭിമാന നിമിഷം. സിവിൽ സർവീസും ഗവൺമെന്റ് ഉദ്യോഗവും ലക്ഷ്യം വെച്ചുകൊണ്ട് 7 വർഷങ്ങൾക്കു മുമ്പ് മാനന്തവാടി ഫൊറോന യിലെ ആറാം ക്ലാസിൽ പഠിക്കുന്ന 20 വിദ്യാർഥികൾക്ക് വേണ്ടി മാത്രമായി പരീക്ഷണാടിസ്ഥാനത്തിൽ ലൈഫ് ട്രെയിനിങ്ങ് പരിശീലനം ആരംഭിച്ചു. അടുത്ത വർഷത്തിൽ ആറ് വിദ്യാർഥികൾ മാത്രം താമസിച്ചുള്ള പരിശീലനത്തിന് യോഗ്യരായി. അതിൽ മൂന്ന് വിദ്യാർത്ഥികൾ ലൈഫ് ട്രെയിനിങ്ങിലൂടെ പ്ലസ് ടു വിദ്യാഭ്യാസം ഈ വർഷം പൂർത്തിയാക്കിയിരിക്കുന്നു. രണ്ടു പേർ 600 ൽ 600 ഉം ഒരാൾ 600 ൽ 595 മാർക്കും നേടി ഉന്നത വിജയം നേടിയിരിക്കുന്നു. മൂന്നു പേരും പാവപ്പെട്ട വീട്ടിലെ മക്കൾ. ലൈഫ് ട്രൈനിങ്ങിൽ

ചേരുന്നതിനുമുൻപ് ക്ലാസ്സിൽ ഇരുപതാമത്തെയും പത്താമത്തെയും ഒക്കെ സ്ഥാനങ്ങളിൽ ആയിരുന്നവർ. ജോയൽ, ആശിഷ്, അമൽ നിങ്ങൾക്ക് അഭിനന്ദനങ്ങൾ.

**+2 ന്റെ ഉന്നത വിജയത്തിന് ശേഷം SSLC ക്കും മികച്ച വിജയം കരസ്ഥമാക്കിയ എല്ലാ ലൈഫ് വിദ്യാർഥികൾക്കും അഭിനന്ദനങ്ങൾ.**

മാനന്തവാടി രൂപത ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സിവിൽ സർവീസ് പരിശീലന പദ്ധതിയായ ലൈഫ് ട്രെയിനിങ്ങിൽ ഈ വർഷം പത്താം ക്ലാസ് സ്റ്റേറ്റ് സിലബസിൽ പരീക്ഷ എഴുതിയ എല്ലാവർക്കും ഫുൾ A+. CBSE, ICSE സിലബസുകളിൽ പരീക്ഷയെഴുതിയവർക്കും ഉന്നത വിജയം. +2 ന്റെ ഉന്നത വിജയത്തിന് ശേഷം SSLC ക്കും മികച്ച വിജയം കരസ്ഥമാക്കാൻ ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾക്ക് സാധിച്ചതിൽ അഭിമാനിക്കുന്നു. എല്ലാ വിദ്യാർഥികൾക്കും അഭിനന്ദനങ്ങൾ. യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ലൈഫ് ട്രെയിനിങ് ആരംഭിക്കാൻ അനുവാദവും എല്ലാ സപ്പോർട്ടും നൽകിയ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന് നന്ദി. ഒപ്പം എല്ലാ വികാരി അച്ചന്മാർക്കും. ലൈഫ്ട്രെയിനിങ്ങ് പരിശീലനം നടത്താൻ സാമ്പത്തിക സഹായമോ പ്രത്യേകസ്ഥലമോ ലഭ്യമല്ലാതിരുന്നിട്ടും കുഞ്ഞുങ്ങൾക്ക് പരിശീലനം നൽകാൻ അക്ഷീണം പ്രയത്നിച്ച യൂത്ത് മിനിസ്ട്രി ടീമിന് അഭിനന്ദനങ്ങൾ.

**ലൈഫ് ട്രെയിനിങ്ങ് 2021 ബാച്ച് ന്യൂ അഡ്മിഷൻ**

കോവിഡ് 19 പശ്ചാത്തലത്തിൽ ലൈഫ് ട്രെയിനിങ്ങ് 2021 ബാച്ചിന്റെ ഓൺലൈൻ പരിശീലനം ആരംഭിക്കുകയാണ്. ഈ വർഷം ഏഴാം ക്ലാസിൽ പഠിക്കുന്ന മാനന്തവാടി രൂപതയിലെ വിദ്യാർഥികൾക്കാണ് ഇതിലേക്ക് പ്രവേശനം ലഭിക്കുക. സിവിൽ സർവീസ് ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ പരിശീലന പദ്ധതിയിൽ പ്രവേശിക്കാൻ ആഗ്രഹവും താല്പര്യവുമുള്ള വിദ്യാർത്ഥികൾ താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് വിദ്യാർത്ഥിയുടെ മുഴുവൻ അഡ്രസ്സ്, സിലബസ്, ഇടവക, ഫോൺ നമ്പർ എന്നിവ വാട്സാപ്പ് മെസ്സേജ് അയക്കുക. 9495065656

**സ്വാഗതം**

ലൈഫ് ട്രെയിനിങ്ങ് വിദ്യാർഥികൾക്കും മറ്റു യുവജനങ്ങൾക്കും കൗൺസിലിങ്ങ് നൽകുവാനും വ്യത്യസ്തങ്ങളായ

പ്രവർത്തനങ്ങളിലൂടെ യൂത്ത് മിനിസ്ട്രിയെ സഹായിക്കുന്ന തിനും ഓഗസ്റ്റ് മാസം മുതൽ യൂത്ത് മിനിസ്ട്രി ടീമിന്റെ ഭാഗമായ സി. നിഷ എസ്.കെ.ഡി. ക്ക് സ്വാഗതം. ക്രിസ്തുദാസി സമൂഹത്തിലെ അധികാരികൾക്ക് പ്രത്യേകം നന്ദിയും അറിയിക്കുന്നു.

**സി. ആൻസി തോമസ് സി. എം. സി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

കോവിഡ് സന്നദ്ധ പ്രവർത്തകരെ ആദരിക്കൽ കോവിഡ് വ്യാപിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ സേവന സന്നദ്ധരായിരുന്ന യുവജനങ്ങളെ ആദരിക്കാനായി എസ്.എം.വൈ. സംസ്ഥാന സമിതി സംഘടിപ്പിച്ച EZER 2021ൽ രൂപതയിൽ നിന്ന് യുവജനങ്ങൾ പങ്കെടുക്കുകയും സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു.

**27-മത് അർദ്ധവാർഷിക സെനറ്റ്**

കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെ പരമാധികാരസഭയും നയരൂപീകരണ സമിതിയുമായ രൂപത സെനറ്റ് 2021 ജൂലൈ 31, ഓഗസ്റ്റ് 1 തിയ്യതികളിൽ ഓൺലൈനായി നടത്തപ്പെട്ടു. കാലഘട്ടത്തിന്റെ വെല്ലുവിളികളിൽ തളരാതെ, സമൂഹത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന യുവജനങ്ങൾ സഭയുടെ കരുത്താണെന്നും, ആവേശത്തോടെ മുന്നേറാൻ യുവജനങ്ങൾക്ക് ഇനിയും സാധിക്കട്ടെ എന്നാശംസിച്ചു കൊണ്ടും മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. 13 മേഖലകളിൽ നിന്നായി 100 ഓളം പേർ സെനറ്റ് സമ്മേളനത്തിൽ പങ്കെടുത്തു. കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കാതടത്തിൽ അധ്യക്ഷനായിരുന്നു. 13 മേഖലകളിലെയും റിപ്പോർട്ടുകളും രൂപത റിപ്പോർട്ടും സെനറ്റിൽ അവതരിപ്പിച്ചു.

**പ്രവർത്തനമാസാചരണ ഉദ്ഘാടനം**

കെ. സി. വൈ. എം പ്രസ്ഥാനത്തെ അടുത്തറിയാൻ യുവജനങ്ങൾക്ക് കരുത്തുപകരുന്ന ആഗസ്റ്റ് പ്രവർത്തനമാസാചരണത്തിന് തുടക്കമായി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് യൂണിറ്റുകളിൽ പതാക ഉയർത്തിയും, ഓൺലൈൻ മീറ്റിംങ്ങുകൾ സംഘടിപ്പിച്ചും, കെ. സി. വൈ. എം. ആന്തം ആലപിച്ചും പ്രവർത്തന മാസചരണത്തിന് ആരംഭം കുറിച്ചു. പ്രവർത്തനമാസാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം ചെറുപുഷ്പ മിഷൻ ലീഗ്

സംസ്ഥാന ഡയറക്ടറും, മുൻ കെ.സി.വൈ.എം. മാനന്തവാടി രൂപത അസിസ്റ്റന്റ് ഡയറക്ടറുമായ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ തിരിതെളിച്ച് നിർവഹിക്കുകയും ആർജ്ജവത്തോടെ മികച്ച കർമ്മപദ്ധതികളുമായി മുന്നേറാൻ യുവജനങ്ങൾക്ക് ഈ പ്രവർത്തനമാസാചരണം സഹായകമാകട്ടെ എന്ന് ആശംസിക്കുകയും ചെയ്തു.

**കാരിത്താസ് സമരിറ്റൻസ്**

കെ. സി. വൈ. എം. സംസ്ഥാസമിതി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് രൂപത തലത്തിൽ വോളന്റിയേഴ്സിനെ തെരഞ്ഞെടുത്ത് സന്നദ്ധ സേവനങ്ങളിലേക്ക് ടീമിനെ രൂപീകരിക്കുന്നതിന്റെ ആദ്യഘട്ടമായി ദ്വാരക പാസ്റ്ററൽ സെന്ററിൽ 2021 ഓഗസ്റ്റ് 12-ന് നടത്തപ്പെട്ട പരിശീലന പരിപാടിയിൽ മലബാറിലെ വിവിധ രൂപതകളിൽ നിന്നായി 30 പേർ പങ്കാളികളായി. ഞാൻ ജനിച്ച മണ്ണ് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിലും ചുങ്കക്കുന്ന് മേഖലയുടെ ആതിഥേയത്വത്തിലും ബഫർ സോൺ കരടുവിജ്ഞാപനം പിൻവലിക്കുക, ആനമതിൽ നിർമാണം പൂർത്തിയാക്കുക, വന്യമൃഗശല്യത്തിന് പരിഹാരം കാണുക, ജനവാസ ജീവിതം സുരക്ഷിതമാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേളകം ടൗണിൽ ഉപവാസസമരവും സ്വാതന്ത്ര്യസമരസേനാനികളെ അനുസ്മരിക്കലും സംഘടിപ്പിച്ചു. കെ. സി. വൈ. എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ അദ്ധ്യക്ഷനായിരുന്ന നിരാഹാര സമരത്തിൽ കെ. സി. വൈ. എം. തലശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. വിപിൻ ജോസഫ് മാറുകാട്ടുകുന്നേൽ ഉദ്ഘാടനവും, കിഫ സംസ്ഥാന പ്രസിഡന്റ് ശ്രീ. അലക്സ് ഒഴികയിൽ മുഖ്യപ്രഭാഷണവും നടത്തി. കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.ടി അനീഷ്, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റോയ് നമ്പുടാകം, വയനാട് ജനസംരക്ഷണ സമിതി ചെയർമാൻ റവ. ഫാ. ബാബു മാപ്ലശ്ശേരി എന്നിവർ പ്രതിഷേധ സ്വരമുയർത്തി സംസാരിച്ചു. പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ അഡ്വ. സണ്ണി ജോസഫ് മാനന്തവാടി രൂപത പ്രസിഡന്റ് ജിഷിൻ

മുണ്ടക്കാത്തടത്തിലിന് നാരങ്ങനീര് നൽകി നിരാഹാര സമരം സമാപിച്ചു. ചുങ്കക്കുന്ന് മേഖല പ്രസിഡന്റ് ശ്രീ. ഡെറിൻ കൊട്ടാരത്തിൽ, ചുങ്കക്കുന്ന് മേഖല ഭാരവാഹികൾ, മാനന്തവാടി രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. സ്വാഗതം കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നടവയൽ മേഖല ഡയറക്ടർ റവ. ഫാ. സന്തോഷ് ഒറവാറന്തറയ്ക്കും, കല്ലോടി മേഖല ആനിമേറ്റർ സി. ജിനി ജോസഫ് FCC യ്ക്കും, ഹൃദ്യമായ സ്വാഗതവും അഭിനന്ദനങ്ങളും പ്രവർത്തന പന്ഥാവിൽ സർവ്വവിധ ദൈവാനുഗ്രങ്ങളും ആശംസിക്കുന്നു.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി മേഖല**

മേഖലയിലെ യുവജനങ്ങളെ യുവജന ദിനത്തിന്റെ ആശംസകൾ അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ക്രൈസ്തവ ന്യൂനപക്ഷ വിഭാഗത്തിലെ തൊഴിലില്ലായ്മ സംബന്ധിച്ച് ജെ. ബി കോശി കമ്മീഷനു മുമ്പാകെ നിവേദനം, ഇ-മെയിൽ ക്യാമ്പയ്ൻ എന്നിവ സംഘടിപ്പിച്ചു. പെട്രോൾ ഡീസൽ വിലവർദ്ധനവ് ജന ജീവിതത്തെ സാരമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയ ഭീമമായ നികുതി കുറയ്ക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ. എം. മുള്ളൻകൊല്ലി കേന്ദ്ര-സംസ്ഥാന ധനകാര്യമന്ത്രിമാർക്ക് ഇ-മെയിൽ അയച്ചുക്കൊണ്ട് പ്രതിഷേധം അറിയിച്ചു. കെ.സി. വൈ.എം മാനന്തവാടി രൂപത യുവതികൾക്കായി ഒരുക്കിയ 'അവനിറ' പ്രോഗ്രാമിന് ആശംസകൾ അറിയിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾദിന സന്ദേശം മുള്ളൻകൊല്ലി മേഖലയിലെ കബനിഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് വൈസ് പ്രസിഡന്റ് അതുല്യ കെ. കുര്യൻ പങ്കുവെച്ചു.

**കല്ലോടി മേഖല**

കെ.സി.വൈ.എം കല്ലോടി മേഖലയുടെ സ്വാതന്ത്ര്യദിനാഘോഷം ജൂഡ്സ് മൗണ്ട് യൂണിറ്റിൽ സംഘടിപ്പിച്ചു. മേഖലാ ഡയറക്ടർ റവ. ഫാ. ജോജോ ഔസേപറമ്പിൽ ദേശീയപതാക ഉയർത്തി. യൂണിറ്റിലെ മുതിർന്ന നേതാക്കളുടെ അനുഭവങ്ങൾ പങ്കുവെച്ചു. മേഖലാ ട്രഷറർ ശ്രീ. ടിനു മാങ്കൊമ്പിൽ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. മേഖല യൂണിറ്റ് ഭാരവാഹികൾ എല്ലാ

വരും സന്നിഹിതരായിരുന്നു. മാനന്തവാടി മേഖല ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടി ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനു മുമ്പാകെ മേഖലയുടെ നേതൃത്വത്തിൽ 18 യൂണിറ്റുകളെ ഉൾക്കൊള്ളിച്ച് ഇ-മെയിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു. രൂപതാ സിൻഡിക്കേറ്റ് അംഗം ശ്രീ. ജോബിഷ് ജോസ് പന്നികുത്തിമാക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. കരുത്താർന്ന പെൺജീവിതം വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തെ ആസ്പദമാക്കി രൂപതാസമിതി നടത്തിയ വെബിനാറിൽ മേഖലയിൽനിന്നും 150 ഓളം യുവതികൾ പങ്കെടുത്തു.

**മാനന്തവാടി മേഖല**

അർദ്ധവാർഷിക സെനറ്റിൽ 17 യൂണിറ്റുകൾ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മേഖലാ ഡയറക്ടർ റവ. ഫാ. ലിൻസൻ ചെങ്ങനിയാടൻ എല്ലാവർക്കും ആശംസകൾ അറിയിച്ചു.

**ചുങ്കക്കുന്ന് മേഖല**

ചുങ്കക്കുന്ന്, പേരാവൂർ മേഖലകളുടെ സുക്താഭിമുഖ്യത്തിൽ അന്തർ സംസ്ഥാന പാതയായ പാൽച്ചുരം പാൽചുരം റോഡിനോട് സർക്കാർ കാണിക്കുന്ന അവഗണനയിൽ പ്രതിഷേധിച്ച് താൽക്കാലികമായി നിർമ്മിച്ച മുള്ളുവേലിക്ക് സമീപം യുവജനങ്ങൾ പ്രതീകാത്മക സംരക്ഷണ വേലിതീർത്തു. കൊട്ടിയൂർ ജനസംരക്ഷണ സമിത ചെയർമാൻ റവ. ഫാ. ബാബു മാപ്പിളശ്ശേരി ഉദ്ഘാടനം നിർവ്വഹിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ്, തലശ്ശേരി അതിരൂപത പ്രസിഡന്റ്, മേഖലാ ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു. അപൂർവ രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന കുട്ടിക്ക് 18 കോടി രൂപ വിലവരുന്ന മരുന്നിനു വേണ്ടി 100 രൂപചലഞ്ച് സംഘടിപ്പിച്ചു. സാറ എന്ന സിനിമയിലെ ഭ്രൂണഹത്യ സംബന്ധിച്ച തെറ്റായ സന്ദേശം അനുവദിക്കാൻ പാടില്ല എന്ന് പ്രതിഷേധശബ്ദം ഉയർത്തി.

**യൂണിറ്റ് വാർത്തകൾ**

**അമ്പായത്തോട് യൂണിറ്റ്**

ചുങ്കക്കുന്ന് മേഖല അർദ്ധവാർഷിക സെനറ്റിൽ വെച്ച് അടയ്ക്കാത്തോട് - ശാന്തിഗിരി മേഖലയിലെ ആനമതിൽ

നിർമ്മാണം എന്ന വിഷയത്തിൽ പ്രമേയം അവതരിപ്പിച്ചു. 2021 ൽ എസ്.എസ്.എൽ.സി വിജയകരമായി പൂർത്തീകരിച്ച ഇടവകയിലെ എല്ലാ കുട്ടികളെയും സോഷ്യൽ മീഡിയ വഴി കെ.സി.വൈ.എം യൂണിറ്റ് ആദരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. കുര്യൻ വാഴയിലിന്റെ നാമഹേതുക തിരുനാൾ സമുചിതമായി ആഘോഷിച്ചു. ക്രിസ്ത്യൻ ന്യൂനപക്ഷ പിന്നോക്കാവസ്ഥ പഠിക്കുന്ന ജെ. ബി. കോശി കമ്മീഷനു മുമ്പാകെ യുവജനങ്ങൾ നേരിടുന്ന തൊഴിലില്ലായ്മ പ്രശ്നത്തെ സംബന്ധിച്ച് നിവേദനം തയ്യാറാക്കി നൽകി. കെ. സി. വൈ. എം. ചുങ്കക്കുന്ന്, പേരാവൂർ മേഖലകൾ സംയുക്തമായി പാൽച്ചുരം ബോയ്സ് ടൗൺ റോഡിന്റെ അപകടാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് നടത്തിയ പ്രതിഷേധ സംഗമത്തിൽ അമ്പായത്തോട് യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

**വെള്ളൂന്നി യൂണിറ്റ്**

മേഖലാ അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റിൽ നിന്നും ഭാരവാഹികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഫാ. സ്റ്റാൻ സ്വാമിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. യൂണിറ്റിൽ പ്രതിഷേധജ്വാല തീർത്തു ചുങ്കക്കുന്ന് യൂണിറ്റ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ജീസസ് ശിശുഭവനിലെ പെൺകുട്ടികൾക്ക് വേണ്ടി വിവാഹ ധന സഹായം നൽകി. വി.യാക്കോബ് ശ്ലീഹ, വി. അൽഫോൻസാമ്മ എന്നീ വിശുദ്ധരുടെ തിരുനാളുകളിൽ ആ ദിനത്തിന്റെ പ്രധാന്യം വ്യക്തമാക്കി പോസ്റ്ററുകൾ വാട്സ്ആപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്തു. ചുങ്കക്കുന്ന് മേഖലാ അർദ്ധവാർഷിക സെനറ്റിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. നീതിക്കുവേണ്ടി ശബ്ദിച്ച ഫാ. സ്റ്റാൻ സ്വാമിക്കു അനുശോചനവും, നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. തോമസ് പെരുമാട്ടികുന്നേൽ അച്ചന് ആദരാഞ്ജലികളും അർപ്പിച്ചു.

**കൊട്ടിയൂർ യൂണിറ്റ്**

ജൂലൈ 25ന് Grand Parents Day യ്ക്ക് എല്ലാ മാതാപിതാക്കൾക്കും ആശംസകൾ നൽകി. കേരള ക്രൈസ്തവ വിദ്യാഭ്യാസ സാമ്പത്തിക പിന്നോക്കാവസ്ഥ, ക്ഷേമം എന്നിവയെകുറിച്ച് പഠിക്കാൻ നിയോഗിച്ച ബഹുമാനപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനു

മുമ്പാകെ പ്രശ്നങ്ങൾ അറിയിച്ചുകൊണ്ട് യുവജനങ്ങൾ നിവേദനം നൽകി. യൂണിറ്റ് എക്സിക്യൂട്ടീവ് മെമ്പേഴ്സ് ദേവാലയവും പരിസരവും വൃത്തിയാക്കി.

**ഒറ്റപ്ലാവ് യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ദേവാലപരിസരത്ത് പൂന്തോട്ടം നിർമ്മിച്ചു. ജെ. ബി. കോശി കമ്മീഷൻ മുമ്പാകെ യുവജനങ്ങൾ നിവേദനങ്ങൾ എഴുതി സമർപ്പിച്ചു. എസ്. എസ്. എൽ. സി, പ്ലസ് ടു വിജയികൾക്ക് ആശംസകൾ അറിയിച്ചു. പാൽച്ചുരം റോഡിന്റെ ശോചനീയാവസ്ഥയിൽ പ്രതിഷേധിച്ച് മേഖലയുടെ നേതൃത്വത്തിൽ നടത്തിയ മനുഷ്യവേലിയിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റിലെ പാവപ്പെട്ട കുട്ടികൾക്ക് പഠന സഹായം നൽകി.

**അടയ്ക്കാത്തോട് യൂണിറ്റ്**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് 'നാൾവഴികൾ' എന്ന പേരിൽ വിശുദ്ധയുടെ വാക്കുകൾ പോസ്റ്റർ രൂപത്തിൽ ഷെയർ ചെയ്തു. യൂണിറ്റിൽ കോവിഡ് രോഗികൾ ഉള്ള വീടുകളിൽ മരുന്നുകളും ഭക്ഷണ സാധനങ്ങളും എത്തിക്കാൻ യുവജനസുഹൃത്തുക്കൾ സദാസമയവും പ്രവർത്തനനിരതരാണ്. SSLC, +2 പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളുടെ ഫോട്ടോ വെച്ച് പോസ്റ്ററുകൾ തയ്യാറാക്കി, അവരെ അഭിനന്ദിച്ചു.

**പാൽച്ചുരം യൂണിറ്റ്**

നീതിയുടെ ശബ്ദമായി മാറിയ ഫാ. സ്റ്റാൻ സ്വാമിയുടെ നിര്യാണത്തിൽ മെഴുകുതിരി കത്തിച്ചും ജപമാല ചൊല്ലിയും പ്രാർത്ഥിച്ചു. 'മതവും വിശ്വാസവും' എന്ന വിഷയത്തെ ആസ്പദമാക്കി സി. ജസ്സിൻ യുവജനങ്ങൾക്ക് ക്ലാസ്സുകൾ നയിച്ചു. പാൽച്ചുരം റോഡിന്റെ പുനർനിർമ്മാണത്തിന് വേണ്ടി നടത്തിയ മനുഷ്യവേലിയിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.

**മണിമൂളി യൂണിറ്റ്**

Doctor's Day യോടനുബന്ധിച്ച് യൂണിറ്റിലെ ഡോക്ടർമാർക്ക് ആശംസകളർപ്പിച്ചു. യൂണിറ്റ് ഡയറക്ടറുടെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് ഔട്ട്ഡോർ പ്രോഗ്രാം നടത്തി. യൂണിറ്റ് അംഗംവരച്ച അച്ചന്റെ ഛായാചിത്രം സമ്മാനമായി നൽകി. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന യൂണിറ്റിലെ ഒരു

കുടുംബത്തിന് ആവശ്യമായ മരുന്ന് വാങ്ങി നൽകി. യൂണിറ്റിൽ നിന്ന് +2 പരീക്ഷയ്ക്ക് ഉന്നത വിജയം കരസ്ഥമാക്കിയ 23 അംഗങ്ങളെ ആദരിച്ചു. യൂണിറ്റിന്റെ നേതൃത്വത്തിൽ Covid Help Desk Team രൂപീകരിച്ചു. ക്രൈസ്തവ ന്യൂനപക്ഷ വിഭാഗത്തിലെ ജനങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് പഠിക്കുന്ന ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ യൂണിറ്റ് നിവേദനം സമർപ്പിച്ചു.

**മരക്കടവ് യൂണിറ്റ്**

കേരള സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനു മുമ്പാകെ യൂണിറ്റിലെ 27 യുവജനങ്ങൾ നിവേദനം നൽകി. പെട്രോൾ, ഡീസൽ വിലവർദ്ധനവിൽ പ്രതിഷേധിച്ച് കെ.സി.വൈ.എം. മുള്ളൻകൊല്ലി മേഖല കേന്ദ്ര സംസ്ഥാന മന്ത്രിമാർക്ക് നികുതി ഇളവ് ആവശ്യപ്പെട്ട് നടത്തിയ ഇ-മെയിൽ ക്യാമ്പയിനിൽ യൂണിറ്റിൽ നിന്നും 39 യുവജനങ്ങൾ പങ്കെടുത്തു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നവനാൾ ദിനത്തിൽ അൽഫോൻസാമ്മയെക്കുറിച്ചുള്ള ചിന്തകൾ വീഡിയോ രൂപത്തിൽ സോഷ്യൽ മീഡിയ വഴി ഷെയർ ചെയ്തു. Grand Parents Day യോടനുബന്ധിച്ച് വൃദ്ധമാതാപിതാക്കളുടെ ഫോട്ടോകൾ ശേഖരിച്ച് വീഡിയോ ഉണ്ടാക്കി പ്രദർശിപ്പിക്കുകയും അവരെ ആദരിക്കുകയും ചെയ്തു.

**കയ്യൂന്നി യൂണിറ്റ്**

കയ്യൂന്നി യൂണിറ്റിലെ ഒരു നിർധന കുടുംബത്തിന് ഭവന നിർമ്മാണ സഹായമായി യൂണിറ്റ് ഡയറക്ടർ റവ. ഫാ. വിൻസെന്റ് കളപ്പുരയുടെ നേതൃത്വത്തിൽ 28,800 രൂപയുടെ ഇഷ്ടികയും മണലും ഇറക്കി വീടിന്റെ മുറ്റത്തു എത്തിച്ചു കൊടുത്തു. NDA യുടെ നേതൃത്വത്തിൽ ലഭിച്ച ഭക്ഷണ കിറ്റുകൾ യൂണിറ്റിൽ വിതരണം ചെയ്തു. രൂപത സമിതി യുവതിക്കായ് നടത്തിയ 'അവനിറ' വെബിനാറിൽ 25 യുവതികൾ പങ്കെടുത്തു. വിവിധ കുട്ടികൾക്കായി 4249 രൂപയുടെ പഠനോപകരണങ്ങൾ വിതരണം ചെയ്തു. പാവപ്പെട്ട കുടുംബത്തിന് 10000 രൂപ ഭവന നിർമ്മാണത്തിനായി സഹായം നൽകുകയും. മറ്റൊരു കുടുംബത്തിന് യുവജനങ്ങളുടെ നേതൃത്വത്തിൽ ആട്ടിൻ കൂട് നിർമ്മിച്ചു നൽകുകയും ചെയ്തു.

**തോണിച്ചാൽ യൂണിറ്റ്**

തോണിച്ചാൽ യൂണിറ്റിലെ യുവജനങ്ങൾ ആരോഗ്യ സേവന സംവിധാനങ്ങളുമായി സഹകരിച്ചുകൊണ്ട് നടത്തിയ നാല് വാക്സിനേഷൻ ക്യാമ്പുകൾ വഴി 18 വയസ്സിന് മുകളിലുള്ള ഏവർക്കും വാക്സിൻ ലഭ്യമാക്കി. തോണിച്ചാൽ യൂണിറ്റിനെ സമ്പൂർണ്ണ വാക്സിനേറ്റഡ് യൂണിറ്റ് ആക്കി മാറ്റി. ദുക്റാന, അൽഫോൻസാമ്മ ദിനങ്ങൾ യൂണിറ്റിൽ സമുചിതമായി ആഘോഷിച്ചു. ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ നിവേദനങ്ങൾ തയ്യാറാക്കി നൽകി. തോണിച്ചാൽ യൂണിറ്റിലെ ഒരു ഭവനത്തിന് 68, 850 രൂപ സാമ്പത്തിക സഹായമായി നൽകി. തരിയോട് യൂണിറ്റ് യുവജന ദിനത്തിൽ യൂണിറ്റ് പരിധിയിൽ ഒറ്റപ്പെട്ടു താമസിക്കുന്ന വൃദ്ധരായ മാതാപിതാക്കളെ സന്ദർശിക്കുകയും മരുന്നിനും ഭക്ഷണത്തിനും ആവശ്യമായ തുക നൽകുകയും, യൂണിറ്റിലെ അംഗങ്ങളുടെ വിവിധ കലാപരിപാടികൾ സംഘടിപ്പിച്ച് യൂട്യൂബ് ചാനലിൽ ഷെയർ ചെയ്തു. SSLC പരീക്ഷയിൽ ഫുൾ A+ നേടിയ ഇടവകയിലെ വിദ്യാർഥികളെ ആദരിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ ജെ.ബി. കോശി കമ്മീഷന് നിവേദനങ്ങളയച്ചു.

**മക്കിയാട് യൂണിറ്റ്**

മക്കിയാട് യൂണിറ്റിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കോവിഡ് ബാധിച്ച 2 കുടുംബത്തിന് ഭക്ഷ്യക്കിറ്റും 1 കുടുംബത്തിന് ചികിത്സാ സഹായവും നൽകി. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് കെ.സി.വൈ.എം. അംഗങ്ങളുടെ കുടുംബങ്ങൾ ചേർന്ന് ഗൂഗിൾ മീറ്റിൽ ജപമാല വാരാചരണം നടത്തി. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ യൂണിറ്റ് ഡയറക്ടർക്ക് ആശംസകളർപ്പിച്ചു.

**കല്ലോടി യൂണിറ്റ്**

കല്ലോടി യൂണിറ്റിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ നടവയൽ ഓസാനാംഭവൻ സന്ദർശിക്കുകയും കലാപരിപാടികൾ അവതരി പ്പിക്കുകയും ചെയ്തു. ഷൈജൻ പറയിടത്തിൽ നൽകിയ 10000 രൂപ അവർക്ക് സമ്മാനമായി നൽകി. SSLC, +2 പരീക്ഷകളിൽ Full A + നേടിയ എല്ലാ വിദ്യാർത്ഥികൾക്കും

പ്രത്യേകമായി ഭിന്നശേഷിയുള്ള യൂണിറ്റ് അംഗമായ കുമാരി. ആൻ തെരേസയ്ക്ക് അഭിനന്ദനം അറിയിച്ചു. രൂപ തയുടെ നേതൃത്വത്തിൽ നടത്തിയ 'അവനിറ' വെബിനാറിൽ 25 ഓളം യുവതികൾ പങ്കെടുത്തു. ദേശീയ സ്കോളർഷിപ്പ് നേടി വയനാടിന് അഭിമാനമായ കല്ലോടി ഇടവകാംഗം അനൂപ് ലൂയി ജിറ്റോയ്ക്ക് അഭിനന്ദനമറിയിച്ചു. കല്ലോടി ഇടവകാംഗമായ ശ്രീ. നിതിൻ ലൂക്കോസ് സംവിധാനം ചെയ്ത '**പക**' എന്ന ചിത്രം ടോറന്റോ ഫിലിം ഫെസ്റ്റിവലിൽ ഡിസ്കവറി വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. വയനാടിന്റെ കുടിയേറ്റ ചരിത്രവും കാലങ്ങൾ പഴക്കമുള്ള പകയും ആണ് ചിത്രത്തിന്റെ ഉള്ളടക്കം ശ്രീ. നിതിൻ ലൂക്കോസിന് അഭിനന്ദനമറിയിച്ചു.

**ജിയോ ജെയിംസ് മച്ചുക്കുഴിയിൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹ ഒരുക്ക കോഴ്സ്

ജൂലൈ - 27, 28, 29 തിയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 96പേർ പങ്കെടുത്തു.

### അടുത്ത കോഴ്സ്

സെപ്റ്റംബർ 10,11,12/24,25,26 എന്നീ തീയതികളിൽ

### മരിയൻ സിംഗിൾസ്

2000 ജപമാലയും 2000 കരുണകൊന്തയും ചൊല്ലി കൊറോണ വൈറസിന്റെ നിർമാർജ്ജനത്തിനായി പ്രാർത്ഥിച്ചു.

### മാതൃവേദി

ജൂലൈ 31-ാം തിയതി നടന്ന അന്തർദേശിയ ജനറൽബോഡിയിൽ എട്ടുപേർ പങ്കെടുത്തു. ഓഗസ്റ്റ് 1 മുതൽ 15 വരെ പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് നോമ്പ്, പ്രത്യേക പ്രാർത്ഥനകൾക്ക് അമ്മമാർ നേതൃത്വം നൽകി. ആഗസ്റ്റ് 8 -ന് ജീവവൃക്ഷത്തിലെ കുരുവികൾ എന്ന പേരിൽ വിവാഹത്തിന്റെ 15 വർഷം പൂർത്തിയാക്കിയ ദമ്പതികൾക്കായി വെബിനാർ സംഘടിപ്പിച്ചു. സാന്ത മോനിക്ക വാട്സാപ്പ് പ്രയർഗ്രൂപ്പിന്റെ 1-ാം വാർഷികം സമുചിതമായി ആഘോഷിച്ചു. SCRIPTA- 2021 സാഹിത്യ രചനാ മത്സരങ്ങൾ ശാഖ, മേഖല , രൂപതാ തലങ്ങളിൽ നടത്തി. ആഗസ്റ്റ്-27 മാതൃവേദിയുടെ സഹ മദ്ധ്യസ്ഥയായ വി. മോനിക്കയുടെ തിരുനാൾ ആചരിച്ചു.

**ബത്തേരി മേഖല:** മേഖല ഡയറക്ടർ ബഹു. തോമസ് തൈക്കുന്നുംപുറം അച്ചൻ, സേവനരംഗത്ത് നിസ്വാർത്ഥ സേവനം ചെയ്യുന്ന മേഖലയിലെ ഡോക്ടർമാർക്ക് സ്നേഹാദരങ്ങൾ നേർന്നു. മാതൃവേദി അസംപ്ഷൻ യൂണിറ്റ് ബഹു. ജെയിംസ് പുത്തൻപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ അസംപ്ഷൻ ഹോസ്പിറ്റലിലെ ഡോക്ടർമാരെ ആദരിക്കുകയും മധുരം പങ്കുവെക്കുകയും ചെയ്തു. ദുക്റാന തിരുന്നാൾ ദിനത്തിൽ മേഖല ഡയറക്ടർ ബഹു. തോമസ് തൈക്കുന്നുംപുറം അച്ചന് ആശംസകൾ

അറിയിക്കുകയും ശാഖാതലങ്ങളിൽ തോമസ് നാമധാരികളെ ആദരിക്കുകയും ചെയ്തു. ദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ St. Thomas online quiz മത്സരത്തിൽ അഞ്ജു ജോസ് ചുള്ളിയോട്, ഷാന്റി ചിത്രഗിരി, ബിന്ദു വടക്കനാട് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ജൂലൈ 12 വിശുദ്ധ ദമ്പതികളുടെ തിരുന്നാൾ ദിനത്തിൽ വി. ലൂയി, സെലി ദമ്പതികളുടെ ജീവിതത്തിന്റെ ലഘുവിവരണം അമ്മമാർക്ക് നൽകുകയുണ്ടായി. അസംപ്ഷൻ ശാഖ ഇടവകയിലെ മുതിർന്ന ദമ്പതികൾക്കായി ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും തിരുന്നാൾ മംഗളങ്ങൾ അറിയിക്കുകയും ചെയ്തു. ജൂലൈ 13 പരി. റോസാമിസ്റ്റിക്ക മാതാവിന്റെ തിരുന്നാൾ ആശംസകൾ അറിയിച്ചു. രൂപതയുടെ നിർദേശാനുസരണം 'SCRIPTA-2021' ഭാഗമായി ലേഖനം, ചിത്രരചന, കവിയരങ്ങ്, കഥ എന്നീ മത്സരങ്ങൾ നടത്തുന്നതിനു ശാഖകൾക്ക് നിർദേശം നൽകി.

ജൂലൈ 25 Grand Parents Day യിൽ മേഖല ഡയറക്ടർ ബഹു. തോമസ് തൈക്കുന്നുംപുറം അച്ചൻ മേഖലയിലെ മുഴുവൻ പാരന്റ്സിനും ആശംസകൾ അറിയിച്ചു. മരിച്ചുപോയവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ജീവിച്ചിരിക്കുന്നവരെ ആദരിക്കുകയും ചെയ്തു. മേഖലയിലെ കുടുംബങ്ങളുടെ പേരക്കുട്ടികൾ ഒരുമിച്ചുള്ള ഫോട്ടോസ് അയച്ചു കിട്ടിയതിൽ മികച്ചതിന് സമ്മാനം നൽകി. ജൂലൈ 25 യാക്കോബ് ശ്ലീഹായുടെ തിരുന്നാൾ ദിനത്തിൽ ബത്തേരി ഫൊറോന വികാരി ബഹു. ജെയിംസ് പുത്തൻപറമ്പിൽ അച്ചനും അമ്പലവയൽ ഇടവക വികാരി ബഹു. ചാക്കോ മേപ്പുറത്ത് അച്ചനും നാമഹേതുക തിരുന്നാൾ മംഗളങ്ങൾ നേർന്നു

**തരിയോട് മേഖല :** സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുത്തു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ഏവർക്കും ആശംസകൾ അറിയിച്ചു. യോവാക്കിം, അന്ന തിരുനാൾ പാരന്റ്സ് ഡേ ആയി ആഘോഷിച്ചു.

**മാനന്തവാടി മേഖല :** മറിയത്തിന്റെ സ്തോത്രഗീതം ആലാപനം നടത്തി. ഫാ. ബിജു തൊണ്ടിപ്പറമ്പിൽ മേഖല ഡയറക്ടർ ആയി തെരെഞ്ഞെടുക്കപ്പെട്ടു. വി. തോമസ്, വി. അൽഫോൻസാ എന്നീ വിശുദ്ധരെ ഇടവകകളിൽ അനുസ്മരിച്ചു. പാരന്റ്സ് ഡേ ആഘോഷിച്ചു. സാഹിത്യ രചന, പോസ്റ്റർ എന്നീ മത്സരങ്ങൾ നടത്തി.

**ചുങ്കക്കുന്ന് മേഖല :** ഗൂഗിൾ മീറ്റിലൂടെ മേഖല എക്സിക്യൂട്ടീവ് നടത്തി. കോവിഡ് മഹാമാരിക്കെതിരെ ജപമാല ചൊല്ലി. ജൂലൈ

3 സെന്റ് തോമസ് ഡേ യിൽ തോമസ് നാമധാരികളെ ആദരിച്ചു. വി.അന്ന, യോവാക്കിം തിരുനാൾ ദിനത്തിൽ കഴിയുന്നത്ര രക്ഷിതാക്കളെ ആദരിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ പ്രാർത്ഥിച്ചും മധുര പലഹാരങ്ങൾ നൽകിയും സ്ലൈഡ് ഷോ പ്രദർശിപ്പിച്ചും ആചരിച്ചു. ജീവകാരുണ്യ പ്രവർത്തനത്തിന് 1000 രൂപ നൽകി. സാഹിത്യരചനാ മത്സരങ്ങൾ നടത്തി

**മുള്ളൻകൊല്ലി മേഖല:** ജൂലൈ 1 മുതൽ 30 വരെ മേഖലയിലെ മുഴുവൻ യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരെ ആദരിച്ചുകൊണ്ട് വീഡിയോ ഇറക്കുകയും ചെയ്തു. ഫാ. സ്റ്റാൻഡ് സ്വാമിയുടെ മരണത്തിൽ അനുശോചനം അറിയിച്ച് പ്രാർത്ഥന ദിനമായി ആചരിച്ചു. ഫാദർ തോമസ് പെരുമാട്ടിക്കുന്നേൽ അച്ചന്റെ മൃതസംസ്കാര ശുശ്രുഷയിൽ ഓൺലൈൻ ആയി പങ്കെടുത്ത് പ്രാർത്ഥിച്ചു. ഇന്ധനവില വർധനയ്ക്കെതിരെ പ്രതിഷേധം അറിയിച്ചു കൊണ്ട് പോസ്റ്റർ ഇട്ടു. സ്ത്രീധന പീഡനത്തിനെ തിരെ ശക്തമായ പ്രതിഷേധ കുറിപ്പുകൾ തയ്യാറാക്കി. 30,000 രൂപ രണ്ടു കുടുംബത്തിനായി ഭവന നിർമാണസഹായം ആയി സുമിത്ര മണിയൻ നടവയൽ, സിനി ഏരിയപ്പള്ളി എന്നിവർക്കു നൽകി. 'സിക്ക വൈറസ് അറിയിക്കേണ്ടതെല്ലാം' വെബി നാർ നടത്തി. 250 ഓളം അമ്മമാർ പങ്കെടുത്തു. 'ജീവനൊപ്പം ആണ് ഞങ്ങളുടെ നിലപാട്! ഞങ്ങൾക്കും പറയാനുണ്ട്' കെ. സി. വൈ. എം. ഒരുക്കിയ കനൽ യൂട്യൂബ് ചാനൽ പരിപാടിയിൽ അമ്മമാർ പങ്കാളികളായി. 2021 ഗ്രാൻഡ് പേരെന്റ്സ് ഡേ, പ്രായമായ മാതാ പിതാക്കൾക്ക് പൂക്കൾ, വിവിധ സമ്മാനങ്ങൾ നൽകി ആദരിച്ചു.

**മുതിരേരി :** സെന്റ് തോമസ് ദിനം ആചരിച്ച് ഇടവകയിൽ സേവനം ചെയ്യുന്ന സെന്റ് തോമസ് സിസ്റ്റേഴ്സിന് ആശംസകൾ അറിയിച്ചു. ബൈബിൾ വായനാ ദിനത്തിൽ ബൈബിൾ വായിച്ച് വീഡിയോ മേഖലയ്ക്ക് നൽകി. കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ മാതാവിന്റെ സ്തോത്രഗീതം മത്സരം സംഘടിപ്പിച്ചു. കൂടാതെ സാഹിത്യ രചനാമത്സരത്തിൽ പങ്കെടുത്തു. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ 15 അമ്മമാർ വി. കുർബാനയിൽ പങ്കെടുത്തു. അവർ ലേഖന വായ നയും ഗാനശുശ്രൂഷയും, പാച്ചോർ നേർച്ചയും നൽകി.

**കൽപ്ര :** ദുക്റാന ദിനത്തിൽ സെന്റ് തോമസ് നാമധാരികൾക്കു വേണ്ടി പ്രാർത്ഥിച്ചു. കോവിഡ് രോഗികൾക്കായി ഫ്രീ ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി.

**തലഞ്ഞി :** കോവിഡ് മഹാമാരിക്കെതിരെ ഒരു വചനം 33 പ്രാവശ്യം

വീതം എഴുതി പ്രാർത്ഥിച്ചു. ദിവ്യകാരുണ്യ ഓൺലൈൻ ആരാധന യിൽ പങ്കുചേർന്നു. എല്ലാ വെള്ളിയാഴ്ചകളിലും അഖണ്ഡ ജപ മാല നടത്തി. ആരാധനയിൽ ഇടവക കുടുംബങ്ങൾ മുഴുവൻ പങ്കെടുത്തു. എല്ലാ മുത്തശ്ശി മുത്തശ്ശൻമാരെ ആദരിച്ചുകൊണ്ട് വീഡിയോ ഇറക്കി. വിശുദ്ധ യോവാക്കീം - അന്ന തിരുനാൾ ദിനത്തിൽ നാലിൽ കൂടുതൽ മക്കളുള്ള ദമ്പതികളെ ആദരിച്ചു. ജെ. ബി. കോശി കമ്മീഷന് മാതൃവേദി നിവേദനം സമർപ്പിച്ചു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു. 10 ലും 12 ലും മുഴുവൻ എ പ്ലസ് കിട്ടിയ കുട്ടികളെ അഭിനന്ദിച്ചു. ഒരു നിർദ്ധന വിദ്യാർത്ഥിക്ക് പഠന സഹായമായി ഫോൺ നൽകി.

**മഞ്ഞൂറ:** ഭവനസന്ദർശനം നടത്തി. വൃദ്ധമാതാപിതാക്കളെ ആദരിച്ചു. വി. അൽഫോൻസാ നാമധാരികൾക്ക് ആശംസകൾ അറിയിച്ചു. വി. ജോൺ വിയാനിയുടെ തിരുനാൾ ദിനത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന് ആശംസകൾ നേർന്നു.

**കുഞ്ഞോം :** അന്തർദേശീയ സാഹിത്യ മൽസരത്തിൽ പങ്കെടുത്തു. വി. അന്ന യൊവാക്കിം തിരുനാളിന് ഗ്രാന്റ് പേരന്റ്സ് ഡേ ആയി ആഘോഷിച്ചു. അന്നേദിവസം ഈ ഇടവകയിലെ എല്ലാ മുത്തശ്ശന്റേയും മുത്തശ്ശിയുടെയും കൊച്ചു മക്കളുടെയും ഫോട്ടോ എടുത്തു വീഡിയോ ആക്കി പ്രദർശിപ്പിച്ചു. വികാരിയച്ചന്റെ നാമഹേതുക തിരുനാളും ആനിമേറ്റർ സിസ്റ്ററിന്റെ ജൂബിലിയും സംയുക്തമായി ആഘോഷിച്ചു. ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷന് നിവേദനം തയ്യാറാക്കി സമർപ്പിച്ചു. ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. കാർമ്മൽ മാതാവിന്റെയും അൽഫോൻസാമ്മയുടെയും തിരുനാൾ ആഘോഷിച്ചു. വാക്സിനേഷൻ ക്യാമ്പ് നടത്തിയതിൽ അമ്മമാർ സഹകരിച്ചു. സാന്താ മോനിക്ക മധ്യസ്ഥ പ്രാർത്ഥന എല്ലാ അമ്മമാർക്കും ദിവസവും അയച്ചു കൊടുത്തു.

**വാളേരി :** ദുക്റാന തിരുനാൾ സാഘോഷം കൊണ്ടാടുകയും പൈതൃകമായി നമുക്ക് ലഭിച്ച വിശ്വാസദീപത്തിന്റെ ഒളിമങ്ങാതെ നമ്മുടെ കുടുംബങ്ങളിൽ കത്തിജ്വലിക്കുവാൻ വി. തോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് പ്രാർത്ഥിച്ചു. മക്കളുടെ ഓൺലൈൻ ക്ലാസ്സുകളിൽ മാതാപിതാക്കൾ ശ്രദ്ധിച്ചു. കുടുംബങ്ങളിലെ വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി സന്ധ്യാപ്രാർത്ഥനയിൽ അതീവ ശ്രദ്ധ ചെലുത്തി. വി. ജോവാക്കീം അന്ന ദമ്പതിമാരുടെ തിരുനാളി നോടനുബന്ധിച്ച് എല്ലാ ദമ്പതിമാർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. കോവിഡ് എന്ന മഹാവ്യാധിക്കെതിരെ

അൽഫോൻസാമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യം അപേക്ഷിച്ചു. ഇടവകയിൽ വച്ച് നടന്ന 2-ാം ഡോസ് കോവിഡ് വാക്സിനേഷൻ ക്യാമ്പിന് നേതൃത്വം നൽകി.

**വഞ്ഞോട്:** ഇടവകാതലത്തിൽ അമ്മമാർക്ക് അൽഫോൻസാമ്മയെക്കുറിച്ച് ഉപന്യാസവും ക്വിസ് മത്സരവും നടത്തി. രൂപതാ മേഖലാതലങ്ങളിൽ നടത്തിയ വി. യൗസേപ്പിതാവിനെക്കുറിച്ചുള്ള കഥ, കവിത, ഉപന്യാസം, ചിത്രരചന മത്സരങ്ങളിൽ ഏതാനും അമ്മമാർ പങ്കെടുത്തു. മാസാവസാന ഞായറാഴ്ച വികാരിയച്ചൻ അമ്മമാർക്കു വേണ്ടി വി. കുർബാന അർപ്പിച്ചു . ജൂലൈ 3 എല്ലാ തോമസുമാർക്കുവേണ്ടിയും പ്രാർത്ഥന നടത്തി

**നരിവാലമുണ്ട :** കോവിഡ് ഡ്യൂട്ടി ചെയ്യുന്ന പോലീസ് സേനയ്ക്ക് ആദരം അർപ്പിച്ച് ഭക്ഷണപൊതികൾ വഴിക്കടവ് എസ്. ഐ. ക്കു കൈമാറി. ഡയറക്ടർ റവ. ഫാ. ബിജു ഉറുമ്പിൽ, ആനിമേറ്റർ സി. ബെറ്റ്സി, പ്രസിഡന്റ് ജിഷ ജോൺസ്, ട്രഷറർ ഷീജ ബിനോയ് എന്നിവർ നേതൃത്വം നൽകി. 'വിശ്വാസവിളക്കേന്തുന്ന അമ്മ' എന്നപേരിൽ വീഡിയോ തയ്യാറാക്കി. യുവജന മാസാചരണ ഭാഗമായി യുവജനങ്ങളെ ചേർത്തുപിടിച്ച് 'സ്ത്രീജന്മം' എന്ന പേരിൽ യുവ സ്ത്രീകളുടെ പീഡന മരണങ്ങളിൽ പ്രതിഷേധിച്ചുള്ള നൃത്തശില്പം തയ്യാറാക്കി. ജോവാക്കിം - അന്ന ഡേ ആചരണ ഭാഗമായി 'അവരോടൊപ്പം എന്ന പേരിൽ' തിരഞ്ഞെടുക്കപ്പെട്ട ദമ്പതികളുമായി എക്സിക്യൂട്ടീവ് അഭിമുഖം നടത്തി. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഇടവകയിലെ മുഴുവൻ സംഘടനകളേയും ചേർത്തുപിടിച്ച് 'സഹന പുഷ്പം' എന്ന പേരിൽ വീഡിയോ തയ്യാറാക്കി. ഈ വേറിട്ട അഞ്ച് പ്രവർത്തനങ്ങളും സോഷ്യൽ മീഡിയയിലൂടെ ജനശ്രദ്ധ ആകർഷിച്ചു. അൽഫോൻസ നാമധാരികളെ ആശംസിച്ചുകൊണ്ട് ആശംസ പോസ്റ്റർ തയ്യാറാക്കി. ജെ.ബി. കോശി കമ്മീഷന് ന്യൂനപക്ഷ ക്ഷേമത്തിനായുള്ള നിവേദനം അമ്മമാർ 100 എണ്ണം സമർപ്പിച്ചു. ഫാദർ സ്റ്റാൻ സ്വാമിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. അന്തർദേശീയ സീറോ മലബാർ മാതൃ വേദി ഒരുക്കിയ സിക വൈറസ് അറിയേണ്ടതെല്ലാം എന്ന വെബിനാറിൽ പങ്കെടുത്തു. 9. 10, പ്ലസ് ടു, സി. ബി. എസ്. ഇ. പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് ആശംസ പോസ്റ്ററുകൾ തയ്യാറാക്കി.

**മരക്കടവ് :** പാചകവാതക വിലവർദ്ധനവിനെതിരെ അമ്മമാർ പ്രതിഷേധിക്കുകയും പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു. യോവാക്കിം, അന്ന, തിരുനാളിനോടനുബന്ധിച്ച് ഇടവക തലത്തിൽ

ക്വിസ് മത്സരം നടത്തി. ജൂലൈ 1 മുതൽ 31 വരെ യുവജനങ്ങൾക്ക് വേണ്ടി ബൈബിൾ വാക്യങ്ങൾ പറഞ്ഞു പ്രാർത്ഥിച്ചു. ജെ. ബി. കോശി കമ്മീഷന് അമ്മമാർ ചേർന്ന് നിവേദനം നൽകി. മരക്കടവ് സെന്റ് കാതറൈൻ ഓൾഡ് ഏജ് ഹോമിൽ അമ്മമാർക്ക് പൂന്തോട്ടം നിർമ്മിക്കാനും, പൂച്ചട്ടികൾ നിറയ്ക്കാനും സഹായിച്ചു. സെമിനാരി വിദ്യാർഥികൾക്കായി പഠിക്കാൻ 2000 രൂപ സഹായം കൊടുത്തു.

**കുറുമണി:** ഡോക്ടേഴ്സ് ഡേ ആചരിച്ചു. കർമ്മല മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. തോമസ് നാമധാരികൾക്ക് ആശംസ കൾ നേർന്നു. ഏറ്റവും കൂടുതൽ മക്കളുള്ള കുടുംബത്തെ ആദ രിച്ച് 500 രൂപ നൽകി. 5000 രൂപ വിധവ സഹായം നൽകി. ഒരു നിർദ്ദന കുടുംബത്തിന് ഭക്ഷണകിറ്റ് നൽകി. സംസ്ഥാന മത്സരത്തിൽ പങ്കെടുത്തു.

**മണിമൂളി :** സെന്റ് തോമസ് ദിനത്തിൽ ബഹുമാനപ്പെട്ട തോമസ് അച്ചനും മറ്റു തോമസ് നാമധാരികൾക്കു ആശംസകൾ അർപ്പിച്ചു. ഇടവകയിൽ 'തോമാശ്ലീഹാ ചരിത്രവും വിശ്വാസവും' എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസവും കുഞ്ഞുങ്ങൾക്കായി 'തോമാശ്ലീഹായെ അനുകരിക്കൽ ' മത്സരവും നടത്തി. മിഷൻ ലീഗ് നടത്തിയ ഓൺലൈൻ ഫാമിലി ക്വിസിൽ അമ്മമാർ പങ്കെടുത്തു. ഡൽഹിയിലെ സീറോമലബാർ ലിറ്റിൽ ഫ്ളവർ കത്തോലിക്ക ദേവാലയം തകർത്ത അധികാരികളുടെ നടപ ടിയിൽ മാതൃവേദി പ്രതിഷേധം അറിയിച്ചു. വി. അന്ന ജൊവാക്കിം തിരുനാൾ ദിനത്തിലും വി. അൽഫോൻസാമ്മയുടെ തിരു നാൾ ദിനത്തിലും എക്സിക്യൂട്ടീവ് അംഗങ്ങൾ ദിവ്യബലിയിൽ പങ്കെടുത്തു. കാഴ്ച സമർപ്പണം നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ബഹുമാനപ്പെട്ട വൈദികരുടേയും വാർഡ് മെമ്പർമാരുടെയും സാന്നിധ്യത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ കോവിഡ് സെന്റർ സന്ദർശിച്ചു രോഗികൾക്ക് ഉച്ചഭക്ഷണം നൽകി. ഒരു നിർദ്ദനകുടുംബത്തിന് അരിയും മറ്റ് അവശ്യ സാധനങ്ങളും എത്തിച്ചുകൊടുത്തു.

**അടയ്ക്കാത്തോട് :** പള്ളിയിൽ വെച്ച് ആരാധനയും കൊന്തനമ സ്കാരം നടത്തി. ഡയാലിസിസ് രോഗിയെ സഹായിച്ചു. കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സിനു വേണ്ടി ഫോണുകൾ വാങ്ങിച്ചു കൊടുത്തു. രോഗീസന്ദർശനം നടത്തി.

**കേളകം :** നിർദ്ദനരായ നാലു കുട്ടികൾക്ക് ഫീസും ഒരു കുടുംബ ത്തിന് ചികിത്സയും നൽകി. കൊറോണ മൂലം വിഷമിക്കുന്ന ഒരു കുടുംബത്തിന് സാമ്പത്തികമായി സഹായിച്ചു. രണ്ടു കുട്ടികൾക്ക്

പഠനത്തിന്റെ ഭാഗമായി 7000 രൂപ നൽകി. പാരന്റ്സ് ഡേ ക്ക് 10 ദമ്പതികളെ ആദരിച്ചു.

**കളത്തുവയൽ :** കർമ്മല മാതാവ്, സെന്റ് തോമസ്, സെന്റ് അൽഫോൻസ എന്നീ തിരുനാളുകൾക്ക് നാമധാരികളെ കണ്ടെത്തി ആശംസകൾ അറിയിച്ചു. ഡൽഹിയിലെ ലിറ്റിൽ ഫ്ളവർ ദേവാലയം പൊളിച്ചതിനെതിരെ പ്രതിഷേധമറിയിച്ചു. കോവിഡ് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**പൂക്കോട്ടുംപാടം :** ഡോക്ടേഴ്സ് ഡേയിൽ ഇടവകയിലെ ഡോക്ടേഴ്സിനെ ആദരിച്ചു. ആദ്യവെള്ളിയാഴ്ച ചെയിൻ റോസറി നടത്തി. തോമസ് നാമധാരികളെ ആദരിച്ചു. ഫാ. സ്റ്റാൻസ്വാമിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി കരിദിനം ആചരിച്ചു. സങ്കീർത്തനമാല, മാത്തർ കോർഡിസ് എന്നീ പരിപാടികളിൽ യൂ ട്യൂബിൽ പങ്കെടുത്തു. ഗ്രാന്റ് പാരന്റ്സ് ഡേയിൽ കൊച്ചുമക്കൾ അവരെ ആദരിച്ചു. നാലും അതിൽ കൂടുതൽ മക്കളുള്ള കുടുംബങ്ങളെ ആദരിച്ചു.

**കോട്ടത്തറ :** യുവജനങ്ങൾക്കുവേണ്ടി കരുണകൊന്ത ചൊല്ലി. കിടപ്പുരോഗികളെ സന്ദർശിച്ചു. ശാഖാമത്സരങ്ങൾ നടത്തി. പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്കുവേണ്ടി തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പ്രായമായവരെ കൊച്ചുമക്കൾ ആദരിച്ചു.

**ശിശുമല :** കോവിഡ് രോഗികൾക്കുവേണ്ടി ജപമാല ചൊല്ലി. യുവജനങ്ങൾ, വൃദ്ധർ എന്നിവരെ ആദരിച്ചു. സിക്ക വൈറസ് വെബിനാറിൽ പങ്കെടുത്തു. 10, +2 കുട്ടികൾക്ക് അനുമോദനം അറിയിച്ചു. ഭവനസഹായം 500 രൂപ നൽകി.

**റൂബി നഗർ :** പുതിയ ഡയറക്ടർ ബഹു. അനീഷ് കാട്ടാത്ത് അച്ചനെ സ്വാഗതം ചെയ്തു. സെന്റ് തോമസ് ആശംസകൾ അറിയിച്ചു.

**ഫാ. ജോജോ കുടക്കച്ചിറ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

സിയോൻ ആദ്യശനി ഏകദിന കൺവെൻഷൻ ആഗസ്റ്റ് 7 -ന് വൈകിട്ട് 6.45 മുതൽ 8.10 വരെ ഓൺലൈനായി നടത്തി. അസിസ്റ്റന്റ് ഡയറകർ ബഹു. പ്രിൻസ് തെക്കേതിൽ വചനം പങ്കുവെച്ചു. സ്വർഗ്ഗാരോപണ തിരുനാൾ സന്ദേശം നൽകി, ആരാധനയ്ക്ക് നേതൃത്വം കൊടുത്തു. സി. ലിസ SKD, ബ്ര. ബിജു പുളിക്കൽ എന്നിവർ ഗാനങ്ങളാലപിച്ചു.

എല്ലാ ഞായറാഴ്ചകളിലും റവ. ഫാ. പ്രിൻസ് തെക്കേതിൽ, ഫാ. സോണി വഴകാട്ട് , റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ എന്നിവർ ഓൺലൈൻ വചന വിചിന്തനങ്ങൾ പങ്കുവെച്ചു.

മെയ് 15 ന് ആരംഭിച്ച കരുണയുടെ ജപമാല 3000 വും കഴിഞ്ഞു ഭംഗിയായി മുമ്പോട്ടുപോകുന്നു.

എല്ലാവെള്ളിയാഴ്ചകളിലും സിയോൻ ടീം 10.30 am മുതൽ 11.00 am വരേ പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നു.

സീറോ മലബാർ സിനഡിന്റെ വിജയത്തിനായി സിയോൻ ശുശ്രൂഷകർ വീടുകളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ അഖണ്ഡ പ്രാർത്ഥനയും, മൂന്ന് പേരുടെ ഒരു ഗ്രൂപ്പ് സിയോൻ ചാപ്പലിൽ പ്രത്യേക ആരാധനയും നടത്തി.

മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്കായി spiritual sharing ഉം കുമ്പസാരവും ക്രമീകരിച്ചു.

NB:

*അടുത്ത ആദ്യശനി കൺവെൻഷൻ ശുശ്രൂഷകൾ സെപ്റ്റംബർ 4ന് വൈകിട്ട് 6.45 pm മുതൽ 8.00 pm വരെ ഓൺലൈൻ ആയി നടത്തുന്നതാണ്.

നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് spiritual sharing നും കുമ്പസാരിക്കുവാനും സൗകര്യം ഉണ്ടായിരിക്കും.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

ഏവർക്കും സുഖമെന്ന് കരുതുന്നു. ക്ലേശകരമായ കാലങ്ങളിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. എങ്കിലും പ്രത്യാശയാണ് നമ്മെ നയിക്കുന്നത്. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും, സ്വാതന്ത്ര്യദിനവും സമുചിതമായി ആഘോഷിച്ചുവെന്ന് കരുതുന്നു. പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിനായി മുടക്കം കൂടാതെ നാം പ്രാർത്ഥിക്കേണ്ടതായുണ്ട്. അസ്വസ്ഥതയുടേയും നീതിനിഷേധത്തിന്റെയും മനുഷ്യഅവകശലംഘനങ്ങളുടേയും സാഹചര്യങ്ങളിലൂടെയാണ് ലോകമെമ്പാടുമുള്ള ജനതതി കടന്നുപോകുന്നത്. സമാധാനപരമായ സാഹചര്യങ്ങൾക്കായി നമുക്ക് തീഷ്ണമായി പ്രാർത്ഥിക്കാം. പ്രാർത്ഥനയും സഹനജീവിതവും സത്യാഗ്രഹവും, അഹിംസയുമൊക്കെ ഏറെ പ്രസക്തമാകുന്ന കാലഘട്ടത്തിലാണ് നാം ഉള്ളത്. സാഹചര്യത്തിനും കാലത്തിനുമൊപ്പം നമ്മുടെ പ്രാർത്ഥനാശൈലികളും മാറേണ്ടതായുണ്ട്. കാലത്തിനൊത്ത വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടതായുണ്ട്. ഏറെ മാസങ്ങളായി നടവയലിലെ ഓസാനാംഭവനിൽ സന്ദർശനങ്ങൾ ഇല്ലാത്ത അവസ്ഥയാണുള്ളത്. വളരെ ചുരുങ്ങിയ സംഭാവനകൾ മാത്രമാണ് ഈ അഗതിമന്ദിരത്തിൽ എത്തുന്നത്. നമ്മുടെ ഏവരുടേയും സഹായസഹകരണങ്ങൾ അത്യാവശ്യമായിരിക്കുകയാണ്. ഓഗസ്റ്റ് 20-ന് ഓസാനാംഭവൻ ഭരണസമിതിയും, സി.സി. ബോർഡ് യോഗവും ചേരുകയുണ്ടായി. എഫ്. സി. ആർ. എ. നിയമം അവതരിപ്പിച്ചു. ആവശ്യമായ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദത്തുകുടുംബങ്ങൾക്കുള്ള ടിന്നിം ഗ്രാന്റ് വിതരണം അതാത് കുടുംബങ്ങൾക്കുള്ള ബാങ്ക് അക്കൗണ്ടിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഇതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നും നൽകുന്നതാണ്.

കോൺഫ്രൻസ് യോഗങ്ങളും എ.സി.യോഗങ്ങളും കൃത്യമായി നടക്കുന്നുണ്ടെന്ന് കരുതുന്നു.

എല്ലാവർക്കും പ്രാർത്ഥനാശംസകൾ നേരുന്നു.

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
(സി.സി. ആത്മീയ ഉപദേഷ്ടാവ്)
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
(സി. സി. പ്രസിഡന്റ്)

**പ്രകൃതി പരിപോഷണം നമ്മുടെ കടമ: മാർ ജോസ് പൊരുന്നേടം**

ലോകം ഇന്ന് പരിസ്ഥികമായി വലിയ വെല്ലുവിളികൾ നേരിടുകയാണെന്നും പ്രകൃതി പരിപോഷണം നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നും മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം. മനുഷ്യന്റെ പൊതുഭവനമായ ഭൂമിയുടെ സുസ്തിതിക്കും ഭദ്രതയ്ക്കുമായി നമ്മെതന്നെ സമർപ്പിച്ചുകൊണ്ട് അതിന്റെ മനോഹാരിത സംരക്ഷിക്കത്തക്ക വിധത്തിൽ ജീവിതരീതിയിൽ മാറ്റം വരുത്തണമെന്ന് പിതാവ് ആവശ്യപ്പെട്ടു. കേരള സോഷ്യൽ സർവ്വീസ് ഫോറം പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പയുടെ 'അങ്ങേയ്ക്ക് സ്തുതി' എന്ന ചാക്രിക ലേഖനം പ്രായോഗികമാക്കുന്നതിന് മലബാർ മേഖലയിലെ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളിലെ ഡയറക്ടർമാർക്കും പ്രവർത്തകർക്കുമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടത്തിയ ദ്വിദിന ശില്പശാലയിൽ ഉദ്ഘാടനം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യ മാനേജർ ഡോക്ടർ വി ആർ ഹരിദാസ്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, കാരിത്താസ് ഇന്ത്യ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. വർഗീസ് മറ്റമന, ഇക്യൂറ്റർ ജിയോ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ജെയിംസ് ജോസ്, കേരള സോഷ്യൽ സർവ്വീസ് ഫോറം ടീം ലീഡർ സിസ്റ്റർ ജെസീന, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ എന്നിവർ സംസാരിച്ചു. കോഴിക്കോട്, താമരശ്ശേരി, തലശ്ശേരി, കണ്ണൂർ, ബത്തേരി, മാനന്തവാടി രൂപതകളിലെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഡയറക്ടർമാർ, പ്രവർത്തകർ എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു.

**ഫലവൃക്ഷ തൈകൾ നടീൽ : സംസ്ഥാനതല ഉദ്ഘാടനം**

കേരളത്തിലെ കത്തോലിക്കാ രൂപതകളിലെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കേരള സോഷ്യൽ സർവ്വീസ് ഫോറം റൂബി ജൂബിലി ഈ വർഷം ആച രിക്കുകയാണ്. ജൂബിലി ആചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾക്കൊപ്പം കേരളത്തിലെ 32 രൂപതകളിലും ഫല വൃക്ഷ തൈകൾ നട്ടുവളർത്തുവാൻ തീരുമാനമെടുത്തു. രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ സമൂഹത്തിൽ ഫലം നൽകുന്ന പ്രസ്ഥാനങ്ങളായി നിലകൊള്ളുക എന്ന ലക്ഷ്യത്തോ ടെയാണ് ഫലവൃക്ഷ തൈകൾ നട്ടുവളർത്തുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന കർമ്മം ചിങ്ങം 01 കർഷകദിനത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഓഫീസ് ക്യാമ്പസിൽ മാനന്തവാടി രൂപത അദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം സപ്പോട്ട തൈ നട്ട് നിർവ്വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ, കാരിത്താസ് ഇന്ത്യ മാനേജർ ഡോക്ടർ വി. ആർ. ഹരി ദാസ്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, കേരള സോഷ്യൽ സർവ്വീസ് ഫോറം ടീം ലീഡർ സിസ്റ്റർ ജെസീന സെബാസ്റ്റ്യൻ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ തുടങ്ങിയവർ സംബന്ധിച്ചു.

**മാസ്കുകൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റിലൈൻസ് ഫൗണ്ടേഷനുമായി സഹകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്ത നങ്ങളുടെ ഭാഗമായി പോലീസ്, ഹെൽത്ത് വർക്കേഴ്സ്, ആശ വർക്കേഴ്സ്, സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾ, ഡ്രൈവേഴ്സ് എന്നിവർക്ക് മാസ്കുകൾ വിതരണം ചെയ്തു. വിതരണ ഉദ്ഘാ ടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ നിർവ്വഹിച്ചു. വയ നാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, റീജിയണൽ കോ - ഓർഡിനേറ്റർ ശ്രീമതി ആലീസ് സിസിൽ എന്നിവർ സംസാരിച്ചു.

**മെഡിക്കൽ കിറ്റ് വിതരണം ചെയ്തു.**

കാരിത്താസ് ഇന്ത്യ, കേരള കാത്തോലിക് ബിഷപ്സ് കൗൺസിൽ, സീറോ മലബാർ രൂപത മെൽബൺ ഓസ്ട്രേലിയ, കാത്തലിക് മിഷൻ എന്നിവയുടെ സാമ്പത്തിക സഹായത്തോടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തു. വിതരണ ഉദ്ഘാടനം മാനന്തവാടി രൂപത അദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ, കാരിത്താസ് ഇന്ത്യ മാനേജർ ഡോ. വി. ആർ. ഹരിദാസ്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ. തുടങ്ങിയവർ സംസാരിച്ചു. മെഡിക്കൽ പൾസ് ഓക്സോ മീറ്റർ, മെഡിക്കൽ തെർമോ മീറ്റർ, വെപ്പോറൈസർ, സാനിറ്റൈസേർസ്, മാസ്കുകൾ, ഹാൻഡ് വാഷ് എന്നിവയാണ് മെഡിക്കൽ കിറ്റിൽ ഉള്ളത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി 100 കുടുംബങ്ങൾക്കാണ് മെഡിക്കൽ കിറ്റ് വിതരണം നടത്തുന്നത്.

## ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT കോഴ്സിലേയ്ക്ക് 2021-2022 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ഓഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യൂക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്. എസ്. എൽ. സി. യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ഹ്രസ്വകാല സാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു

കട്ടിംഗ് & ടെയ്ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന് ചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY കോഴ്സിന്റെ ഈ അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിച്ചുവെങ്കിലും കോവിഡ് വ്യാപനം കാരണം സെന്ററുകൾ താത്ക്കാലികമായി അടച്ചിരിക്കുകയാണ്. കോവിഡ്-19 ന്റെ വിലക്കുകൾ പിൻവലിച്ചാലുടനെ സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതാണ്.

### ഈ കോഴ്സിന്റെ പ്രത്യേകതകൾ

തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം  കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകി വരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSCയുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ ഒന്ന് മുതൽ ആറു മാസം വരെ ജോലി ചെയ്യുന്ന സ്ഥലങ്ങൾക്ക് അനുസൃതമായി 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7560892324 എന്ന നമ്പറിലോ WSSS ന്റെ ഓഫീസ് നമ്പറായ 04935 240314 എന്ന നമ്പറിലോ ബന്ധപ്പെടുക.

## SAFP

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽപ്പെട്ട എല്ലാ കുടുംബങ്ങളുടെയും വ്യക്തിഗത ബാങ്ക് പാസ് ബുക്കുകൾ ശേഖരിച്ച് സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ ഓഫീസിൽ സമർപ്പിക്കുന്ന കാര്യക്രമങ്ങളാണിപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. WSSSന്റെ നേതൃത്വത്തിൽ വിതരണം ചെയ്യുന്ന മെഡികിറ്റ് സേവ് എ ഫാമിലി കുടുംബോദ്ധാരണ പദ്ധതിയിൽപ്പെട്ട 08 കുടുംബങ്ങൾക്ക് നൽകി. ഈ വർഷത്തെ SSLC, PLUS TWO പരീക്ഷകളിൽ, ഈ

പദ്ധതിയിൽപ്പെട്ട കൂടുംബങ്ങളിൽ നിന്നുമുള്ള 03 കുട്ടികൾ FULL A+ കരസ്ഥമാക്കി.

1. **ANAMIKA SUNNY CHERUKATTOOR (XII)**
2. **ABHISHEK BABY MULLANKOLLY (X)**
3. **DONYIA BENNY THAVINJAL (X)**

മൂന്നുപേർക്കും ഹൃദയപൂർവ്വകമായ അഭിനന്ദനങ്ങളും ദൈവാനുഗ്രഹങ്ങളും നേരുന്നു.

## കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ പുതിയതായി അംഗത്വം എടുക്കാൻ ഈ മാസം 48 അപേക്ഷകൾ ലഭിച്ചു.

തയ്യൽ തൊഴിലാളി ക്ഷേമനിധി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി എന്നിവയിൽ വാർഷിക പ്രീമിയം 80% പൂർത്തിയായി. വാർദ്ധക്യപെൻഷന് 03 ചെറുകിട തോട്ടം തൊഴിലാളികളുടെ അപേക്ഷ പ്ലാന്റേഷൻ ഓഫീസിൽ സമർപ്പിച്ചു.

## സ്വാവലംബൻ

കേന്ദ്ര ഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതിയിൽ ചേർന്ന 13 പേർക്ക് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് ഫണ്ട് തിരിച്ച് കിട്ടാനുള്ള അപേക്ഷ സമർപ്പിച്ചു. 60 വയസ്സ് പൂർത്തിയായ 09 പേർക്ക് ഈ മാസം അവരുടെ ഫണ്ട് തിരികെ ലഭിച്ചു.

## സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)

കണിയാമ്പറ്റ യൂണിറ്റിൽ മഴക്കാല രോഗങ്ങളെ കുറിച്ചും അവയുടെ പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ചും ശ്രീമതി. ആലീസ് സിസിൽ ക്ലാസെടുത്തു. ഈ മാസം 03 ആട്ടിൻ കുഞ്ഞുങ്ങളുടെ വിതരണം നടത്തി.

## ആശാകിരണം

ആശാകിരണം പദ്ധതിയുടെ ഭാഗമായി മുറിവെണ്ണ നിർമ്മാണം തവിഞ്ഞാൽ യൂണിറ്റിൽ നടന്നു. പരിപാടിയുടെ ഉദ്ഘാടനം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. റവ. ഫാ. ആന്റോ മമ്പള്ളിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

SWS യൂണിറ്റുകളിൽ ക്യാൻസറിനെതിരെ തിരി തെളിയിച്ച് പ്രാർത്ഥന നടത്തി. സ്തനാർബുദത്തെ കുറിച്ച് ഡോ. സെബാസ്റ്റ്യൻ വി. ജെ ക്ലാസെടുത്തു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവവിഭവങ്ങളുപയോഗിച്ച് പരിസ്ഥിതിക്ക് കോട്ടം വരാത്തരീതിയിൽ പ്രാദേശിക കാലാവസ്ഥാഭേതങ്ങൾക്ക് അനുസരണമായി ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥായിയായ കൃഷി രീതികളെ ജൈവകൃഷി എന്ന് പറയാം. മണ്ണിന്റെയും വിലയുടെയും ഉത്പാദനക്ഷമത ഉയർത്തുകയും നിലനിർത്തുകയും ചെയ്യുന്നതരത്തിലുള്ള കൃഷിമുറകളായിരിക്കണം ജൈവകൃഷിയിൽ അനുവർത്തിക്കേണ്ടത്. ജൂലൈ മാസം 317 കർഷകർക്കാണ് പദ്ധതിയിൽ അംഗത്വം നൽകിയത്.

**ജൈവ സാക്ഷ്യപത്രം പുതുക്കൽ**

പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ ജൈവ സാക്ഷ്യപത്രം പുതുക്കുന്നതിനുള്ള സർട്ടിഫിക്കേഷൻ ഏജൻസിയുടെ പരിശോധന നടന്നുകൊണ്ടിരിക്കുന്നു. നിലവിൽ 21 ICS കളിൽ ഓഡിറ്റ് പൂർത്തീകരിച്ചു. ലാക്കകോൾ സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ഓർഗാനിക് ഓഡിറ്റ് ശ്രീ. സണ്ണി ആന്റണി, ശ്രീ. അജയ് ഘോഷ്, ശ്രീ. വിത്സൻ ശ്രീധരൻ ശ്രീ. എൽദോ എന്നിവർ ഓഫീസും കൃഷിയിടങ്ങളും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തുവരുന്നു.

**ജൈവകൃഷി- ശാസത്രീയ രീതിയിൽ : സ്റ്റാഫ് പരിശീലനം സംഘടിപ്പിച്ചു**

ജൈവ കാർഷിക രംഗത്തെ പുത്തൻ മാറ്റങ്ങൾ മാനദണ്ഡങ്ങൾ എന്നിവയെ ആസ്പദമാക്കി ഓർഗാനിക് ടീമിന് വേണ്ടി ഏകദിന പരിശീലനം സംഘടിപ്പിച്ചു. ഓർഗാനിക് കൺസൾട്ടന്റ് ശ്രീ. സണ്ണി ആന്റണി ക്ലാസുകൾ നയിച്ചു.

**കഫെ പ്രത്യേക ഭരണ സമിതി യോഗം**

കോവിഡ് പ്രതിസന്ധി രൂക്ഷമായ പശ്ചാത്തലത്തിൽ ഭരണ സമിതി അംഗങ്ങളെ വച്ച് സംഘടനയുടെ വാർഷിക പൊതുയോഗം നടത്തി. ജൂലൈ ഏഴാം തീയ്യതി കഫെ ചെയർമാൻ റവ.

ഫാ. ബിനു പൈനുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഖ്യ ഉപദേഷ്ടാവ് അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ ആമുഖ പ്രഭാഷണം നടത്തി.

**വൊഫെ പ്രത്യേക ഭരണ സമിതി യോഗം**

ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷന്റെ പ്രത്യേക ഭരണ സമിതി യോഗം 2021 ജൂലൈ മാസം എട്ടാം തീയ്യതി ബയോവിൻ കോൺഫറൻസ് ഹാളിൽ വച്ച് നടത്തി. സെകട്ടറി ജോയ് പരിയാരത്ത് പ്രവർത്തന റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ എന്നിവ അവതരിപ്പിച്ചു. കോവിഡ് പ്രതികൂല സാഹചര്യം കണക്കിലെടുത്ത് 2021– 22 വർഷത്തെ സംഘടനയുടെ പ്രവർത്തന രൂപ രേഖ തയ്യാറാക്കി. വൊഫെ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ ശ്രീ. സുനിൽ പാലമറ്റം നന്ദി അറിയിച്ചു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ അംഗങ്ങളായ കർഷകരിൽ നിന്നും ഉണക്കകുരുമുളക് കിലോയ്ക്ക് 465 രൂപ നിരക്കിൽ 1287 കിലോയും, പച്ചമാങ്ങ കിലോയ്ക്ക് 20 രൂപ നിരക്കിൽ 287 കിലോയും, പച്ച ഇഞ്ചി കിലോയ്ക്ക് 45 രൂപ നിരക്കിൽ 50 കിലോയും, 35 രൂപ നിരക്കിൽ 9170 കിലോ വാഴക്കുലയും സംഭരിച്ചു.

**സംസ്കരണം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോവിന്റെ അഗ്രോപ്രോസസ്സിംഗ് സെന്റർ കാപ്പി, ഇഞ്ചി, കുരുമുളക്, വാഴപ്പഴം, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 415 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

**'ത്രിവർണം' മാറ്റൊലി ക്വിസ്**

75-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു വയനാട് ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായ് റേഡിയോ മാറ്റൊലി ത്രിവർണം മാറ്റൊലി ക്വിസ് ചോദ്യോത്തര പരിപാടി സംഘടിപ്പിച്ചു. എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ, റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്ത ദേശനായകർ എന്ന പ്രോഗ്രാം, എന്നിവ ആസ്പദമാക്കിയായിരുന്നു മത്സരം. കണിയാരം ഫാ. ജി കെ. എം ഹയർസെക്കണ്ടറി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി നീരജ് കെ. ഒന്നാം സ്ഥാനവും, മാനന്തവാടി എം. ജി.എം. ഹയർ സെക്കണ്ടറി സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനി സനു ജോസ് രണ്ടാം സ്ഥാനവും, നടവയൽ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥി അമൻ സി. ഷജു മൂന്നാം സ്ഥാനവും നേടി. വിജയികൾക്ക് യഥാക്രമം 3001,2001,1001 എന്നിങ്ങനെ ക്യാഷ് അവാർഡ് വിതരണം ചെയ്തു.

**ഡോ. ബി അഭിലാഷിന് നന്ദിപൂർവ്വം**

പ്രളയം, നിപ്പ, കോവിഡ് മഹാമാരിക്കാലത്ത് ജില്ല നേരിട്ട പ്രതിസന്ധികളിൽ ഒപ്പം നിന്ന് ജില്ലയുടെ ആരോഗ്യമേഖലയേയും സാമൂഹ്യജീവിതത്തേയും നയിച്ച നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം മാനേജർ ഡോ. ബി. അഭിലാഷിന് റേഡിയോ മാറ്റൊലിയിൽ യാത്രയയപ്പ് നൽകി. ജില്ലയിലെ ആദിവാസി ജനവിഭാഗങ്ങൾക്കിടയിൽ ആരോഗ്യബോധവത്കരണം നടത്തുന്നതിനായി റേഡിയോ സെറ്റുകൾ വിതരണം നടത്തുന്നതിനും മാറ്റൊലി റേഡിയോ വഴി തുടരാം ജാഗ്രത എന്ന പ്രോഗ്രാമിലൂടെ നിരവധി പ്രോഗ്രാമുകൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ദേശനായകർ**

സ്വാതന്ത്ര്യദിനാചരണത്തോടനുബന്ധിച്ച് ജില്ലാ ഭരണകൂടവും, റേഡിയോ മാറ്റൊലിയും സംയുക്തമായി സ്വാതന്ത്ര്യ

സമര ചരിത്രത്തിലെ തിളക്കമേറിയ വ്യക്തിത്വങ്ങളെ ആദരിക്കുന്ന ദേശനായകർ എന്ന പ്രോഗ്രാം പ്രക്ഷേപണം ചെയ്തു. ഓഗസ്റ്റ് 2 മുതൽ 16 വരെ രാത്രി 8.20 നും രാവിലെ 8.40 നും ഉച്ചക്ക് 1.15 നും ആണ് പരിപാടി പ്രക്ഷേപണം ചെയ്തത്.

**ടോക്കിയോ 2020**

ടോക്കിയോയിൽ നടന്ന ഒളിംപിക്സിനോടനുബന്ധിച്ച് ടോക്കിയോ 2020 എന്ന പേരിൽ ഒളിംമ്പിക്സ് വിശേഷങ്ങൾ പങ്കുവെക്കുന്ന പ്രോഗ്രാം പ്രക്ഷേപണം ചെയ്തു.

## CEMCA Video Challenge

CEMCA Video Challenge ൽ അവാർഡ് നേടിയ ടീം അംഗങ്ങൾക്ക് സ്വീകരണവും അനുമോദന ചടങ്ങും സംഘടിപ്പിച്ചു.

**കർക്കിടകം**

രാമായണ മാസാചരണത്തിന്റെ ഭാഗമായി കർക്കിടകം എന്ന പേരിൽ ഒരു മാസം രാമായണ പാരായണം സംഘടിപ്പിച്ചു.

കർക്കിടകം കരുതലോടെ എന്ന പേരിൽ പ്രത്യേക കർക്കിടക ചര്യകളും ചികിത്സകളും പരിചയപ്പെടുത്തി.

**ഓണനിലാവ്**

ഓണത്തോടനുബന്ധിച്ച് ഓണനിലാവ് എന്ന പേരിൽ പത്ത് ദിവസം ശ്രോതാക്കളുടെ ഓണം ഓർമ്മകളും വിശേഷങ്ങളും പങ്കുവെച്ചു.

**അവയവദാനം മഹാദാനം**

അവയവദാനം മഹാദാനം എന്ന പേരിൽ അവയവദാനവാരാചരണം സംഘടിപ്പിച്ചു. ഈ പരിപാടിയിൽ അവയവദാനം നടത്തിയവരേയും അവരുടെ അനുഭവങ്ങളും പരിചയപ്പെടുത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ്സ് ' AKCC



സാമുദായിക ശാക്തീകരണം മുഖമുദ്രയാക്കി പ്രവർത്തന പന്ഥാവിൽ കത്തോലിക്ക കോൺഗ്രസ്സ് മാനന്തവാടി രൂപത മറ്റൊരു പ്രവർത്തന മാസം കൂടി പൂർത്തിയാക്കുന്നു.

**പ്രവർത്തന വഴികളിലേക്ക് ഒരു തിരിഞ്ഞു നോട്ടം.**

**അണുനശീകരണവും കോവിഡ് പ്രതിരോധവും**

കത്തോലിക്ക കോൺഗ്രസ്സ് മാനന്തവാടിയുടെ ജനകീയപദ്ധതികളിൽ ഒന്നായിരുന്നു പുക ഉപയോഗിച്ചുള്ള അണുനശീകരണ പദ്ധതിയായ ഫുമിഗേഷൻ. മാനന്തവാടി രൂപതയുടെ ആശുപത്രിയായ സെന്റ് ജോസഫ് മിഷൻ ആശുപത്രിയുടെ സഹകരണത്തോടെ ആദ്യ ഘട്ടത്തിൽ ആരംഭിച്ച പദ്ധതി പിന്നീട് രണ്ട് ഉപകരണം മേടിച്ചു സ്വന്തമായി ചെയ്യുന്ന തലത്തിലേയ്ക്ക് എത്തി.

**ആഗസ്റ്റ് മാസത്തിൽ**

വയനാട് ജില്ലയിലെ വിവിധ ഇടങ്ങളിലായി 10 ഓളം പോലീസ് സ്റ്റേഷനുകൾ, ത്രിതല പഞ്ചായത്ത് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, കീം എക്സാം പോലെയുള്ള പൊതു പരീക്ഷകൾ നടത്തിയ സ്കൂളുകൾ, കോവിഡ് മരണങ്ങൾ സംഭവിച്ച വീടുകളിലും ശവസംസ്കാരം നടക്കുന്ന ഇടങ്ങളിലും കോവിഡ് ബാധിച്ച് വീടുകളിൽ തന്നെ നിരീക്ഷണത്തിൽ കഴിയുന്നവർ, സമരിറ്റൻസ്നൊപ്പം രോഗികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ തുടങ്ങി 100 ഓളം അണുനശീകരണ പദ്ധതി നടത്താനും പൊതു ജനശ്രദ്ധ നേടാനും ഈ പദ്ധതി കൊണ്ട് സാധിച്ചു എന്നത് ഏറെ അഭിമാനർഹമായ കാര്യമായിരുന്നു.

**കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാം**

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി രാജ്യം ഏറ്റവും അധികം ചർച്ച ചെയ്ത വാക്സിനേഷൻ യജ്ഞത്തിൽ നിർണ്ണായകമായ ഒരു പങ്ക് നിർവ്വഹിക്കാൻ കത്തോലിക്ക കോൺഗ്രസ്സ് മാനന്തവാടിക്ക് കഴിഞ്ഞു. സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിന്റെ സഹായത്തോടെ വയനാട് ജില്ലയുടെ 8- ഓളം ഇടങ്ങളിൽ നമ്മുടെ ഇടവക പള്ളികളുടെ സംവിധാനങ്ങൾ ഉപയോഗിച്ച് കൊണ്ട് കത്തോലിക്ക കോൺഗ്രസ്സ് രൂപത, ഫോറോന യൂണിറ്റ് തലങ്ങളുടെ സഹായത്തോടെ കമ്മ്യൂണിറ്റി വാക്സിനേഷൻ

പ്രോഗ്രാം 2 -ാം ഡോസ് ജൂലൈ 20 മുതൽ ആഗസ്റ്റ് 10 വരെയുള്ള കാലയളവിൽ 2400 ന് മുകളിൽ ആളുകൾക്ക് രണ്ടാം ഡോസും തികച്ചും സൗജന്യമായി നടത്താൻ സാധിച്ചു. നടത്തിപ്പിലും ക്രമീകരണങ്ങളിലും തികഞ്ഞ അച്ചടക്കം പുലർത്തിയ ഈ കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാം വയനാട് ജില്ലയിൽ ഏറെ ശ്രദ്ധനേടുകയും അഭിനന്ദനം ഏറ്റ് വാങ്ങുകയും ചെയ്തു.

**പെയിൻ ആന്റ് പാലിയേറ്റീവ്**

പെയിൻ ആന്റ് പാലിയേറ്റീവ് രംഗത്തു അൽമായ നേതൃത്വം സജീവമാവുക എന്ന ഉദ്ദ്യേശത്തോടെ നയപരമായതും ദീർഘവീക്ഷണവും ഉള്ള പദ്ധതികൾ ആണ് ആവിഷ്കരിക്കുന്നത്. കമില്യൻ സന്യാസ സമൂഹത്തിന്റെ സഹായത്തോടെ ആരോഗ്യ മേഘലയിലും രോഗീ പരിചരണ രംഗത്തും സജീവമാവുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'നവജീവൻ' എന്ന പദ്ധതിയിലൂടെ 2 ലക്ഷത്തോളം രൂപയുടെ മരുന്നുകൾ കിടപ്പു രോഗികൾക്ക് വീടുകളിൽ എത്തിച്ചു നൽകുകയും ചെയ്തു. 300 ഓളം ഭക്ഷണ കിറ്റുകൾ രൂപതയുടെ വിവിധ ഇടങ്ങളിൽ രോഗികൾ ആയവർക്കുള്ള പ്രത്യേക സഹായമായി വീടുകളിൽ എത്തിച്ചു നൽകി.

കൂടാതെ 3 ഓക്സിജൻ കോൺസൻട്രേറ്റർ, 2 ഒക്സിജൻ സിലിണ്ടർ, ഗ്ലോബൽ സമിതിയുടെ സഹായത്തോടെ ലഭ്യമായ പൾസോക്സീ മീറ്റുകൾ ചേർത്ത് മെഡിക്കൽ കിറ്റുകളാക്കി 100ഓളം മെഡിക്കൽ കിറ്റുകൾ, 6 icu bed, 3 വീൽചെയർ, 5 ടോയിലറ്റ് കമ്മോഡ് തുടങ്ങിയവ വിവിധ ഇടങ്ങളിൽ നൽകി.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും കോവിഡ് മരണങ്ങളുടെ മൃതസംസ്കാരത്തിനും അണുനശീകരണ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാനായി 300 ഓളം കിറ്റുകൾ, 500 മാസ്ക്, 500 ഗ്ലൗസ്സ് തുടങ്ങിയവ വിവിധ ഫോറോനതല സമിതികൾക്ക് കൈമാറുകയും അവരിലൂടെ അത് മാനന്തവാടി സമരിറ്റൻസിനു നൽകുകയും ചെയ്തു. ലഭ്യമായ സാഹചര്യങ്ങളെ ഉപയോഗിച്ച് ഓരോ യൂണിറ്റും ഒരു പാലിയേറ്റീവ് യൂണിറ്റ് കൂടി ആക്കി മാറ്റുക എന്നതാണ് ലക്ഷ്യം

**ന്യൂനപക്ഷ ക്ഷേമവും**
**സമുദായ ശാക്തീകരണവും.**

EWS വിഷയം അതി രൂക്ഷമായ സാഹചര്യത്തിൽ ന്യൂനപക്ഷ ക്ഷേമ വിഷയങ്ങൾ ആഴത്തിൽ പഠിച്ചു ഇടപ്പെടുക എന്ന ലക്ഷ്യത്തോടെ കത്തോലിക്ക കോൺഗ്രസ്സ് രൂപത പ്രവർത്തക സമിതി അംഗങ്ങൾക്ക് വിവിധ ഫോറോനകളുടെ ഉത്തരവാദിത്തം

അവയുടെ നേതൃത്വത്തിൽ ഫോറോന ഹെൽപ് ഡെസ്ക്കുകൾ രൂപീകരിക്കുകയും ചെയ്യുന്നു.

ഒരു ഫൊറോനയിൽ ഒരു രൂപത പ്രവർത്തക സമിതി അംഗവും 3 ഫോറോനാ ഭാരവാഹികളും ചേർന്ന് 4 പേരടങ്ങുന്ന ഹെൽപ് ഡസ്ക് രൂപീകരിക്കുകയും രൂപതാ പബ്ലിക് അഫയേഴ്സ് ആൻസ് വിജിലൻസ് കമ്മീഷൻ അവർക്കായി 2 ഘട്ടമായി പരിശീലനം നൽകുകയും ചെയ്തു. അതിന്റെ പശ്ചാത്തലത്തിൽ EWS സംവരണം, ന്യൂനപക്ഷ സ്കോളർഷിപ്പുകൾ, തുടങ്ങിയ വിഷയങ്ങളിൽ മാർഗ്ഗനിർദ്ദേശം ഓഫീസ് ഇടപെടലുകൾ എന്ന ലക്ഷ്യത്തോടെയാണ് ഹെൽപ് ഡസ്ക് ആരംഭിച്ചത്.

ആഗസ്റ്റ് മാസം പ്രധാനമായും ഹെൽപ്ഡസ്ക് അംഗങ്ങൾ അഡ്വ. ഗ്ലാഡിസ് ചെറിയാന്റെ നേതൃത്വത്തിൽ വിവിധ വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ കേന്ദ്രീകരിച്ചു ഓഫീസ് അധികാരികളുമായി ചർച്ചകളും ഇടപെടലുകളും നടത്തുകയും EWS സർട്ടിഫിക്കറ്റ് അർഹതയുള്ളവർക്ക് നൽകാനുള്ള കാലതാമസവും സാങ്കേതികത്വവും പരിഹരിക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തു. ജെ. ബി. കോശി. കമ്മീഷനും ന്യൂനപക്ഷ ക്ഷേമവും ക്രൈസ്തവ ന്യൂനപക്ഷ ക്ഷേമം പഠിക്കുന്നതിന് രൂപീകരിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് മുൻപാകെ പഠനങ്ങളും നിവേദനങ്ങളും സമർപ്പിക്കാനായി 5 അംഗ പഠന കമ്മിറ്റി രൂപീകരിച്ച് മാനന്തവാടി. രൂപതയ്ക്കായി ന്യൂനപക്ഷ ക്ഷേമം എന്ന ഹെഡ്ഡിലും കത്തോലിക്കാ കോൺഗ്രസ്സ് രൂപത സമിതിക്കായി പൊതുവായും റിപ്പോർട്ട് തയ്യാറാക്കുകയും ജൂലൈ മാസം 27-ാം തീയതി കല്പറ്റയിൽ ബഹു. ജസ്റ്റിസ് ജെ. ബി. കോശിയെ നേരിട്ട് കണ്ടു നിവേദനവും പഠനരേഖയും നൽകുകയും ആശങ്കങ്കൾ രേഖകൾ സഹിതം അറിയിക്കുകയും ചെയ്തു. ഒപ്പം ഫാ. ബാബു മാപ്ലശേരി, ജിൽസ് മേക്കൽ എന്നിവരുടെ നേതൃത്വത്തിൽ ചുങ്കക്കുന്നു ഫോറോന സമിതിയും ജസ്റ്റിസ് ജെ. ബി. കോശിയെ നേരിട്ട് കണ്ടു നിവേദനം നൽകുകയും പഠന രേഖ കൈമാറുകയും ചെയ്തു. വളരെ ഫലപ്രദമായ ഒരു ഇടപെടൽ ഈ വിഷയത്തിൽ നടത്താൻ കാത്തോലിക്കാ കോൺഗ്രസിന് സാധിച്ചു.

**സംഘടനാ ശാക്തീകരണം**

യൂണിറ്റ്, ഫോറോനാ തല സമിതികളുടെ ശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ടുള്ള സൗഹൃദ സന്ദർശനങ്ങൾ ആഗസ്റ്റ് മാസത്തിലും സജീവം ആയിരുന്നു. നടവയൽ, ദ്വാരക ഫോറോനകളിൽ സന്ദർശനം നടത്തുകയും പൾസ് ഒക്സീമീറ്ററുകൾ

ppe kit എന്നിവ വിതരണം ചെയ്തു. സന്ദർശനങ്ങൾക്ക് ഡയറക്ടർ ഫാ. ജോബി മുക്കാട്ട്കാവുങ്കൽ, പ്രസിഡന്റ് ഡോ. കെ. പി. സാജു, ജനറൽ സെക്രട്ടറി അഡ്വ. ജിജിൽ, ജോർജ്ജ് കുട്ടി വിലങ്ങാപ്പാറ, ശ്രീ വർക്കി നിരപ്പേൽ , അഡ്വ. ഗ്ലാഡിസ്, അനീഷ് ഓമക്കര, സജിൻ ചാലിൽ, വിൻസെന്റ് ചേരാവേലിൽ, റെനിൽ കഴുതാടിയിൽ എന്നിവർ നേതൃത്വം നൽകി. 14-08-2021 ശനിയാഴ്ച തൃശൂർ വച്ച് നടന്ന ഗ്ലോബൽ ഗവർണിങ് യോഗത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പെങ്കെടുക്കുകയും രൂപത പ്രവർത്തനങ്ങളുടെ റിപ്പോർട്ടിങ് നടത്തുകയും ചെയ്തു.

**പ്രതികരണം പ്രധിഷേധം**

ആവിഷ്കാര സ്വാതന്ത്ര്യത്തിന് മറ പറ്റി തുടർച്ചയായ ക്രൈസ്തവ അവഹേളനം സിനിമാ പേരുകളിലൂടെയും, ഇതിവൃത്തങ്ങളിലൂടെയും അവതരിപ്പിക്കുന്ന ശക്തികൾക്കെതിരെയുള്ള താക്കീതായി ശക്തമായ പ്രധിഷേധമാണ് രൂപത പ്രവർത്തക സമിതി രേഖപ്പെടുത്തിയത്. കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊണ്ടു സംഘടനയെ നയിക്കുന്ന എല്ലാവരെയും, പ്രോത്സാഹനവും പ്രാർത്ഥനയും നൽകുന്ന എല്ലാവരെയും സ്നേഹത്തോടെ ഓർമ്മിച്ചുകൊണ്ട്.

ജനറൽ സെക്രട്ടറി
**അഡ്വ. ജിജിൽ കിഴക്കരക്കാട്ട്**

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

കൊവിഡ് മഹാമാരി നമ്മുടെ അനുദിന ജീവിതത്തെ പിടിച്ചുലയ്ക്കുമ്പോഴും സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**'ഞങ്ങളു കൂടെ' - ഭക്ഷ്യ കിറ്റ് വിതരണം.**

കോവിഡ് മാഹാമാരിയുടെ അനന്തര ഫലങ്ങൾ സമൂഹത്തെ ഗ്രസിച്ചുക്കൊണ്ടിരിക്കുന്ന ദിനങ്ങളിലൂടെ ആണല്ലോ നാം കടന്ന് പോയിക്കൊണ്ടിരിക്കുന്നത്. വളരെ പ്രത്യേകമായി സാധാരണ ജനങ്ങൾ അനുദിന ജീവിതച്ചിലവുകൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ സാഹചര്യത്തിൽ നീലഗിരി ഡെവലൊപ്മെൻറ് സൊസൈറ്റി സൂചി ഫൗണ്ടേഷൻ തായ്‌വാൻ, സ്നേഹ ഫൗണ്ടേഷൻ ബാംഗ്ലൂർ എന്നീ സന്നദ്ധ സംഘടനകളുമായി ചേർന്ന് കുടുംബങ്ങൾക്ക് 1000 രൂപ മൂല്യമുള്ള അവശ്യ വസ്തുക്കൾ അടങ്ങിയ ഭക്ഷ്യ ധാന്യകിറ്റുകളുടെയും മെഡിക്കൽ അനുബന്ധ വസ്തുക്കടെയും മൂന്നാം ഘട്ട വിതരണം അന്തിമഘട്ടത്തിലെത്തി. ഗൂഡല്ലൂരിലെ കയ്യൂന്നി, കൽപ്ര അരുൾനിലയം, വിമലഗിരി, ധർമഗിരി, മൺവയൽ, ബോസ്പാറ, ആറാട്ടുപാറ, പനംചിറ, കുന്നലാടി, ബെക്കി എന്നീ ഇടവകളിലും ദേവാല, നാടുകാണി പ്രദേശങ്ങളിലെ അംഗവൈകല്യം സംഭവിച്ചവർ, വിധവകൾ, പിന്നോക്ക വിഭാഗത്തിൽപ്പെട്ട അർഹരായവർ, ആദിവാസികൾ എന്നിവർക്കുമാണ് കിറ്റുകൾ വിതരണം ചെയ്യുന്നത്. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി തൊള്ളായിരം കിറ്റുകളാണ് NDS-ന്റെ നേതൃത്വത്തിൽ വിതരണം ചെയ്തത്. ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മേഖല കോർഡിനേറ്റർ ലിൻറ്റോ 2 പാട്ടശ്ശേരിയിൽ ജൂഡ് മാർട്ടിൻ എന്നിവർ വിവിധ ഇടങ്ങളിലെ റിലീഫ് കിറ്റ് വിതരണത്തിന് നേതൃത്വം നൽകി.

**ലഹരി വിരുദ്ധ ദിനാചരണം**

ലോക ലഹരി വിരുദ്ധ ദിനം 'ജീവിതമാണ് ലഹരി' എന്ന ആപ്തവാക്യവുമായി വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ആചരിച്ചു. ലഹരിക്കടിമപ്പെടാതെ ജീവിക്കേണ്ടതിന്റെ ആവശ്യകതയും ലഹരിക്കടിമകളായവർക്ക് എപ്രകാരം ലഹരിയിൽ നിന്നും മോചനം നേടാം എന്നതിനെകുറിച്ചും വിദഗ്ധരുടെ നിർദ്ദേശങ്ങൾ അടങ്ങിയ ഡോക്യുമെന്ററി എല്ലാ ഗ്രൂപ്പുകളിലേയ്ക്കും ഓൺലൈൻ ആയി എത്തിച്ചു. ലഹരിയുടെ കെട്ടുപാടുകൾ ഈ പ്രദേശത്തെ പല കുടുംബങ്ങളെയും ദുരിതത്തിലേക്ക് തള്ളിവിടുന്ന സാഹചര്യത്തിൽ നീലഗിരി ഡെവലൊപ്മെന്റ് സൊസൈറ്റിയുടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സമൂഹത്തിന് പ്രത്യാശ പകരുമെന്ന് വിശ്വസിക്കുന്നു.

**World Elder Abuse Awarness Day**

മാനസികവും ശാരീരികവും ആയ ഉപദ്രവങ്ങളിൽ നിന്നും അപ്രകാരമുള്ള സാഹചര്യങ്ങളിൽ നിന്നും വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ വിളിച്ചോതുന്ന World Elder Abuse Awarness Day നീലഗിരി ഡെവലൊപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആചരിച്ചു. 'വൃദ്ധ മാതാപിതാക്കളെ പരിചരിക്കുക' എന്ന പുണ്യം ആയിരിക്കും നമ്മുടെ ജീവിതത്തെ മനോഹരമാക്കുന്നത്. അവർകൊണ്ട വെയിലാണ് നാമിന്ന് അനുഭവിക്കുന്ന തണൽ. അവർക്കുള്ള ഇടം നമ്മുടെ ഹൃദയങ്ങളിൽ ആണ്. ശരണാലയങ്ങളിൽ അല്ല. ഈ അവബോധം എല്ലാവരിലും എത്തിക്കുന്നതിനായി നിർമ്മിച്ച ഡോക്യുമെന്ററി യൂണിറ്റുകൾ വഴി എല്ലാ അംഗങ്ങളിലുമെത്തിച്ചു.

**ബാലവേല വിരുദ്ധ ദിനാചരണം**

കുട്ടികൾ സ്വപ്നങ്ങൾ പണിയേണ്ടവരാണ് എന്ന ഓർമ്മപ്പെടുത്തലുമായി മറ്റൊരു ബാലവേലവിരുദ്ധ ദിനം കൂടി കടന്നുപോയി. നീലഗിരി ഡെവലൊപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള യൂണിറ്റുകളിലെല്ലാം ബാലവേല വിരുദ്ധ ദിനത്തിന്റെ പ്രാധാന്യം ഓർമ്മപെടുത്തിക്കൊണ്ടുള്ള പോസ്റ്ററുകൾ തയ്യാറാക്കി .

**ഇവാലുവേഷൻ മീറ്റിംഗ്**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നിറുത്തിവച്ചിരുന്ന ഇവാലുവേഷൻ മീറ്റിംഗ് വീണ്ടും ആരംഭിച്ചു. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ഓഗസ്റ്റ് ഏഴാം തീയതി ഇവാലുവേഷൻ മീറ്റിംഗ് NDS ഓഫീസിൽ വെച്ച് 3 ന് നടത്തപ്പെട്ടു. മേഖലാ കോഡിനേറ്റർ ശ്രീ. ലിൻറ്റോ ജോൺ മീറ്റിംഗിന് സ്വാഗതം

ആശംസിച്ചു. ഏതൊരു സംഘടനയുടെ വളർച്ചയുടെ വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്നാണ് ഇവാലുവേഷൻ മീറ്റിംഗുകളെന്ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അദ്ധ്യക്ഷപ്രസംഗത്തിൽ ഭാരവാഹികളെ ഓർമ്മിപ്പിച്ചു. യൂണിറ്റുകളുടെയും ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങൾ കുറേകൂടി സജീവമാക്കുവാനും ഓരോ പ്രദേശത്തെയും ആവശ്യങ്ങൾക്കനുസൃതമായി ക്രിയാത്മകമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും അച്ചൻ യൂണിറ്റ് ഭാരവാഹികളോട് ആഹ്വാനം ചെയ്തു. കോവിഡ് മഹാമാരിയുടെ അനന്തര ഫലങ്ങൾ ഇപ്പോഴും പല രീതിയിൽ ജനങ്ങളെ ബാധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആവശ്യമായ ഇടപെടലുകളും അർഹിക്കുന്നവർക്ക് സഹായങ്ങൾ ചെയ്യുവാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്താൻ അച്ചൻ യൂണിറ്റ് ഭാരവാഹികൾക്ക് നിർദ്ദേശം നൽകി. ആറാട്ടുപാറ, ബോസ്പാറ, കുന്നലാടി, അരുൾനിലയം, മൺവയൽ, ധർമ്മഗിരി, വിമലഗിരി യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ അവതരിപ്പിക്കുകയും മീറ്റിംഗിൽ അതിനെ വിലയിരുത്തി സംസാരിക്കുകയും, യൂണിറ്റുകൾ ചെയ്ത മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**അംഗവൈകല്യം സംഭവിച്ചവർക്കും മറ്റ് ശാരീരിക അവശതകൾ ഉള്ളവർക്കുമുള്ള സഹായ ഉപകരണങ്ങളുടെ വിതരണം**

നീലഗിരി ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പലവിധ ശാരീരിക അവശതകൾ അനുഭവിക്കുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു. ഗൂഡല്ലൂരിലെ കയ്യൂന്നി, കൽപ്ര, അരുൾനിലയം, വിമലഗിരി, ധർമഗിരി, മൺവയൽ, ബോസ്പാറ, ആറാട്ടുപാറ, പനംചിറ, കുന്നലാടി, ബെക്കി, ദേവാല, നാടുകാണി പ്രദേശങ്ങളിലെ അംഗവൈകല്യം സംഭവിച്ചവർ, മറ്റ് ശാരീരിക അവശതകൾ അനുഭവിക്കുന്നവർ എന്നിവരെ ആണ് ഇതിനായി പരിഗണിച്ചത്. വീൽ ചെയർ, ട്രൈപോഡ് വാക്കിങ് സ്റ്റിക്, ക്രച്ചസ്, വാക്കർ, അഡൾട്ട് ഡയപ്പെർ, വാട്ടർ ബെഡ്, എയർ ബെഡ് എന്നിവ ആണ് വിതരണം ചെയ്തത്. വിവിധ യൂണിറ്റുകളുടെ സഹായത്തോടെ ഇത്തരം ഉപകരണങ്ങൾ ആവശ്യമായിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി ജാതി മത ഭേദമന്യേ വിതരണം ചെയ്യാനുള്ള തീരുമാനം NDS ഈപ്രദേശങ്ങളിൽ പങ്കുവെക്കുന്ന ക്രിസ്തീയസ്നേഹസംസ്ക്കാരത്തിന്റെ മകുടോദാഹരണമാണ്.

**സ്വാതന്ത്ര്യ ദിനാഘോഷം**

ഭാരതത്തിന്റെ എഴുപത്തി അഞ്ചാം സ്വാതന്ത്ര്യദിനം വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ആഘോഷിച്ചു. കോവിഡ് പ്രോട്ടോകോൾ പാലിച്ചു യൂണിറ്റുകളിൽ ദേശീയ പതാക ഉയർത്തി.

**പുതിയ ട്രെയിനിങ് സെന്ററിന്റെയും ചാപ്പലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ**

നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റിയുടെ ഭാവി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കുന്ന ട്രെയിനിങ് സെന്ററിന്റെയും ചാപ്പലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഏകദേശം മുന്നൂറോളം ആളുകളെ പങ്കെടുപ്പിച്ചു പരിപാടികൾ ക്രമീകരിക്കാനുള്ള സൗകര്യം ട്രെയിനിങ് ഹാളിനുണ്ട്.

**CEI പ്രോജക്ട് : പശുലോൺ തിരിച്ചടവ്**

CEI പ്രോജക്ടിലൂടെ വിതരണം ചെയ്ത പശു ലോണുകളുടെ കഴിഞ്ഞ മാസങ്ങളിലെ തിരിച്ചടവ് മുതലായി 197000.00 (ഒരുലക്ഷത്തിതൊണ്ണൂറ്റി ഏഴായിരംരൂപ) സമാഹരിച്ചു. കോവിഡ് മഹാമാരിയുടെ ഈ നാളുകളിൽ ഇനിയും വ്യത്യസ്തമായ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ നീലഗിരി മേഖലയിലെ ജനമനസുകളിലേക്ക് ആശ്വാസത്തിന്റെയും, പ്രതീക്ഷയുടെയും കിരണം തെളിക്കുവാനും അതുവഴി അവരുടെ ജീവിത സാഹചര്യങ്ങളെ ഇനിയും മെച്ചപ്പെടുത്തുവാനും നീലഗിരി ഡെവലൊപ്മെന്റ് സൊസൈറ്റിക്ക് കഴിയുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജനറൽ ബോഡി**

വെബിനാർ സീരീസ് - തുടർവിദ്യാഭ്യാസം എങ്ങനെ? 10,11,12 ക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്നവരും പന്ത്രണ്ടാം ക്ലാസ്സ് പൂർത്തിയാക്കിയവരുമായ വിദ്യാർത്ഥികൾക്കായി ''തുടർവിദ്യാഭ്യാസം എങ്ങനെ?'' എന്ന പേരിൽ ഫെഡാർ ഫൗണ്ടേഷൻ ഒരു വെബിനാർ സീരീസ് സംഘടിപ്പിച്ചു. ആഗസ്റ്റ് 9 മുതൽ 12 വരെ നടന്ന വെബിനാർ സീരിസിൽ നാല് മേഖലകൾ ചർച്ച ചെയ്യപ്പെട്ടു. എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി എന്ന വിഷയത്തിൽ റവ. ഡോ. ജോസ് കണ്ണമ്പുഴയും, സയൻസ്, ആർട്സ്, ഹ്യുമാനിറ്റീസ് മേഖലകളെക്കുറിച്ച് ഡോ. ഐസക് തോമസും , മെഡിക്കൽ മേഖലയിലെ വിവിധ സാദ്ധ്യതകളെക്കുറിച്ച് റവ. ഡോ. ജോൺ തെക്കേക്കരയും, കൊമേഴ്സ്, ബിസിനസ് സംരംഭങ്ങൾ എന്ന വിഷയത്തിൽ സി.എ. ടി.പി. പോളും സെഷനുകൾ നയിച്ചു. ശ്രീ. സനീഷ് അഗസ്റ്റിൻ ഇന്ററാക്ടീവ് സെഷനുകളിൽ സഹായിച്ചു. വിവിധ മേഖലകളിലേക്ക് പഠനതാത്പര്യങ്ങളുമായി നീങ്ങുന്ന കുട്ടികൾക്ക് വിവിധ സംശയങ്ങൾ പരിഹരിക്കാനും വെബിനാർ സഹായകമായി.

**ഫെഡാർ അംബാസഡേഴ്സ് കോൺക്ലേവ്**

ഓരോ ഫൊറോനകളിലും ഫെഡാറിന്റെ ഉത്തരവാദിത്വം വഹിക്കുന്ന ക്ലസ്റ്റർ ഹെഡ് ആയി നിയമിതരായ വൈദികരുടെയും അസിസ്റ്റന്റ് വികാരിയച്ചന്മാരുടെയും (ഫെഡാർ അംബാസഡേഴ്സ്) പ്രഥമസമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ഫെഡാർ സി.ഓ.ഓ. ഫാ. ജോസ് കൊച്ചറയ്ക്കൽ സ്വാഗതം ആശംസിക്കുകയും ബിഷപ് ജോസ് പൊരുന്നേടം ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് ഫെഡാർ ഫൗണ്ടേഷന്റെ പ്രവർത്തനരീതി, ശൈലി, ഉള്ളടക്കം എന്നിവ പരിചയപ്പെടുത്തി. ക്ലസ്റ്റർ ഹെഡുമാരുടെയും ഫെഡാർ അംബാസഡേഴ്സിന്റെയും ഉത്തരവാദിത്വങ്ങളും ചുമതലകളും വിശദീകരിച്ചു. ഉച്ചക്ക് ശേഷം ഫെഡാർ ഫൗണ്ടേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ അറിഞ്ഞിരിക്കേ അനിവാര്യമായ ഐടി ടൂളുകൾ പരിചയപ്പെടുത്തുകയും പരിശീലനം നല്കുകയും ചെയ്തു.

**ജർമ്മൻ കോഴ്സ്**

നഴ്സിംഗ് കഴിഞ്ഞവർക്ക് പ്രത്യേകിച്ച് അനുഭവപരിചയമില്ലാതെ തന്നെ ജർമ്മനിയിലേക്ക് ജോലിക്കായി പോകാനുള്ള സാദ്ധ്യതകൾ ഇപ്പോൾ വളരെയധികമാണ്. മറ്റ് കോഴ്സുകൾ ചെയ്യുന്നവർക്കും സാദ്ധ്യതകളുണ്ട്. ഈ സാദ്ധ്യത ഉപയോഗപ്പെടുത്തുന്നതിനായി കോഴ്സുകൾ പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ തന്നെ ജർമ്മൻ ഭാഷയും ഓൺലൈനായി പഠിക്കുന്നതിനുള്ള അവസരം ഫെഡാർ ഒരുക്കുന്നു. ജർമ്മൻ ഭാഷാ പരിജ്ഞാനം അളക്കുന്നതിനുള്ള ആദ്യ രണ്ടു ലെവലുകളാണ് (A1, A2) ഇപ്പോൾ പരിശീലനം നല്കുന്നത്. 12000 രൂപയാണ് രണ്ട് ലെവലിനുമായി ഫീസ് നല്കേണ്ടത്. രണ്ടു ലെവലും പഠിച്ച് പരീക്ഷ പാസാകുന്ന കുട്ടികൾക്ക് ഫീസിന്റെ അമ്പത് ശതമാനം സ്കോളർഷിപ്പായി നല്കുന്നതാണ്. ഇപ്പോൾ രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുന്നു. സെപ്തംബർ മാസത്തിൽ ക്ലാസ്സുകൾ ആരംഭിക്കും. മാനന്തവാടി രൂപതാ മൈനർ സെമിനാരി റെക്ടർ റവ. ഡോ. സജി നെടുങ്കല്ലേൽ ആയിരിക്കും കോഴ്സ് ഡയറക്ടർ. ഓഗസ്റ്റ് 16 തിങ്കളാഴ്ച ഓൺലൈനായി നടന്ന വൈദിക സമ്മേളനത്തിൽ അഭി. പിതാവ് ഫെഡാർ ഫൗണ്ടേഷനുമായി ബന്ധപ്പെട്ട് ഇടവക, ഫൊറോനാ തലത്തിൽ അടിയന്തിരമായി ചെയ്യണമെന്ന് ആവശ്യപ്പെട്ട കാര്യങ്ങൾ.

1. ഫൊറോനകൾ ക്ലസ്റ്ററുകൾ എന്ന് അറിയപ്പെടും. ഫൊറോനാ വികാരി ക്ലസ്റ്റർ ഡീൻ ആയിരിക്കും.

2. ഓരോ ഫൊറോനയിലെയും ക്ലസ്റ്റർ ഹെഡ് അഭിവന്ദ്യ പിതാവിനാൽ നിയമിതനായ ഒരു വൈദികനായിരിക്കും. ഫൊറോനയിൽ അസി. വികാരിമാർ ഫെഡാർ അംബാസഡേഴ്സ് ആയിരിക്കും. ക്ലസ്റ്റർ കോഡിനേറ്റേഴ്സായി മൂന്നോ നാലോ പരിചയസമ്പന്നരായ അത്മായരെ ഉൾപ്പെടുത്തി ക്ലസ്റ്റർ തല സമിതി (ക്ലസ്റ്റർ മാനേജ്മെന്റ് സിസ്റ്റം) രൂപപ്പെടുത്തണം. എല്ലാ ഇടവകയിലും ഇടവകയുടെ വലുപ്പമനുസരിച്ച് ഒന്നോ രണ്ടോ പാരിഷ് കോഡിനേറ്റേഴ്സിനെ കണ്ടെത്തി പരിശീലനം നല്കണം.

3. ക്ലസ്റ്റർ ഡീനും ക്ലസ്റ്റർ ഹെഡും അംബാസഡേഴ്സും ചേർന്ന് ഫൊറോനാ കോഡിനേറ്റേഴ്സിനെ (മൂന്നോ നാലോ അത്മായർ) കണ്ടെത്തുകയും ഓരോ ഫൊറോനായിലെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കുകയും ചെയ്യുക.

4. വികാരിയച്ചന്മാരുടെ സഹായത്തോടു കൂടി ഇടവകകളിലെ കോഡിനേറ്റേഴ്സിനെ എത്രയും വേഗം കണ്ടെത്തുകയും ഒന്നോ രണ്ടോ ക്ലസ്റ്ററുകൾ സംയുക്തമായി അവരുടെ പരിശീലനപരിപാടി ആസൂത്രണം ചെയ്യുകയും ചെയ്യുക. ഓഗസ്റ്റ് അവസാനത്തെ ആഴ്ച

മുതൽ ആരംഭിക്കുന്ന അവരുടെ പരിശീലനപരിപാടികൾക്ക് ഫെഡാർ സെൻട്രൽ ടീം നേതൃത്വം നല്കുന്നതായിരിക്കും.

5. ഔദ്യോഗികമായി പത്ത്, പതിനൊന്ന് ക്ലാസ്സിലെ കുട്ടികളെയാണ് ഫെഡാർ എൻറോൾ ചെയ്യുന്നതെങ്കിലും ഈ വർഷത്തെ പന്ത്രണ്ടാം ക്ലാസ്സ് കുട്ടികൾക്കായി ഒരു സ്പെഷ്യൽ പ്രോഗ്രാം ക്രമീകരിക്കുന്നുണ്ട്. അതിനാൽ എത്രയും വേഗം ക്ലസ്റ്റർ തല സമിതികളുടെ രൂപീകരണവും പരിശീലനപരിപാടിയും നടത്തേണ്ടതാണ്.

6. പത്ത്, പതിനൊന്ന് ക്ലാസ്സിലെ കുട്ടികളുടെ എൻറോൾമെന്റിന് ആമുഖമായി കുട്ടിയും ഒരു പേരന്റും ഉൾപ്പെടുന്ന ഓറിയന്റേഷൻ പ്രോഗ്രാമുകൾ ചെറിയ ഗ്രൂപ്പുകളിലായി ക്ലസ്റ്ററുകളിൽ നടത്തേണ്ടതാണ്. അതിനുള്ള ക്രമീകരണങ്ങളും സ്ഥലങ്ങളും നിശ്ചയിക്കുക. അത് ക്ലസ്റ്റർ ടീം തന്നെ ചെയ്യേണ്ടതാണ്.

**7. ഇടവകകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

* പാരിഷ് ഡാറ്റാബേസ് അപ്ഡേറ്റായി സൂക്ഷിക്കാൻ ശ്രദ്ധിക്കുക.

* ക്ലസ്റ്റർ ഡീനും ക്ലസ്റ്റർ ഹെഡുമായി സഹകരിച്ച് ഇടവകയിൽ ഫെഡാറിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പാരിഷ് കോഡിനേറ്ററെ കണ്ടെത്തുക.

* പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികളുടെ ഡാറ്റയിൽ കുറച്ച് കാര്യങ്ങൾ കൂട്ടിച്ചേർക്കണം. അതിനായി സ്റ്റുഡന്റ്സ് എന്ന പുതിയ ഒരു മൊഡ്യൂൾ പാരിഷ് ഡാറ്റാബേസിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. അതിൽ ഓരോ കുട്ടിയെയും പേരിന്റേയോ ജനിച്ച വർഷത്തിന്റെയോ യൂണിറ്റിന്റെയോ ഒക്കെ അടിസ്ഥാനത്തിൽ കണ്ടെത്താം. ഓരോ കുട്ടിയുടെയും പേരിന് നേരെ അപ്ഡേറ്റ് എന്ന ഓപ്ഷന് ഉണ്ടായിരിക്കും. ജനനത്തിയതി, മാമ്മോദീസാ തിയതി, സ്വന്തം ഈമെയിൽ (ജിമെയിൽ വേണം) മൊബൈൽ നമ്പർ, പഠിക്കുന്ന ക്ലാസ്സുമായി ബന്ധപ്പെട്ട കുറച്ച് കാര്യങ്ങൾ എന്നിവയാണ് ചേർക്കേണ്ടത്. ഇത്രയും കാര്യങ്ങൾ കൃത്യമായാൽ മാത്രമാണ് മതബോധനത്തിന് കുട്ടികളുടെ പരീക്ഷാരജിസ്ട്രേഷൻ സംബന്ധിച്ച കാര്യങ്ങൾക്കും ഫെഡാറിന് കുട്ടികളുടെ എൻറോൾമെന്റ് സംബന്ധമായ കാര്യങ്ങൾക്കും കഴിയുകയുള്ളൂ.

* ഇത്തരത്തിൽ പാരിഷ് ഡാറ്റാ ബേസ് അപ്ഡേറ്റ് ചെയ്യുന്നതിനായി പാരിഷ് കോഡിനേറ്റേഴ്സിനെയോ സാങ്കേതികപരിചയമുള്ള ചെറുപ്പക്കാരെയോ ഉപയോഗപ്പെടുത്താവുന്നതാണ്.

**ഫാ. നോബിൾ തോമസ് പാറയ്ക്കൽ**

സി.ഇ.ഒ., ഫെഡാർ ഫൗണ്ടേഷൻ

## Mary Matha Arts & Science College

**July-August 2021**

• Sixth Semester Degree examinations results were published on 3rd August 2021. Average pass percentage of our college was 64.44%. The Department of Zoology did the best among the departments, securing a pass percent of 91%.

• Mary Matha Arts and Science College, Mananthavady, appointed seven permanent Assistant Professors in the month of July2021.

| Sl. No. | Name | Department | Date of Appointment |
|---|---|---|---|
| 1 | Jerin George | Zoology | 22-07-2021 |
| 2 | Sijo A K | Physics | 23-07-2021 |
| 3 | Akhila B Edathazhe | Physics | 23-07-2021 |
| 4 | Tancy V S | Computer Science | 26-07-2021 |
| 5 | MidhunShaji | Computer Science | 26-07-2021 |
| 6 | Elizabeth M J | Computer Science | 26-07-2021 |
| 7 | Eldho K J | Computer Science | 26-07-2021 |

• An Induction Programme for the Newly Appointed Teachers was organisd by IQAC on 4th & 5th August 2021. The programme was inaugurated by His Excellency Mar Dr. Jose Porunnedom, Bishop of the Dioceses of Mananthavady and a keynote address was given by His Excellency on the topic Understanding Higher Education – Global Perspectives.

Various other sessions were also conducted:

i. Topic : Duties and Responsibilities of a Teacher : Dr. Jose K.M., Principal(Rtd), NMSM Government College, Kalpetta

ii. Topic: CAS Promotion under UGC Regulations 2018 : Dr. Thomas Monoth, Head, Dept. of Computer Science, Mary Matha Arts and Science College

iii. Topic: Roadmap to Organizational Excellence - Vision, Goal and Strategies of the Institution -: Rev Fr George Myladoor, (Manager, Mary Matha Arts and Science College, Mananthavady)

iv. Topic: Role of a Teacher in Institutional Quality Enhancement : Dr. Ramya Krishnan M, IQAC Co-ordinator.

v. Topic: Kerala Service Rules : Speakers: Dr. Maria Martin Joseph (Principal), Mr. Joy Joseph (Superintendent), Mr George Sebastian (Head Accountant) Mr. Johnson C. J (Administrative Staff).

vi. Topic: From Vision to Strategy-Trends and Challenges of Higher Education, Role and responsibilities of the faculty members in Institutional planning & development: Dr. Maria Martin Joseph (Principal)

vii. Topic: Teaching and Learning in the New Normal -Curriculum and Pedagogy, Research and Professional Development, Mentoring and Counselling, Values, Ethics and Environmental Consciousness: Dr. Maria Martin Joseph (Principal)

• IQAC organized a webinar on Gender Relation and Gender Laws in association with Child Development Department, Government of Kerala on 30th July 2021.

• Nine teachers of our College were nominated to different Board of Studies of Kannur University.

• Yoga Team of our college won the Kannur University Inter Collegiate Yoga Championship (both in men and women category). 5 students were selected to the Kannur University Yogasana Team.

1. Department of English: Organised a seminar on the topic ‘The Essentials of Academic Writing’, on 4th August 2021. Mr. Sijo Mathew Asssistant Professor of English, Govt. College, Mananthavady, was the resource person.

2. Department of Commerce: Organised a webinar on the topic “Need for Financial Literacy” in connection with National Financial

Awareness Day on 14th August 2021. Mr. Sobin Varghese, Assistant Professor, P.G.Department of Commerce, N.M.S.M. Govt. College Kalpetta was the resource person.

3. Department of Mathematics: Conducted a webinar on ‘Geometry of Nature’ on 30th July 2021.

4. NCC : Observed Hiroshima Day on 6th August 2021. As part of that Poster making and video making competitions were conducted. Observed Nagasaki Day on 9th August 2021 & Observed Quit India Day on 9th August 2021.

5. Women’s cell: Conducted a webinar on dowry prohibition on 27th July 2021 in association with IQAC and Taluk Legal Services Committee, Mananthavady.

6. Mrs. LishaA, Mr.Bibin Jose and Mr.Sabu O.J: Completed Online Two - Week Refresher Course / Faculty Development Programme in Computer Science on The Theme “Next Generation Technologies” Organized by Teaching Learning Centre, Ramanujan College University of Delhi (29 June - 13 July, 2021).

7. Dr. Ramya Krishnan M., Mrs. Rajitha Xavior, Mr. Midhun Shaji and Ms. Tancy V S: Attended “Online Webinar on Multidisciplinary & Holistic Education” organized by UGC-HRDC, Gujarat University on 02nd August.

8. Dr. Ramya Krishnan M.

• Attended a webinar on the topic “Redefining business models in the pandemic time” Organised by PG Department of Commerce, NMSM Government College Kalpetta on 9th August, 2021.

9. Mr. Binoy Joseph.

• Attended 5 days online training programme on ‘Strengthening Rural Community Governance”, by National Institute of Rural Development and PanchayatiRaj , Ministry of Rural Development, from 26th to 30th July, 2021.

**Maria Martin Joseph**

Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ അധ്യാപകനിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് രൂപീകരണത്തിന്റെ അവസാനഘട്ടം ഓഗസ്റ്റ് 10,11,12 തീയതികളിലായി ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ വെച്ച് നടന്നു. മൂന്നു ദിവസങ്ങളിലായി നടന്ന അഭിമുഖ പരീക്ഷയിൽ മുഴുവൻ ഉദ്യോഗാർത്ഥികളും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു പങ്കെടുത്തു. 2021 മുതൽ 2023 വരെയുള്ള അധ്യാപക നിയമനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമ റാങ്ക് ലിസ്റ്റ് 18/08/2021 ബുധനാഴ്ച പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ C-SMILES വെർച്വൽ പ്ലാറ്റ്ഫോമിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. എൽ. പി വിഭാഗം വിദ്യാർത്ഥികളുടെ പ്രച്ഛന്നവേഷം, യു. പി വിഭാഗത്തിന്റെ മോണോആക്ട്, ഹൈസ്ക്കൂൾ വിഭാഗത്തിന്റെ ദൃശ്യാവിഷ്ക്കാരം ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ ദേശഭക്തിഗാനം എന്നീ മത്സര ഇനങ്ങൾ വിദ്യാർത്ഥികളുടെ മികവുറ്റ പ്രകടനം കൊണ്ടും പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി.

2020-21 അധ്യയനവർഷത്തെ പ്ലസ് ടു പരീക്ഷയിൽ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള ആറ് വിദ്യാലയങ്ങളിലായി വിവിധ സ്ട്രീമുകളിൽ പരീക്ഷയെഴുതിയ 1056 വിദ്യാർത്ഥികളിൽ 990 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹതനേടുകയും 141 വിദ്യാർത്ഥികൾ മുഴുവൻ വിഷയങ്ങൾക്കും A+ നേടുകയും ചെയ്തു. വിജയികളായ ഏവർക്കും അഭിനന്ദനങ്ങൾ. ഈ പ്രതിസന്ധി കാലഘട്ടത്തിലും ഉന്നത വിജയം കരസ്ഥമാക്കാൻ വിദ്യാർത്ഥികളെ ഒരുക്കിയ പ്രധാനാദ്ധ്യാപകർ, അധ്യാപകർ രക്ഷിതാക്കൾ, സ്കൂൾ മാനേജർമാർ ഏവർക്കും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

RNI Reg. No. KERMAL/2010/32222

*2021 September*

Registered KL / TLY / 01 / 16-18

Date of Publication: 28-8-2021

# MANANTHAVADY ROOPATHA BULLETIN

**വാല്യം12 സെപ്റ്റംബർ 2021 ലക്കം 09**

Printed, Published and Edited by
Fr. Thankachan alias Joseph Paruvummel
Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

E-mail: bphmtdy@gmail.com
Website: www.diocesemdy.org